LEGISLATIVE BUSINESS

The Kerala Agrarian Relations Bill, 1957—(*contd.*)

Clause 56. (contd)

[The number within brackets shown against the amendments denotes the number in the list of amendments.]

Mr. Speaker: Smt. Kusumom Joseph was speaking at the time the House adjourned yesterday. I think she has finished her speech.

Has there not been sufficient discussion on Clause 56, and is it not time for the Minister to reply?

Shri K. T. Thomas: Sir, I have moved several amendments, and I have not spoken on them.

Mr. Speaker: Yes; After Shri K. T. Thomas finishes his speech, the Minister will be called upon to reply.

Shri M. P. M. Ahamed Kurikkal: I have also not spoken on my amendments.

Mr. Speaker: But, were not those aspects dealt with by the other speakers?

Shri M. P. M. Ahamed Kurikkal: No; I have something more to state.

Mr. Speaker: That is all right. Now Shri Thomas will speak.

ശ്രീ. കെ. ടി. തോമസ്: സർ, എന്റെ ആദ്യത്തെ ഭേദഗതിയെക്കുറിച്ചു കൂടുതലായി ഇവിടെ എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അക്കാര്യത്തെ സംബന്ധിച്ചു ഇവിടെ നേരത്തെ ചർച്ചചെയ്തു കഴിഞ്ഞു. ആദായത്തിന്റെ അടിസ്ഥാനത്തിൽക്കൂടിയായിരിക്കണം ഭൂമിയുടെ പരിധി നിശ്ചയിക്കേണ്ടതു്. വെറും ഏക്കറിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ പരിധി നിശ്ചയിക്കുന്നതു് അശാസ്ത്രീയമാണ് എന്നുള്ളതിനെപ്പററി ഈ ഭാഗത്തിരിക്കുന്നവരിൽ പലരും പറഞ്ഞുകഴിഞ്ഞു. അടുത്ത ഭേദഗതി 1038-ാം നമ്പർ ഭേദഗതിയാണ്. ഇതു് സ്ത്രീധനവകാശം കണക്കാക്കണം എന്നുള്ളതിനെപ്പററിയാണ് പറയുന്നതു്. സ്ത്രീധനമായി കൊടുത്തിരിക്കുന്ന വസ്തു കുടുംബത്തിന്റെ പരിധിക്കുള്ളിൽ പെടുത്തരുതെന്നാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്. അക്കാര്യത്തെപ്പററി ഗവമെന്റു് പരിഗണിക്കേണ്ടതാണ്. പിന്നത്തെ ഭേദഗതി, ക്രിസ്ത്യാനികളെ സംബന്ധിച്ചും, മുസ്ലീങ്ങളെ സംബന്ധിച്ചും ഭൂമി കണക്കാക്കുമ്പോൾ പിതാക്കന്മാരിൽനിന്നും നേരിട്ടു് ജനനംമുഖേന സ്വത്തു് അവകാശപ്പെടാൻ നിവൃത്തിയില്ലാത്തവർക്കു് അതുകൂടി കണക്കിലെടുത്തുകൊണ്ടുവേണം പരിധി നിർണ്ണയിക്കേണ്ടതു് എന്നു തീരുമാനിക്കുവാനാണ്. അതിനെപ്പററിയും ബഹുമാനപ്പെട്ട മന്ത്രി അനുഭാവപൂർവ്വം പരിഗണിക്കണമെന്നു അപേക്ഷിക്കുന്നു. അടുത്തതു് 1043-ാം നമ്പർ ഭേദഗതിയാണ്. 56 (3)-ാം വകുപ്പും അതിന്റെ എക്സ്പ്ലനേഷനും എടുത്തുകളയണമെന്നുള്ളതാണ് ആ ഭേദഗതി. ഈ വകുപ്പിൽ കമ്പനികളുടെ ഷെയറുകൂടി ഒരു കുടുംബത്തിന്റെ പരിധിയിൽപ്പെടുത്തുമെന്നു പറയുന്നുണ്ടു്. അതു ശരിയല്ല. ഒരു കമ്പനിയിലോ, അല്ലെങ്കിൽ സഹകരണസംഘങ്ങളിലോ ഉള്ള ഷെയറുകൾ ഒരു സ്ഥാവരസ്വത്തല്ല. അതൊരു ജംഗമസ്വത്താണ്. കമ്പനികളിലെ ഓഹരി ഭൂപരിധിയുടെ ഒരു ഘടകമായി സ്വീകരിക്കപ്പെടുമെങ്കിൽ സ്വർണ്ണാഭരണങ്ങളേക്കൂടി എന്തുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. തോമസ്]

അതിൽപ്പെടുത്തുന്നില്ലാ എന്നാണു് ഞാൻ ചോദിക്കുന്നതു്. പോരെങ്കിൽ ഈ ഷെയറുകൾ അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനു് വിധേയമായിട്ടുള്ളതല്ല. അതു് സെൻട്രൽ ഇൻകംടാക്സിനു വിധേയമാണു്. അതുകൊണ്ടു് ഷെയറുകൾ പരിധി നിർണ്ണയിക്കുമ്പോൾ പരിഗണിക്കപ്പെടുമെന്നുള്ള ആ വകുപ്പു് ഒരിക്കലും ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പ്ലാന്റേഷൻ സംബന്ധിച്ചുള്ള കമ്പനികളിലെ ഷെയർ കണക്കാക്കുകയില്ല എന്ന മിനിസ്റ്ററുടെ ഭേദഗതി കണ്ടോ?

ശ്രീ. കെ. ടി. തോമസ്: പ്ലാന്റേഷന്റെ കാര്യം ഇതിൽ വന്നിട്ടില്ല. ഏതെങ്കിലും ഒരു കമ്പനിയിലെ ഷെയറുകാരനു് ആ ഷെയർ വീതപ്രകാരം ഭാഗിച്ചുതരണമെന്നു് ആവശ്യപ്പെടാവുന്നതുമല്ല. ഇതിലെ (2)-ാം ഉപവകുപ്പും, (3)-ാം ഉപവകുപ്പും എടുത്തുകളയേണ്ടതാണു്. സർ, ഞാൻ ഇനി 59-ാം വകുപ്പു് (2)-ാം ഉപവകുപ്പു് Explanation II വിലേയ്ക്കു് അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണു്. " Explanation II—"Where land is to be surrendered is owned or held by two or more persons jointly whether or not as members of a company, Co-operative Society, firm or other body of individuals or of an Institution or of a joint Hindu family, Marumakkathayam Tarwad, Aliyasanthana family or Nambudiri Illom, the identity of the same shall be indicated with the concurrenec of all the persons who own or hold such land. "

ഈ എക്സ്പ്ലനേഷനിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവർത്തിക്കുവാൻ സാദ്ധ്യമാണോ? ഒരു കമ്പനിയിൽ ഷെയറുള്ള ആരും തന്റെ വീതപ്രകാരം ആ കമ്പനിയുടെ സ്വത്തിനെ അവകാശപ്പെടുന്നവനാണെന്നു എങ്ങനെ തീരുമാനിക്കും? പതിനായിരം ഷെയറുള്ളതും 500 ഏക്കറുള്ളതുമായ ഒരു തേയിലത്തോട്ടം ആണെന്നു വിചാരിക്കുക. അതിൽ 2,000 ഷെയറുകാർ ഉണ്ടെങ്കിൽ അതിൽനിന്നു് ഒരാളിന്റെ ഓഹരിക്കായി വീതിക്കാൻ കിട്ടുന്നതു് പത്തോ, പതിനഞ്ചോ തേയിലച്ചെടികളായിരിക്കും. ഈ ഓഹരിതന്നെ മററുള്ളവരുടെ അനുവാദത്തോടുകൂടി മാത്രമേ അവർക്കു് അവകാശപ്പെടാൻ അർഹതയുള്ളതാനും. അതിനു് നിയമപ്രകാരം യാതൊരവകാശവുമില്ല. അതുപോലെതന്നെ ഈ കമ്പനികളിലെ വസ്തുക്കൾ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അനുസരിച്ചു് ഇഷ്ടമുള്ളവർക്കു് കൈമാററം ചെയ്യാവുന്നതോ, അല്ലെങ്കിൽ ഗവണ്മെന്റു് ഇഷ്ടംപോലെ പ്രവർത്തിക്കത്തക്കവിധത്തിൽ ഷെയറുകൾക്കു് രൂപഭേദം വരുത്താവുന്നതോ അല്ല. 'അതിനാൽ ഈ എക്സ്പ്ലനേഷനിൽ പെടുത്തിയിരിക്കുന്നവിധം കമ്പനികളിലെ ഷെയറുകൾകൂടി പരിധിയുടെ കാര്യത്തിൽ ഉൾപ്പെടുത്തുന്നതു് അപ്രായോഗികവും, നിയമവിരുദ്ധവും ആണെന്നുള്ളതിനു തർക്കമില്ല. ഈ വകുപ്പു് പ്രയോഗത്തിൽ കൊണ്ടുവരാൻ സാദ്ധ്യമല്ല.

അടുത്തതായി, 1060-മത്തെ ഭേദഗതിയെപ്പററിയാണു്. സബ്ക്ലാസ്സ് 56 (4) എടുത്തുകളയണമെന്നുള്ളതാണു് ആ ഭേദഗതി. ഗവണ്മെന്റു് പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷനുശേഷം ഏതെങ്കിലും ഭൂമി കൺവർട്ടു ചെയ്തിട്ടുണ്ടെങ്കിൽ അത്തരം കൺവർഷനെ കണക്കാക്കുകയില്ലെന്നാണു് ഇതിൽ പറയുന്നതു്. ഇതു് ജനാധിപത്യരീതിക്കു് പററിയ ഒരു സമ്പ്രദായമല്ല. ഒരു ഭൂമി എന്തു ചെയ്യണമെന്നു് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം ഭൂവുടമസ്ഥനുണ്ടു്. അതിനെ നിഷേധിക്കുന്ന ഇതുപോലെയുള്ള ഒരു വകുപ്പു് ഈ ബില്ലിൽ വച്ചിരിക്കുന്നതു് ശരിയല്ല. അതുകൊണ്ടു് ആ കാര്യത്തെപ്പററിയും മന്ത്രി ശ്രദ്ധിക്കണം. പിന്നീടു് സപ്ലിമെന്ററി ലിസ്റ്റിൽ ഒരു ഭേദഗതിയുണ്ടു്.

"In clause 56 (b), substitute '15' instead of '$7\frac{1}{2}$'" (Amendment No. 135 in consolidated list No. 2)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് ആ ഭേദഗതി. അഡൽട്ട് അൺമാരീഡ് പേഴ്സൻസിനെ സംബന്ധിച്ച് ഉള്ള ഒരു ഭേദഗതിയാണ്. അതു് കുറെക്കൂടി പരിഗണന അർഹിക്കുന്ന ഭേദഗതിയാണെന്നു് പറയാതെ തരമില്ല. ഇപ്പോൾ വിവാഹം കഴിക്കാതിരിക്കുകയും, കുറെയധികം കാലത്തേക്കു് വിവാഹം കഴിക്കാതിരിക്കുകയും ചെയ്യുന്ന ആളുകൾ ഉണ്ടു്. വളരെക്കാലം കഴിഞ്ഞു് അയാൾക്കു് ഒരു വിവാഹം കഴിക്കണമെന്നു തോന്നിയാൽ അന്നു അയാൾക്കാനുകൂല്യം ലഭിക്കാത്ത വിധത്തിലുള്ള ഒരു വ്യവസ്ഥയാണ് ഇപ്പോൾ ഇതിലുള്ളതു്. വളരെ പ്രായമായിക്കഴിഞ്ഞതിന്റെ ശേഷം ഒരാൾ കല്യാണം കഴിക്കുന്നു; അയാൾക്കു് കുട്ടികളുമുണ്ടാകുന്നു. അങ്ങനെയുള്ള ആളുകളുടെ അവകാശം നഷ്ടപ്പെടുത്തുന്നതു ശരിയല്ല. എന്റെ ഈ ഭേദഗതി വേറെ ചിലയാളുകളേയും സ്പർശിക്കുന്നുണ്ടു്. ചിലർ കല്യാണമേ വേണ്ടാ എന്നുവച്ചിരിക്കും; അയാൾക്കു അമ്മയോ, മററുള്ളവരോ കാണുകയുമില്ല. ചില സന്യാസിമാരുണ്ടു്, അവർക്കു് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുകയും, സാമൂഹ്യസേവനം നടത്തുകയും മററുള്ളവരെ സംരക്ഷിക്കുകയും ചെയ്യേണ്ട ആവശ്യങ്ങൾ ഉണ്ടാകും. അങ്ങനെയുള്ളവരെയും എന്റെ ഈ ഭേദഗതി സംരക്ഷിക്കുന്നതാണു്. അതും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ: സർ, എന്റെ 1051-ം, 1052-ം ഭേദഗതികളെ സംബന്ധിച്ചു് വളരെയധികം ചർച്ചകൾ ഇവിടെ നടന്നു കഴിഞ്ഞു. ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾ അൺഡിവൈഡഡ് ഫാമിലികളാണു്. അവരുടെ ഫാമിലിയിൽപ്പെട്ട സ്വത്തുക്കൾ പ്രത്യേകമില്ല. അവർക്കു് അച്ഛന്റെ സ്വത്തിനു യാതൊരവകാശവുമില്ല. അങ്ങനെയുള്ളവർക്കു് സീലിംഗിന്റെ യാതൊരു സംരക്ഷണവും ലഭിക്കുന്നില്ല. അവർക്കുംകൂടി പരിരക്ഷ നൽകണം. അതിനെ സംബന്ധിച്ചു് ഗവണ്മെന്റിനു് ബോദ്ധ്യം വന്നിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം.

1053-ാം നമ്പർ ഭേദഗതിയെക്കുറിച്ചാണു് ഇനി എനിക്കു് പറയുവാനുള്ളതു്. അതു് നിസ്സാരമായ ഒരു ഭേദഗതിയാണെന്നു തോന്നാമെങ്കിലും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതി അതിലുണ്ടു്. ഈ നിയമം ഇവിടെ അവതരിപ്പിച്ചിട്ടു് രണ്ടുകൊല്ലത്തിലധികമായി. ഇതിലെ പല വകുപ്പുകൾക്കും റിട്രോസ്പെക്റ്റീവ് ഇഫെക്റ്റു കൊടുത്തിട്ടുണ്ടു്. 1957 ഏപ്രിൽ 11-ാം തീയതിക്കു മുമ്പുള്ള കാര്യങ്ങളെ സംബന്ധിച്ചും ബാധകമാക്കണമെന്നാണു് ബില്ലിൽ പറയുന്നതു്. ഈ ബിൽ ഇവിടെ അവതരിപ്പിച്ചതിനു ശേഷം തരിശായി കിടക്കുന്ന ഭൂമിയിൽ, വല്ല തെങ്ങോ, അടയ്ക്കാമരമോ ആരെങ്കിലും വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് ഒരു തോട്ടമായി പരിഗണിക്കുകയാണെങ്കിൽ ആ വസ്തു ഉടമസ്ഥനു് മുപ്പത്തേഴര ഏക്കർ സ്ഥലം മാത്രമേ കിട്ടാൻ അവകാശമുണ്ടായിരിക്കുകയുള്ളു. ബില്ലു പാസ്സായാൽത്തന്നെ പ്രസിഡൻറിന്റെ അനുമതി കിട്ടുന്നതിനും, അതു കിട്ടിക്കഴിഞ്ഞാൽ പിന്നെയുള്ള ഗുലാമാലകളെല്ലാം കഴിഞ്ഞു് അതു നടപ്പിൽ വരുത്തുന്നതിനും എത്ര കുറഞ്ഞാലും നാലഞ്ചു കൊല്ലം വേണ്ടിവന്നേക്കാം. ഈ നാലഞ്ചു കൊല്ലങ്ങൾക്കിടയ്ക്കു് ഒരുപ്പൂനിലം, ഇരുപ്പൂനിലമാക്കാനോ, തരിശു സ്ഥലങ്ങൾ പറമ്പുകളാക്കാനോ ആരും ശ്രമിക്കാത്ത രീതിയിൽ നിയമങ്ങൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ടോ എന്നു് ആലോചിക്കേണ്ടതാണു് ഇക്കാലത്തിനുള്ളിൽ ഭാഗം ചെയ്തു സ്ഥലങ്ങൾ കിട്ടിയിരിക്കും. ആ സ്ഥലത്തു് ആർക്കും ഒരദ്ധ്വാനവും ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതി ഉണ്ടാക്കരുതു്. അതുകൊണ്ടു് ഈ ഭേദഗതി അംഗീകരിക്കണം എന്നാണു് എനിക്കു പറയുവാനുള്ളതു്.

അഞ്ചു് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിനു് 15 ഏക്കർ ഡബിൾക്രാപ്പ് നിലമാണു് വച്ചിരിക്കുന്നതു്. അഞ്ചംഗങ്ങളിൽ കൂടുതൽ ഉണ്ടെങ്കിൽ കൂടുതലുള്ള ഒരംഗത്തിനു് ഒരേക്കർ ഡബിൾക്രാപ്പ് നിലം വീതം കൊടുക്കണമെന്നാണു് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. കൂടുതലുള്ള അംഗത്തിനു് രണ്ടേക്കർ ഡബിൾക്രാപ്പ് നിലം കൊടുക്കണമെന്നാണു് ഞാൻ ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നതു്. ഒരു കുടുംബത്തിലുള്ള അഞ്ചംഗങ്ങളിൽ ഒരു കൊല്ലം കഴി

[ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ]

ഞ്ഞാൽ മേജറായിത്തീരുന്ന കുട്ടികളുണ്ടാകും. മേജറാകുകയാണെങ്കിൽ ഏഴര ഏക്കർ ഡബിൾക്രോപ്പ് നിലം കിട്ടുവാൻ അവകാശമുണ്ട്. അതുകൊണ്ട് അതിൽ കൂടുതൽ ഒരു കുടുംബത്തിലുള്ള അംഗങ്ങൾക്ക് രണ്ടേക്കർ വീതം കൊടുക്കണമെന്നാണ് ഞാനഭ്യർത്ഥിക്കുന്നത്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഞാൻ അവതരിപ്പിക്കുന്ന 147-ാമത്തെ ഭേദഗതി ഇതാണ്.

"In clause 56, sub-clause (4) in line 2, between the words 'class of land' and 'has been converted' insert the words 'specified in clauses (i), (ii), (iii) or (iv) of sub-section (9) of Section 2"

(Amendment No. 147 in Consolidated List No. 2).

ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് ക്ലാസിഫിക്കേഷൻ ഓഫ് ലാൻഡ് ഗവണ്മെന്റ് അംഗീകരിക്കുവാൻ ഇടയില്ലെന്നു കരുതിയാണ്. ഈ ബില്ലിൽ മന്ത്രി ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ക്ലാസിഫിക്കേഷൻ കുറെക്കൂടി വ്യക്തമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഡബിൾക്രോപ്പ് നിലത്തിന്റെ ഡെഫിനിഷനിൽ മൂന്നു നാലുതരം ഭൂമികളെപ്പററി പറയുന്നുണ്ട്. ഈ മൂന്നുനാലു തരം ഭൂമികളിൽ ഓരോ ക്ലാസിലുംപെട്ട ഭൂമികൾ ഇന്നതെന്ന് തിരിച്ചുപറയുവാൻ വേണ്ടിയാണ് അങ്ങനെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളത്. 1, 2, 3, 4 എന്നീ ക്ലാസുകളിൽപെട്ട ഓരോതരം ഭൂമിയേയും പ്രത്യേകമെടുത്തുപറഞ്ഞാൽ കൊള്ളാമെന്നു കരുതിയാണ് ഞാൻ ഈ ഭേദഗതി കൊടുക്കുന്നത്. ആ രായത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലാസിഫിക്കേഷൻ മന്ത്രി സ്വീകരിക്കുമോ എന്നു എനിക്കു സംശയമുണ്ട്.

എന്റെ 148-ാം ഭേദഗതി ഞാൻ അവതരിപ്പിച്ചുവെങ്കിലും അത് പ്രസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

എന്റെ 149-ാം നമ്പർ ഭേദഗതി:

In clause 56, sub-clause (5), begin the sentence with the following words:—

'For the purposes of this section.' (Amendment No. 149 in Consolidated List No. 2).

എന്നാണ്. ഇങ്ങനെ ചേർത്തുകഴിഞ്ഞാൽ ട്രസ്റ്റിന്റെ കാര്യത്തിൽ,—

'For the purposes of this section, the lands owned or held by a private trust or a private institution shall be deemed to be lands owned or held by the person creating the trust or establishing the institution, or if he is not alive, by his successors in interest.'

എന്നാകും. ഇതുകൊണ്ടും അഞ്ചാമത്തെ ഉപവകുപ്പ് പൂർണ്ണമാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അഞ്ചാമത്തെ ഉപവകുപ്പിൽ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായി വരണമെങ്കിൽ, ഈ വകുപ്പിലെങ്കിലും പ്രൈവറ്റ് ട്രസ്റ്റിൽ പെടാത്ത വസ്തുക്കൾ ഗവണ്മെന്റിലേയ്ക്ക് സറണ്ടർ ചെയ്യണമെന്നു എഴുതിവച്ചില്ലെങ്കിൽ, അഞ്ചാമത്തെ ഉപവകുപ്പിൽ പറഞ്ഞ കാര്യങ്ങൾ സാധിക്കുമോ എന്ന് സംശയമാണ്. ഇങ്ങനെയൊരു വകുപ്പ് ഇതിൽ ചേർത്തിട്ടുള്ളത് 1957-ൽ തലശ്ശേരി രജിസ്ട്രാരാഫീസിൽ രജിസ്റ്റർചെയ്ത 1618-ാം നമ്പർ ട്രസ്റ്റിനെ ഉദ്ദേശിച്ചാണ്. അതായത് ശ്രീമാൻ വി. ആർ. കൃഷ്ണയ്യരുടെ ട്രസ്റ്റിനെയാണ് ഉദ്ദേശിക്കുന്നത്. സീലിംഗിന്റെ വ്യവസ്ഥ ലംഘിക്കുന്നതിന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ശ്രീമാൻ വി. ആർ. കൃഷ്ണയ്യരും അദ്ദേഹത്തിന്റെ അച്ഛനുംകൂടി ഒരു ട്രസ്റ്റുണ്ടാക്കി കുറെ ഭൂമി കൈവശം വയ്ക്കുവാൻ തീരുമാനിച്ചു. അന്നത്തെ ആ ട്രസ്റ്റുകൊണ്ടു് ശ്രീമാൻ കൃഷ്ണയ്യർക്കു് മെച്ചം കിട്ടരുതു് എന്ന മനോഭാവത്തോടുകൂടിയാണു് സെലക്റ്റുകമ്മിററി ഇങ്ങനെയൊരു വ്യവസ്ഥ എഴുതിച്ചേർത്തതു്. ഈ വ്യവസ്ഥ ബോണാഫൈഡ് ആകണമെന്നുണ്ടെങ്കിൽ സീലിംഗിൽ അധികം ഭൂമി ട്രസ്റ്റിന്റെ കൈവശമുണ്ടെങ്കിൽ അതു് ഗവണ്മെന്റിലേയ്ക്കു് സറണ്ടർ ചെയ്യണമെന്നു് എഴുതിവയ്ക്കണം. കൃഷ്ണയ്യർ വളരെയധികം തത്വം പ്രസംഗിക്കുന്ന ഒരാളാണെങ്കിലും അദ്ദേഹം അദ്ദേഹത്തിന്റെ അച്ഛന്റെ ഉപദേശപ്രകാരം പ്രൈവറ്റ് ട്രസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള പ്രൈവറ്റ് ട്രസ്റ്റുകൾ സൃഷ്ടിച്ചുകൊണ്ടു് ഭൂമികൾ അപഹരിക്കുവാൻ ഇടവരരുതു് എന്ന ഉദ്ദേശത്തോടുകൂടിയാണു് അഞ്ചാമത്തെ ഉപവകുപ്പു് എഴുതിച്ചേർത്തിട്ടുള്ളതു്. അതു് ബോണാഫൈഡ് ആകണം. ഇന്നത്തെ പ്രകാരത്തിൽ അതു് ബോണാഫൈഡല്ല. പരിധിവരെയുള്ള വസ്തുക്കളെ ട്രസ്റ്റിനു വച്ചുകൊണ്ടിരിക്കുവാൻ പാടുള്ളു. മൊത്തത്തിൽ 56-ാം വകുപ്പിനെപ്പററി വളരെയധികം ഈ ഭാഗത്തുനിന്നു പറഞ്ഞിട്ടുള്ളതുകൊണ്ടും കൂടുതൽ പറഞ്ഞു് നിയമസഭയുടെ സമയം അപഹരിക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ചില പ്രത്യേക സമുദായങ്ങൾക്കു് ദോഷം വരാത്ത രീതിയിൽ ഈ വകുപ്പു മാററണമെന്നുള്ളതിനെ സംബന്ധിച്ചു് ഈ ഭാഗത്തും ആ ഭാഗത്തും അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ചില സമുദായങ്ങളുടെ ദായക്രമമനുസരിച്ചു് അവർക്കു് ഭൂമി കിട്ടുവാൻ സൗകര്യമില്ലാത്ത തരത്തിലും, ചില സമുദായങ്ങളുടെ ദായക്രമമനുസരിച്ചു് ഭൂമി ഭാഗിച്ചുകൊടുക്കുന്ന തരത്തിലും ഒരു നില സ്വീകരിക്കുകയാണെങ്കിൽ അതു് നീതിയായിരിക്കുകയില്ല. അതുകൊണ്ടു് അങ്ങനെയുള്ള ആളുകൾക്കു് ദോഷംവരാത്ത വിധത്തിൽ ആവശ്യമായ മാററങ്ങൾ ഇതിൽ വരുത്തേണ്ടതാണു്. ഡൈവോഴ്സ് ചെയ്തിട്ടുള്ള ആളുകൾക്കു് പ്രത്യേകം ഭൂമി കൊടുക്കേണ്ടതു് ആവശ്യമാണു്. ഭൂമി വിട്ടുകൊടുക്കാതെയിരിക്കുവാൻവേണ്ടി ധാരാളം ഡൈവോഴ്സ് വരാതിരിക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. ഭാര്യയും, ഭർത്താവും ഭൂമി കിട്ടുവാൻവേണ്ടി ഡൈവോഴ്സുചെയ്തു ജീവിക്കുക എന്നുവന്നാൽ അപകടമാണു്. സാധാരണഗതിയിൽ ഡൈവോഴ്സുചെയ്തു ജീവിക്കുന്ന ആളുകളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന ആവശ്യമാണു് അതുകൊണ്ടു് ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സീലിംഗിനെ സംബന്ധിച്ചുള്ള ക്ലാസിഫിക്കേഷനെക്കുറിച്ചു്, ആ സെക്ഷൻ
10 A. M.] ഇവിടെ ചർച്ചയ്ക്കുവന്ന അവസരത്തിൽ വിശദീകരിച്ചു ഞാൻ പറഞ്ഞിട്ടുണ്ടു്. ഒരു മാനദണ്ഡവും ഇല്ലാതെയല്ല ഈ ക്ലാസിഫിക്കേഷൻ ഗവണ്മെന്റ് സ്വീകരിച്ചതു്. ഇന്നത്തെ നിലയിൽ ഗവണ്മെന്റിനു കിട്ടാവുന്ന കണക്കുകൾ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു് എടുപ്പിച്ചതിനുശേഷം ആ കണക്കുകൾ പരിഗണിച്ചുകൊണ്ടാണു് ഈ ക്ലാസിഫിക്കേഷൻ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് പുതിയ ഒരു ക്ലാസിഫിക്കേഷൻ സ്വീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ക്ലാസിഫിക്കേഷനെപ്പററി എനിക്കു പറയാനുള്ളതെല്ലാം ഞാനിവിടെ പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്.

ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളെപ്പററി സംസാരിച്ചവർ ക്രിസ്ത്യൻ ഫാമിലിയിലേയും മുസ്ലീം ഫാമിലിയിലേയും അംഗങ്ങൾക്കു് അച്ഛൻ മരിക്കുകയാണെങ്കിലേ സ്വത്തുക്കളിൽ അവകാശം കിട്ടുകയുള്ളു എന്നും അതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകുമെന്നും പറയുകയുണ്ടായി. അതു് ഈ രണ്ടു സമുദായത്തിനെ മാത്രമല്ല, മക്കത്തായം പ്രാപ്പർട്ടിക്കു് എല്ലാം ബാധകമാണു്. വെറുതെ തെററിദ്ധാരണ ഉണ്ടാക്കരുതെന്നു് അഭ്യർത്ഥിക്കുന്നു. മരുമക്കത്തായികൾക്കു് birth പ്രകാരം സ്വത്തു കിട്ടിയേക്കും. മുസ്ലീം സമുദായത്തിലും മരുമക്കത്തായികൾ ഉണ്ടു്. മി. തൊമ്മൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ഞാൻ സൂക്ഷിച്ചു

[ശ്രീമതി കെ. ആർ. ഗൗരി]

വായിച്ചു. അതു അംഗീകരിക്കുവാൻ ഒരു വിഷമമുണ്ടു്. ഒരാൾ മരിച്ചുപോയാൽ അയാളുടെ അവകാശികൾക്കു് ഭൂമി വയ്ക്കാമെന്നാണു് പറഞ്ഞിരിക്കുന്നതു്. മുസ്ലീം സമുദായത്തിനു് അവരുടെ മതാചാരപ്രകാരം ഒരാൾ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വത്തു് ദാനം ചെയ്യുന്നതു് നിഷിദ്ധമാണെന്നു് ഇവിടെ മുസ്ലീം മെമ്പറന്മാർ സംസാരിച്ചു. അങ്ങനെയുണ്ടെങ്കിൽ സീലിംഗ് വകുപ്പു് വരുമ്പോൾ ആലോചിച്ചു് മി. തൊമ്മന്റെ ഭേദഗതി ശരിയാക്കി എഴുതി ഞാൻ അവതരിപ്പിക്കാം.

സ്ത്രീധനം പ്രത്യേകം ഒരു സ്വത്തായിട്ടു കണക്കാക്കണമെന്നു പറയുകയുണ്ടായി. സ്ത്രീധനം എന്നുള്ളതു എല്ലാവരെയും ബാധിക്കുന്ന ഒരു കാര്യമാണു്. പലതരത്തിലും സ്ത്രീധനം കാണും. സ്വർണ്ണമായിട്ടും അതുപോലെ ഓഹരിയുള്ളവർ ഓഹരി സ്വത്തായിട്ടും. ഇതു രണ്ടും വേർതിരിക്കുവാൻ പ്രയാസമാണു്. പണം കൊണ്ടുവന്നു വസ്തു വാങ്ങിയാൽ ഒഴിവാക്കണം എന്നും സ്വത്തായിട്ടാണെങ്കിൽ വേണ്ട എന്നും പറഞ്ഞാൽ പ്രയാസമാണു്. സ്ത്രീകളോടു ഉള്ള അനുകമ്പയാണെങ്കിൽ സീലിംഗ് (പരിധി) നിശ്ചയിച്ചു സറണ്ടർ ചെയ്യേണ്ടതു് പുരുഷന്റെ സ്വത്താണെന്നു തീരുമാനിക്കുന്നതിൽ എനിക്കു സന്തോഷമാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സീലിംഗ് ഏരിയായിൽ കവിഞ്ഞു ഭാര്യയുടെയും, ഭർത്താവിന്റെയും സ്വത്തു വരികയാണെങ്കിൽ ഭാര്യയുടെ സ്വത്തും സറണ്ടർ ചെയ്യേണ്ടി വരികയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: നാമെല്ലാവരും വിചാരിച്ചിരിക്കുന്നതു ഭാര്യയും ഭർത്താവും യോജിച്ചു കഴിയുന്ന ആളുകളാണെന്നാണു്. അതുകൊണ്ടു് സ്ത്രീധനം എന്നു പ്രത്യേകം പറയേണ്ട കാര്യമില്ല. സ്ത്രീകൾ പലവിധത്തിലും സ്വത്തുക്കൾ അവരുടെ വീട്ടിൽനിന്നും കൊണ്ടുവരും. അതുകൊണ്ടു് ഇതു പ്രസ്സ് ചെയ്യാതിരിക്കുകയാണു് നല്ലതു്.

Objection was raised that by including in the provisions of the Bill shares in companies, we might offend the Constitution because Company Law is a Central subject and not even in the concurrent list. But it must be remembered that our legislation does not speak about company law Administration but we are only saying that when calculating the ceiling, shares of persons in a compny will also be taken into consideration. This we can do. That is my impression. We are legislating on land, the ceiling up to which a person can hold land etc. When legislating on land, of course, there might be encroachments on other subjects also. But according to the pith and substance theory in Law, it is quite regular. This has been upheld by the Supreme Court recently when they held that the provisions in the Punjab Security Act are valid.

അപ്പോൾ ഈ നിയമം ശരിയായിട്ടു നടപ്പിലാക്കാനും ഈ നിയമത്തിന്റെ ഉദ്ദേശം സഫലീകരിക്കാനും തോൽപ്പിക്കപ്പെടാതിരിക്കാനും വേണ്ടി ചിലപ്പോൾ നമുക്കു മററു സബ്ജക്ററുകളിൽ എൻക്രോച്ചു് ചെയ്യേണ്ടിവരും.

ഇതുപോലെയുള്ള ഒരു വകുപ്പു് ഈ ബില്ലിൽ ചേർക്കുവാൻ ചില കാരണങ്ങൾ ഉണ്ടു്. 1954-നുശേഷം നമ്മുടെ നാട്ടിൽ പല ബോഗസ് കമ്പനികൾ ഉണ്ടായിട്ടുണ്ടു്. പി. എസ്. പി. ആദ്യം ഇവിടെ അവതരിപ്പിച്ച ബില്ലിനു ശേഷം പല agricultural companies ഉണ്ടായിട്ടുണ്ടു്. അതു് സീലിംഗിനെ തോൽപ്പിക്കാനായിരുന്നു. എന്നാൽ പ്ലാന്റേഷൻ കമ്പനികൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. വീട്ടിലുള്ളവരും വേലക്കാരും ചേർന്ന് അഗ്രികൾച്ചറൽ ബോഗസ് കമ്പനികൾ ഉണ്ടാക്കി ഈ സീലിംഗ് വകുപ്പിനെ തോല്പിക്കരുത് എന്നുള്ള ഉദ്ദേശത്തിലാണ് ഈ വകുപ്പ് ഇവിടെ എഴുതിച്ചേർത്തിട്ടുള്ളത്. നമ്മുടെ നിയമം പാസ്സായിക്കഴിഞ്ഞാൽ സീലിംഗ് ഏർപ്പെടുത്തുവാൻ കുറച്ചു ഭൂമിയെങ്കിലും വേണമല്ലോ എന്നും കരുതിയിട്ടുണ്ട്. ഈ വകുപ്പ് ഭരണഘടനാ വിരുദ്ധമല്ല. ശ്രീ. കെ. ടി. തോമസ്സിന്റെ ഭേദഗതി സ്വീകരിക്കുന്നില്ല.

ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി നമ്പർ 146 (in Consolidated List 2) ഞാൻ പിൻവലിക്കുകയാണ്.

പിന്നെ അതോടൊപ്പം ഞാൻ മുമ്പു പറഞ്ഞതുപോലെ 'for the purpose of this Act' എന്നുള്ളതു 'for the purpose of the Chapter' എന്നാക്കണം. അതുപോലെ സബ് ക്ലാസ് (4)-ൽ 'date notified under section 57' എന്നുള്ളത് 18th December 1957 എന്നാക്കണം. പിന്നെ ബാക്കി സംഗതികൾ ക്ലാസ് 57 വരുമ്പോൾ റീ ഡ്രാഫ്റ്റ് ചെയ്യാം. അതുകൊണ്ട് അതു അംഗീകരിക്കാനുള്ള വിധത്തിൽ ഇതു പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

__ശ്രീ. കെ. ഹസ്സൻഗനി:__ ശ്രീമാൻ കുഞ്ഞുരാമൻനമ്പ്യാരുടെ ഭേദഗതി മൈനർക്ക് ഒരേക്കർ എന്നുള്ളത് രണ്ടേക്കർ എന്നാക്കണം, എന്നുള്ളതിനെപ്പററി എന്താണഭിപ്രായം?

__ശ്രീമതി കെ. ആർ. ഗൗരി:__ ഞാൻ മുമ്പു പറഞ്ഞതുപോലെ ഇതു കുഞ്ഞുങ്ങളോടു സ്നേഹമില്ലാത്തതുകൊണ്ടൊന്നുമല്ല. ഒരു തന്തയ്ക്കും തള്ളയ്ക്കും മൂന്നു മൈനർ സന്താനങ്ങൾക്കുമായി 15 ഏക്കർ കൊടുക്കുകയും പിന്നെ ഓരോ മൈനർക്കും രണ്ടേക്കറും കൊടുക്കുക എന്നു പറഞ്ഞാൽ ഇവിടത്തെ പരിതസ്ഥിതി അനുസരിച്ച് സാദ്ധ്യമല്ല. അതുകൊണ്ട് അങ്ങനെ പറയുന്നതു ശരിയല്ല.

__ശ്രീ. ഏ. ഏ. റഹിം:__ മൈനർ കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രയാസം അറിഞ്ഞുകൂടാത്തതുകൊണ്ടു ഇങ്ങനെ പറയുന്നതാണ്.

__ശ്രീമതി കെ. ആർ. ഗൗരി:__ അറിഞ്ഞുകൂടാ. അതോടൊപ്പം ഈ 25 എന്നുള്ളതായാലും ഒക്കുകയില്ല. ഇന്നത്തെക്കാലത്തു അവരെല്ലാം ഒരുമിച്ചുണ്ടാകുന്ന കാലമായതുകൊണ്ട് അതെല്ലാം ആലോചിച്ചുകൊണ്ട് ഇങ്ങനെ വച്ചതാണ്.

__ശ്രീ. ഏ. ഏ. റഹിം:__ ഇന്നത്തെ നിലയിൽ ഒരു എട്ടു മൈനർകുട്ടികളെങ്കിലും ഒരു വീട്ടിൽ കാണും. അപ്പോൾ കുട്ടികളെ വളർത്തിക്കൊണ്ടുവരാനുള്ള പ്രയാസം അറിഞ്ഞുകൂടാ; അതുകൊണ്ട് പറയുകയാണ്.

__ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ:__ അഞ്ചു മക്കളെങ്കിലുമില്ലാത്ത രാഷ്ട്രീയപ്രവർത്തകന്മാരില്ല. അവർക്കെല്ലാം വളരെ വിഷമമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞതു.

__ശ്രീമതി കെ. ആർ. ഗൗരി:__ ഫാമിലിയുടെ ഡെഫനിഷന് ഞാൻ അവതരിപ്പിച്ചിട്ടുള്ള 150 (in Consolidated List) താഴെ പറയുംപ്രകാരം മാററണം.

"*Explanation II*.—A divorced husband or a divorced wife, shall be deemed to be an adult unmarried person, provided that where there are minor unmarried children of such husband or wife, the husband or wife legally entitled to the custody of such children shall, along with the children, be deemed to be a family:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

Provided if they remarry, the remarried person, will form a family with his or her wife or husband as the case may be".

മിസ്റ്റർ കുഞ്ഞുരാമൻ നമ്പ്യാരുടെ ഭേദഗതി കൂടെ ഉൾപ്പെട്ടതാണു് ഇതു്. മുസ്ലീം സമുദായത്തിലെ പ്രത്യേക സ്ഥിതിഗതി പരിഗണിച്ചിട്ടുണ്ടു്.

പിന്നെ ചിലർ 'widow'യുടെ കാര്യം പറഞ്ഞു. ഫാമിലിയുടെ നിർവ്വചനത്തിൽ 'or such of them as exist എന്നുള്ളതുകൊണ്ടു മതി. അതു വിധവയ്ക്കു കൂടുതൽ പ്രയോജനമാണു്. 15 ഏക്കർ ഇപ്പോഴും കിട്ടും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അമെൻഡ്മെൻറ 151-നെപ്പററി പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി : അതാണു് ഞാൻ പറഞ്ഞതു്, 'മുസ്ലീം ഫാമിലി,' എന്നു പറഞ്ഞതുകൊണ്ടു് നിങ്ങൾ ഉദ്ദേശിക്കുന്നതായിട്ടുള്ള അർത്ഥം വരുകയില്ല. Proprietary interest by birth എന്നുള്ളതു എടുത്തുപറയണം. അങ്ങനെ വരുകയാണെങ്കിൽ മക്കത്തായം ബാധകമാകുന്ന എല്ലാ സമുദായക്കാരുടെ സ്വത്തുക്കളേയും ബാധിക്കും. അങ്ങനെ ബാധകമായിരിക്കുന്ന സമുദായങ്ങളെ സംബന്ധിച്ചു് 57 വരുമ്പോൾ അതു റീഡ്രാഫ്റ്റു ചെയ്യാം.

ശ്രീ. ഏ. ഏ. റഹിം : അതിൻെറ തത്വം അക്സപ്റ്റു ചെയ്യുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : പ്രിൻസിപ്പിൾ അക്സപ്റ്റു ചെയ്യുന്നുണ്ടു്. 1068 ഭേദഗതി അംഗീകരിക്കുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ : ഈ ഒരേക്കർ എന്നുള്ളതു രണ്ടേക്കറാക്കണമെന്നു പറയുന്നതു കുട്ടികളെ പോററാനുള്ള വിഷമംകൊണ്ടാണു്. വളരെ ആത്മാർത്ഥതയോടുകൂടി പറയുകയാണു്.

ശ്രീ. കെ. ടി. തോമസ് : സബ്ക്ലാസ് 4-ൽ ഓറലായിട്ടു ഒരു അമെൻഡ്മെൻറ കൊണ്ടുവന്നു. അതെന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

Smt. K. R. Gouri: "Substitute 18th December 1957" for "date notified under Section 57".

ശ്രീ. കെ. ടി. തോമസ് : അതു വളരെ പുറകോട്ടു പോകുകയാണു്. പ്ലാൻറേഷനായി കൺവർട്ടു ചെയ്യാനുള്ള സൗകര്യം അനുവദിച്ചിട്ടുണ്ടു്.

Mr. Speaker: That is an amendment by Shri K. K. Viswanathan and which has been accepted by the Minister.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതു് അദ്ദേഹം പറയുന്നപോലെ പുറകോട്ടുപോകയല്ല.

The amendments (Nos. 1003 & 1004) moved by Shri T. A. Thomman was put and lost.

The amendment (No. 1005) moved by Shri Alexander Parambithara was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The amendments (Nos. 1007 and 1009) moved by Shri R. Raghava Menon was put and lost.

The amendment (No. 1008) moved by Shri T. A. Thomman was put and lost.

The amendment (No. 1017) moved by Shri K. C. Abraham was put and lost.

The amendment (No. 1018) moved by Shri K. C. Abraham was put and lost.

The amendment (No. 1019) moved by Shri K. Hassan Gani was put and lost.

The amendments (Nos. 1022, 1025, 1028, 1030A) were barred.

The amendment (No. 1036) moved by Smt. Rosamma Punnoose was withdrawn, by leave of the House.

The amendment (No. 136 in consolidated list 2) moved by Smt. K. R. Gouri was withdrawn.

The amendment (No. 138 in consolidated list 2) moved by Shri P. M. Kunhiraman Nambiar was withdrawn.

The amendment (No. 1038) moved by Shri K. T. Thomas was put and lost:

The amendment (No. 1040) moved by Shri K. C. Abraham was put and lost.

The amendment (No. 1041) moved by Shri K. T. Thomas was withdrawn.

The following amendment moved by Smt. K. R. Gouri was put and carried:

In clause 56, sub clause (2) in line 1, for the words 'of this Act' the words 'of this Chapter' shall be substituted.

The amendment (No. 1051) moved by Shri M. P. M. Ahmed Kurikal was withdrawn.

The amendment (No. 145 in consolidated list 2) moved by Shri P. M. Kunhiraman Nambiar was withdrawn.

The amendment (No. 146 in consolidated list 2) moved by Smt. K. R. Gouri was withdrawn.

The following amendment moved by Smt. K. R. Gouri was put and carried.

In Clause 56, sub clauae (4) in line 1, for the words and figures 'date notified under section 57' substitute the words and figures '18th December 1957.'

The following amendment moved by Shri K. K. Viswanathan was put and carried.

In clause 56 sub clause (4) in line 2 between the words 'class of land' and 'has been converted' the words, figures and brackets 'specified in clauses (i), (ii), (iii) or (iv) of sub section (9) of Section 2 shall be inserted.

The amendment (No. 1063) moved by Shri K. Hassan Gani was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The amendment (No. 148 in consolidated list 2) moved by Shri K. K. Viswanathan was withdrawn.

The amendment (No. 149 in consolidated list 2) moved by Shri K. K. Viswanathan was withdrawn.
The amendment (No. 1064) moved by Shri T. A. Thomman was withdrawn.

The following amendment (No. 1068) moved by Shri M. Narayana Kurup was put and carried.

In clause 56 the following new sub-clause (6) shall be added:

(6) In computing the ceiling area, lands exempted under section 55 shall be excluded.

The following modification of the amendment moved by Smt. K. R. Gouri was put and carried.

In clause 56, the following shall be added at the end:

"*Explanation* I.—For the purposes of this section where any person has two or more living wives and such plurality of wives is recognised by the personal law governing the parties, such person together with the wife he chooses and her minor unmarried children shall be deemed to be a family, and each of the other wife together with her minor unmarried children shall be deemed to be an adultt unmarried person, with the right to an increase of one acre of double crop nilam or its equivalent for each member in excess of five, subject to a maximum of 15 such acres.

Explanation II.—A divorced husband or a divorced wife, shall be deemed to be an adult unmarried person, provided that where there are minor unmarried children of such husband or wife, the husband or wife legally entitled to the custody of such children shall, along with the children, be deemed to be a family:

Provided if they remarry, the re-married person, will form a family with his or her, wife or husband as the case may be."

Shri K. T. Thomas: There is one other amendment which I have moved, which has not been put to vote. It is amendment No. 1 in the supplementary list.

Mr. Speaker: But should that amendment be there?

Smt. K. R. Gouri: "Sole surviving member of a family" means such of them as exist. I do not think it is needed.

Mr. Speaker: I do not think it is necessary.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> കല്യാണം കഴിക്കാത്ത ഒരാളിനെ ഉൾക്കൊള്ളിക്കാനാണെങ്കിൽ അതിൽ വരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri. R. Raghava Menon: In the case of an adult unmarried person, there is no family

Amendment moved by Shri K. T. Thomas was put and lost.

Mr. Speaker: All amendments which I have not put are barred.

The question that clause 56, as amended, stands part of the Bill was put and carried.

Clause 56, as amended, was added to the Bill.

Clause 57.

ശ്രീമതി. കെ. ആർ. ഗൗരി: 57-ലെ അമൻറുമെൻറ് ഒന്നു ശരിയാക്കാനുണ്ട്. അതുകൊണ്ട് ക്ലാസ് 58 ഇപ്പോൾ എടുക്കാം.

Mr. Speaker: So, you do not want the consideration of clause 57 to be taken up now.

Smt. K. R. Gouri: Yes.

New Clause after clause 56.

Mr. Speaker: Before we take up Clause 58, there is an amendment by Shri C. A. Mathew, to add a new clause after clause 56. That is amendment No. 1069.

Shri K. M. George: There is an amendment by Shri Rajagopalan Nayar also for the addition of a clause, in the 2nd consolidated list Amendment No. 153.

Mr. Speaker: Yes. Now, Mr. Mathew, may move his amendment.

Shri C. A. Mathew: Sir, this is my amendment:

A new clause to be added after clause 56:

"56 A. Notwithstanding anything contained in any other provisions of this Act, any family or adult unmarried person, having an aggregate income of rupees four hundred or above per mensem, from non-agricultural sources shall not, after the expiry of six months from the commencement of this Act, hold any agricultural land."

(Amendment No. 1069 in the 1st consolidated list.)

Mr. Speaker: There is also an amendment from Shri Thomman—Amendment No. 1070.

Shri T. A. Thomman: I do not move it; it is barred.

Mr. Speaker: Shri Rajagopalan Nayar, are you moving your amendment No. 153 for the addition of a new clause after clause 56?

Shri N. Rajagopalan Nayar: No, Sir.

Mr. Speaker: Mr. Mathew can now speak upon his amendment.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: ഈ ഭേദഗതിയുടെ ആശയം സ്വയം വ്യക്തമാണ്. ഇന്ന് കാർഷികരംഗത്തെ പരിധി നിർണ്ണയിക്കാൻ നാം ശ്രമപ്പെട്ടപ്പോൾ ഇതര രംഗങ്ങളിലുള്ള ആദായങ്ങൾ കണക്കിൽ എടുക്കുന്നില്ല. ഇതര തുറകളിൽ പ്രവൃത്തി എടുക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ആദായത്തിനു ഇന്ന് ഒരു പരിധിയും നിർണ്ണയിച്ചിട്ടില്ല. ഉള്ളതു പറഞ്ഞാൽ കർഷകരെ സംബന്ധിച്ചിടത്തോളം ഇതിൽ കുറെയൊക്കെ അസംതൃപ്തിയുണ്ടെന്നു ഗ്രഹിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ അസംതൃപ്തിയുണ്ടെങ്കിൽതന്നെയും പരിധിനിർണ്ണയത്തിനുള്ള ഒരു ആദ്യപടിയെന്ന നിലയിൽ പ്രധാനപ്പെട്ട ഉല്പാദനരംഗമായ കാർഷിക രംഗത്തു പരിധി നിശ്ചയിക്കേണ്ടതു തന്നെയാണ്. എന്റെ ഭേദഗതികൊണ്ടു ഇതര രംഗങ്ങളിൽ പരിധിനിർണ്ണയം ചെയ്യുത്തുകയെന്നല്ല ഉദ്ദേശിക്കുന്നതു. കാർഷികരംഗത്തുതന്നെ പരിധിനിർണ്ണയത്തിൽ ചില വ്യവസ്ഥകൾ ഈ ഭേദഗതിമൂലം ഉൾക്കൊള്ളിക്കുകയാണ്. സ്ഥിരമായിട്ടു മാസം നാന്നൂറു രൂപയും കൂടുതലും വരുമാനം ഇതര തുറകളിൽ നിന്നും കിട്ടുന്ന ആളുകൾക്ക് കാർഷികഭൂമിയിൽ നിന്നും ആദായം എടുക്കത്തക്ക സാഹചര്യം ഇന്നത്തെ നിലയിൽ ആവശ്യമില്ലെന്ന മനോഭാവത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു. ഇന്നു കാർഷികരംഗത്തു വളരെയധികം സമ്മർദ്ദമുണ്ടെന്നും ഭൂമിയുടെ പേരിൽ വളരെയധികം താല്പര്യമുണ്ടെന്നും മനസ്സിലാക്കി ആ സമ്മർദ്ദവും താല്പര്യവും കുറയ്ക്കേണ്ടതു കാർഷിക രംഗത്തിന്റെ വികസനത്തിനും നാടിന്റെ ക്ഷേമത്തിനും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നു എല്ലാവരും സമ്മതിക്കുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ എന്റെ ഭേദഗതി അംഗീകരിച്ചാൽ കാർഷികരംഗത്തുള്ള സമ്മർദ്ദം കുറെ കുറയ്ക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇതര തുറകളിൽ നിന്നും ഭീമമായ ആദായം ഉണ്ടാക്കുന്നവരും നൂറുകണക്കിനു രൂപ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരുമുണ്ട്. അവർക്ക് പരിധിവരെ ഭൂമി കൈവശംവച്ചു ആദായം എടുക്കാനുള്ള സാഹചര്യം കൊടുക്കണമോ എന്നു ഞാൻ സംശയിക്കുകയാണ്. ഒരു സാമൂഹ്യനീതി മുൻനിറുത്തിനോക്കിയാൽ അതൊരിക്കലും അംഗീകരിക്കാൻ നിവൃത്തിയില്ല. ആ നിലയിൽ ഈ ഭേദഗതി അംഗീകരിക്കാൻ വലിയ ബുദ്ധിമുട്ടു ഉണ്ടാകുമെന്നു തോന്നുന്നില്ല. മിച്ചഭൂമി വളരെ ഉണ്ടാകുന്നില്ലെന്നു ആവലാതിപ്പെടുന്നവർക്ക് എന്റെ ഭേദഗതി അംഗീകരിച്ചാൽ കുറെയൊക്കെ സഹായമായിരിക്കും. അങ്ങനെയുള്ള ആളുകളുടെ ന്യായമായ ആവശ്യത്തിനുള്ളതു കഴിച്ചുള്ള ഭൂമി എടുത്താൽ മിച്ചഭൂമിയുടെ പട്ടികയിൽ കൂടുതൽ ഭൂമി വരും. ഗവണ്മെന്റു ഇപ്പോൾ ഈ തത്വം കുറെയൊക്കെ അംഗീകരിച്ചിട്ടുണ്ട്. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം ചില വ്യത്യസ്ത പരിഗണനകൾ സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷനിൽ നിന്നു ആദായം കിട്ടുന്നവർക്ക് ഇതര കാർഷികഭൂമി പകുതിവരെയെങ്കിലും വെയ്ക്കാമെന്നുള്ള തത്വം നാം അംഗീകരിച്ചിട്ടുണ്ട്. കൂടുതലായി ഞാനതിനെപ്പറ്റി ഒന്നും പറയുന്നില്ല. ആശയം വ്യക്തമായതുകൊണ്ടു ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീമതി കെ. ആർ. ഗൗരി: ഇന്നത്തെ പരിതഃസ്ഥിതിയിൽ ഞാൻ ഭേദഗതി സ്വീകരിക്കുന്നില്ല.

The amendment was put and lost.

Mr. Speaker: Clause 57 is held over.

Clause 58.

Shri K. M. George: I move:

Delete the entire clause 58 and substitute the following new clause:—

(No. 1126) "58. *Certain voluntary transfers to be null and void.*— Notwithstanding anything contained in any law for the time being in force all voluntary

LIBRARY ARCHIVES Kerala Legislative Assembly

transfers effected after a period of six months from the date of passing of this Bill, otherwise than, (i) by way of partition, (ii) on account of natural love and affection, (iii) by way of sale for adequate consideration,

by a member of a family or an adult unmarried person, owning or holding property in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid."

Shri K. C. Abraham: I move:

Delete section 58, and substitute the following as section 58:

(No. 1127) "After the passing of this Act, 6 months' time is given to land-owners to partition, sell or give as gift the excess lands they own or possess."

Shri P. Ramunni Kurup: Sir, I move:

(No. 1128) In clause 58, in the third line, add the words 'and leases' after the word 'transfers' and before the word 'effected'; and delete the word 'December' and insert 'October' in its place.

(No. 1130) In clause 58 (ii) add the following after new proviso:

"(iii) leases granted to a tenant who has no land in possession above the ceiling area."

Shri C. A. Mathew: I am moving:

(No. 1129) In clause 58, omit the portion "after 18th December 1957......affection" and instead add "after the expiry of six months from the commencement of this Act."

Shri M. Narayana Kurup: I move:

(No. 1131) In clause 58 (ii) add the word 'gift' at the beginning; and omit the words 'a member of' occurring in line 7.

(No. 1132) In clause 58, add the word 'or' at the end of sub-clause (ii) and add a new sub-clause (iii) "In favour of tenants of the property."

Smt. K. R. Gouri: I move:

(No. 167 in consolidated list 2)

In clause 58 for "shall be deemed to be transfers calculated to defeat the provisions of this Act and shall be invalid" substitute "shall be presumed to be transfers calculated to defeat the provisions of this Act unless the contrary is proved."

Shri K. K. Viswanathan: I move:

(No. 168 in Consolidated List 2)

In clause 58 between the words "ceiling area" and "shall" insert the words "in favour of persons other than tenants or Kudikidappukars in the land so transferred."

<u>ശ്രീ. കെ. എം. ജോർജ്ജ്</u>: 58-ാം വകുപ്പ് 1957 ഡിസംബർ 18-ാം തീയതിക്കുശേഷം ഏതെങ്കിലും വസ്തുക്കൾ ഭാഗഉടമ്പടി പ്രകാരമോ, സ്നേഹവാത്സല്യങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാതെയോ കൈമാററം ചെയ്തിരുന്നാൽ അതു് അസ്ഥിരപ്പെടുത്തണമെന്നാണ് നിർദ്ദേശിക്കുന്നതു്. ഇതു്

2/692|V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

മൗലികമായി ഇൻഡ്യയിലെ പൗരന്മാർക്ക് അവകാശങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ള ഭരണഘടനയിലെ ആർട്ടിക്കിളിനു എതിരാണെന്നുള്ളതിനു പുറമെ ഈ വകുപ്പിൽ ഒരു ദുരുദ്ദേശം കൂടി അടങ്ങിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുന്നു. ഒരാൾ സീലിംഗ് ഏരിയായിൽ കൂടുതലുള്ള സ്ഥലം പാട്ടത്തിനോ, പങ്കിനോ നിയമം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും അടിസ്ഥാനത്തിൽ കൃഷി ചെയ്തു അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കുതന്നെ കൊടുക്കുകയോ അതല്ലെങ്കിൽ സീലിംഗ് ഏരിയായിൽ കുറവുള്ള കൃഷിക്കാർക്ക് വില്ക്കുകയോ ചെയ്താൽ അതു നിയമത്തെ പരാജയപ്പെടുത്തുന്ന ഏർപ്പാടാണെന്ന അടിസ്ഥാനത്തിൽ അതിനെ നിരോധിക്കുകയും, അസാധുവാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നതിന്റെ ധാർമ്മികമായ അടിസ്ഥാനം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ രാജ്യത്തു കൃഷിചെയ്തു ജീവിക്കുന്നവർക്ക് സീലിംഗ് ഏരിയായിൽ കൂടുതൽ ഭൂമിയുള്ള ആളുകൾ 1957 ഡിസംബർ 18-ാംതീയതിക്കുശേഷം എത്രയെങ്കിലും വസ്തു വിലയ്ക്കാകട്ടെ വെറുതെയാകട്ടെ കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ എന്തിനു അതു അസാധുവാക്കണമെന്നു എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെന്റിനു മിച്ചഭൂമി കിട്ടിയാലും കൃഷിക്കാരനാണു കൊടുക്കേണ്ടതു്. ഗവണ്മെന്റു വാങ്ങി ഗവണ്മെന്റു അനുഗ്രഹിച്ചുകൊടുത്താൽ അതിനു പ്രത്യേകം ഒരനുഗ്രഹമുണ്ടെന്നു പറഞ്ഞാൽ അതിൽ ദുരുദ്ദേശമുണ്ടെന്നു പറയേണ്ടിവരും. അതുകൊണ്ടു് തീർച്ചയായും 1957 ഡിസംബർ 18-ാംതീയതിക്കു ശേഷമുള്ള കൈമാററങ്ങൾ അസാധുവാണെന്നു പറയേണ്ട ആവശ്യമില്ല. അങ്ങനെ പറഞ്ഞാൽ ഉത്തമവിശ്വാസത്തോടുകൂടിയാണോ ചെയ്തതു്, ഭാഗം ശരിയാണോ, അല്ലയോ എന്നും മററുമുള്ള കാര്യങ്ങൾ അന്വേഷിക്കേണ്ടിവരും. ഈ നിയമമനുസരിച്ചു കൃഷിക്കാർക്കു ഭൂമി കൊടുക്കുന്നതിനും സമാധാനപരമായി പരിവർത്തനം സാധിക്കുന്നതിനും ഇതു തടസ്സമായി നില്ക്കും. രാജ്യത്തു അനേകം കേസുകളും കാലതാമസവും ഉണ്ടാകുന്നതിനല്ലാതെ ഇതിന്റെ ആവശ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ഈ വകുപ്പു് കൃഷിക്കാർക്ക് ന്യായമായ നിലയിൽ ഭൂമി ലഭിക്കുന്നതിനും, നമ്മുടെ കാർഷികരംഗത്തു് സമാധാനപരമായി പരിവർത്തനം നടത്തുന്നതിനും തടസ്സമായി നില്ക്കും. രാജ്യത്തു സമാധാനമില്ലാത്ത കാര്യങ്ങൾ പലതും നടന്നു എന്നും വരും; ഈ വകുപ്പിൽ ധാർമ്മികമായ യാതൊരു അടിസ്ഥാനവും കാണുന്നില്ല. ഈ വകുപ്പുകൊണ്ടു് പലവിധത്തിലുള്ള കുഴപ്പങ്ങളും ആക്ടു നടപ്പിൽ വരുത്തുന്നതിനുതന്നെ കാലദൈർഘ്യവും വരും. എന്റെ ഭേദഗതിയിൽ ഞാൻ ആവശ്യപ്പെടുന്നതു് ഈ വകുപ്പു്:

> "Notwithstanding anything contained in any law for the time being in force all voluntary transfers, effected after a period of six months from the date of passing of this Bill otherwise than, (i) by way of partition (ii) on account of natural love and affection, (iii) by way of sale for adequate consideration,
>
> by a member of a family or an adult unmarried person, owning or holding property in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid"
>
> എന്നാക്കണമെന്നാണു്.

ഈ നിയമം പാസ്സായതിനുശേഷം ഏററവും കുറഞ്ഞതു 6 മാസക്കാലത്തേക്കെങ്കിലും കൈമാററം ചെയ്യുന്നതിനുള്ള അവകാശം വസ്തുഉടമസ്ഥന്മാർക്കുണ്ടായിരിക്കണം. ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഗവണ്മെന്റിന്റെ ചുമതലയെത്തന്നെ വളരെയധികം ലഘൂകരിപ്പിക്കും എന്നുള്ളതിനു സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പണം ആവശ്യമില്ലാതെ കളയേണ്ടിവരികയില്ല. അടിസ്ഥാനപരമായി ഭരണഘടന നൽകുന്ന അവകാശം എടുത്തുകളയേണ്ട ആവശ്യമില്ല. അതിനെപ്പററി പലരും ഇവിടെ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഈ നിയമത്തിന്റെ ലക്ഷ്യപ്രാപ്തിക്കു ആവശ്യമായൊരു ഭേദഗതിയാണു് ഇതു്. അതു പാടില്ലാ എന്നുള്ള കർക്കശമായ ഒരു മനോഭാവം മന്ത്രി സ്വീകരിക്കാതെ ഈ ഭേദഗതി അംഗീകരിക്കണം എന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. സി. എബ്രഹാം: എന്റെ ഭേദഗതി ശ്രീ. ജാർജ്ജ് പറഞ്ഞ അഭിപ്രായത്തെ അനുകൂലിക്കുന്ന ഒന്നാണു്. ഭൂപരിധി നിശ്ചയിക്കപ്പെടുമ്പോൾ അധികം ഭൂമി ഉള്ളവർക്കു് വളരെ മനോവ്യഥ ഉണ്ടാകുമെന്നുള്ളതു സ്വാഭാവികമാണു്. കഴിയുന്നതും അതു ഒഴിവാക്കുകയാണു വേണ്ടതു്. ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം അങ്ങനെയുള്ളവർക്കു വലിയ വിഷമം കൂടാതെ കഴിക്കാം. പതിനഞ്ചേക്കറിൽ കൂടുതൽ വരുന്ന ഭൂമി ഇഷ്ടമുള്ളവർക്കു കൈമാററം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണു്. ഇന്നയാളിനു ഭൂമികൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലല്ലോ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. അങ്ങനെ കൈമാററം ചെയ്യുവാൻ ഉദ്ദേശിക്കുന്നവരെ തടസ്സപ്പെടുത്തണമെന്നു മനഃപൂർവ്വമായ ഉദ്ദേശം ഗവണ്മെന്റിനുണ്ടോ? ഇല്ലെങ്കിൽ എന്റെ ഭേദഗതി സ്വീകരിക്കുന്നതിൽ യാതൊരു അപാകതയുമില്ല. അതുകൊണ്ടു് ഗവണ്മെന്റിനു ഒരു വിഷമവും ഉണ്ടാകുന്നതല്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: സർ, എന്റെ ഭേദഗതി കൈമാററങ്ങൾ എന്നതിന്റെ കൂടെ ചാർത്തുകൾ എന്നുകൂടിയും, ഡിസംബർ 18-ാം തീയതിക്കു ശേഷമുള്ള കൈമാററങ്ങൾ എന്നതുമാററി ഒക്ടോബർ 18-ാം തീയതിക്കുശേഷമുള്ള കൈമാററങ്ങൾ എന്നുകൂടിയും ഈ വകുപ്പിൽ ചേർക്കണമെന്നാണു്. ഇങ്ങനെ ഈ വകുപ്പു ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യത്തെ തെളിയിക്കുവാൻ എനിക്കു വളരെയധികം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ശ്രീ. കെ. എം. ജാർജ്ജ് ഉദ്ധരിച്ചിട്ടുള്ള രണ്ടു വിഷമതകൾ ഉണ്ടാകാത്ത ഒരു പരിതസ്ഥിതിയല്ലാ കൈമാററങ്ങൾ ഉണ്ടാകാതിരുന്നാൽ വരുന്നതെന്നു സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. മൈനറന്മാർ ഉൾക്കൊള്ളുന്ന ഒരു കുടുംബത്തിനു് പതിനഞ്ചു് ഏക്കർമാത്രമേ കൈവശമിരിക്കുവാൻ പാടുള്ളു എന്നു മനസ്സിലാക്കുവാൻ സാധിച്ചാൽത്തന്നെ സ്വന്തം വീട്ടുവേലയ്ക്കു് നിൽക്കുന്ന ആളുകളുടെ പേരിലും, അതുപോലെ വിശ്വാസമുള്ള മററു ചിലരുടെപേരിലും നാലും, അഞ്ചും ഏക്കർവീതം സ്ഥലങ്ങൾ ചാർത്തായി എഴുതിവയ്ക്കാൻ അവർക്കു കഴിയും. നിയമം പാസ്സായിക്കഴിഞ്ഞാൽ ഭാഗം കഴിച്ചു് കിട്ടുന്ന അവകാശങ്ങൾ പോരാതെ വരുന്നു എന്നു കണ്ടാൽ ഭൂപരിധി ഒപ്പിക്കുവാൻവേണ്ടി ചാർത്തായി എഴുതിക്കൊടുത്തിരിക്കുന്നവരിൽനിന്നും തിരിച്ചു് വാങ്ങിക്കാനും, അങ്ങനെ കുറെ ഭൂമികൂടി കേന്ദ്രീകരിച്ചു് നിറുത്താനും സാധിക്കും. ഈ ബിൽ അസംബ്ലിയിൽ അവതരിപ്പിച്ചതിനുശേഷം ചില ട്രസ്ററുകളും, കൈമാററങ്ങളും നടന്നിട്ടുണ്ടു്. അതിനുപുറമേ ഈ ബില്ല് ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപു് ഞങ്ങൾ ഭയങ്കരമായ മലവെ പ്രസവിക്കുവാൻപോകുന്നുവെന്നും മററും പറഞ്ഞു്, വേണ്ടത്ര പ്രചരണവും പ്രസിദ്ധീകരണവും കമ്മ്യൂണിസ്ററ്പാർട്ടിയിലും, അനുഭാവികളിലും രഹസ്യമായി നടത്തുവാൻ ഭരണകക്ഷിക്കു കഴിഞ്ഞിട്ടുണ്ടു്. ഈ പ്രചരണം പൂഴ്ത്തിവയ്പിനു അക്കൂട്ടരെ വളരെയേറെ സഹായിച്ചിട്ടുണ്ടു്. ഞാൻ ഇതേപ്പററി ഇതിനു മുമ്പൊരവസരത്തിൽ പ്രസ്താവിച്ചപ്പോൾ ധനകാര്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ അന്നു് എന്നെ വെല്ലുവിളിക്കുകയുണ്ടായി. ഞാൻ ഒരു ദിക്കിലും ഇവിടെ ഒരു കർഷകബില്ലു് വരാൻപോകുന്നു എന്നു പ്രസംഗിച്ചിട്ടില്ല. റവന്യൂമന്ത്രി വളരെ ശക്തിയായി അന്നു് എന്നെ ആക്ഷേപിച്ചിട്ടുണ്ടു്. ഞാൻ ഇപ്പറയുന്നതിനു തെളിവു തരാൻ തയാറുണ്ടു്. മുൻകൂട്ടിയുള്ള അറിവു ലഭിച്ചുകൊണ്ടു് ചാർത്തായും, കൈമാററങ്ങളായും വസ്തുക്കൾ അന്യാധീനപ്പെടുത്തിക്കൊണ്ടു് നിയമത്തിന്റെ ഹസ്തത്തിൽനിന്നും സ്വജനങ്ങൾക്കും, സ്വന്തം പാർട്ടിക്കാർക്കും രക്ഷപ്പെടാനുള്ള സൗകര്യം മന്ത്രിമാർ ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

കൊടുത്തിട്ടുണ്ട്. ഗവൺമെന്റിനു യഥാർത്ഥത്തിൽ ഇത്തരം കൈമാററങ്ങൾ തടയണമെന്നാണ് ഉദ്ദേശമെങ്കിൽ എന്റെ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്. 57 ആഗസ്റ്റ് മാസത്തിലാണ് റവന്യൂമന്ത്രി പതിനഞ്ചു ഏക്കറിൽകൂടുതൽ ഭൂമി ഒരുത്തരും വച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കുകയില്ലെന്നു പറഞ്ഞത്. അടുത്ത സെപ്റ്റംബർമാസത്തിൽ ധനകാര്യമന്ത്രി ധൈര്യസമേതം വെല്ലുവിളിച്ചു അദ്ദേഹം കേരളത്തിൽമാത്രമല്ല, മദ്രാസുവരെ പ്രസംഗിച്ചു. ഭൂനയ പരിഷ്കാരം വരുത്താൻ പോകുകയാണ്. ഏതെങ്കിലും ഒരു കുടുംബം പതിനഞ്ചു ഏക്കറിൽ കവിഞ്ഞ് ഭൂമി കൈവശംവച്ചുകൊണ്ടിരിപ്പുണ്ടെങ്കിൽ ആ ഭൂമി ഗവൺമെന്റിലേയ്ക്കു നിർബന്ധമായി എടുക്കുവാൻ പോകുകയാണ് എന്നു പ്രസംഗിക്കുകയുണ്ടായി. ഈ പ്രസംഗം തന്റെ പാർട്ടിയിൽപെട്ട ആളുകൾക്ക് പൂഴ്ത്തിവയ്ക്കുവാൻ സൗകര്യം നൽകുന്നതിനുള്ള ഒരു സൂചനയായി എടുക്കേണ്ടതാണ്. കേരളത്തിലെ ജനങ്ങൾ ആ നിലയിൽ അതു സ്വീകരിച്ചിട്ടുമുണ്ട്. എന്റെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഇപ്രകാരം പൂഴ്ത്തിവയ്ക്കപ്പെട്ട എല്ലാ ഭൂമിയും അസാധുവാക്കുവാൻ കഴിയുന്നതാണ്. ഈ നിയമം പാസ്സായാൽതന്നെ (കുഞ്ചൻനമ്പ്യാർ പറഞ്ഞതുപോലെ, 'എല്ലും തോലും ചിറകും, കൊക്കുമതെല്ലാം നീക്കി നുറുക്കിക്കണ്ടാൽ തെല്ലു ഭുജിപ്പാൻ ഉണ്ടെന്നും വരുമില്ലെന്നും വരും' എന്ന മട്ടിലാണ് മിച്ചഭൂമിയുടെ കാര്യം. പാറക്കെട്ടുകളായി മൈനേഴ്സിന്റെ കാര്യമായി മതസ്ഥാപനങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും കാര്യമായി ഇങ്ങനെ പല തരത്തിൽ ഒരു സെന്റുഭൂമിപോലും പിടിച്ചെടുക്കുവാൻ സാദ്ധ്യമല്ലാത്ത എല്ലാ വകുപ്പുകളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആഗസ്റ്റ് 6-ാം തീയതി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രഖ്യാപിച്ചു, ഭൂനയപരിഷ്കാരം വരുത്താൻപോകുന്നു എന്ന്. സെപ്റ്റംബർ 25-ാം തീയതി ധനകാര്യമന്ത്രി അക്കാര്യം മദ്രാസിൽ വച്ച് പ്രസംഗിച്ചപ്പോൾ എടുത്തുപറഞ്ഞു; പതിനഞ്ചേക്കറിൽ കൂടുതൽ ആർക്കും കൈവശം വച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കുകയില്ല എന്ന്. ഇപ്പോൾ അദ്ദേഹം ഇവിടെ ഇല്ല. അന്നു അദ്ദേഹം വെല്ലുവിളിച്ചത് അസ്ഥാനത്തും, അയഥാർത്ഥമായ രൂപത്തിലും ആയിരുന്നു. അദ്ദേഹത്തിന്റെ സ്വന്തം പത്രമായ ദേശാഭിമാനിയുടെ സെപ്റ്റംബർ 25-ാം തീയതിയിലെ ലക്കത്തിൽ വലിയ ടൈപ്പിൽ ആ പ്രസംഗം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ തീയതികൾക്കിടയിൽ പല ട്രസ്റ്റുകളും ഉണ്ടായിട്ടുണ്ട്. ഒരു സബ്ബ്‌രജിസ്ത്രാരാഫീസിൽത്തന്നെ ഈ ഘട്ടത്തിനുള്ളിൽ നൂററിഅറുപത്തിനാലു കൈമാററങ്ങൾ നടന്നിട്ടുണ്ടെന്നു അറിയുമ്പോൾ നാം അന്ധാളിച്ചുപോകും. സ്വന്തം പാർട്ടിയിൽപ്പെട്ട ആളുകൾക്ക് പതിനഞ്ചേക്കറിൽ കവിഞ്ഞ് ആരും സ്ഥലം വച്ചുകൊണ്ടിരിക്കരുതെന്നു മന്ത്രിമാർ നേരത്തെ മുന്നറിയിപ്പ് കൊടുത്തിരിക്കും. ഈ മുന്നറിയിപ്പിന്റെ ഫലമായി സീലിംഗ് ഏർപ്പെടുത്തുന്ന ഇപ്പോഴത്തെ ഈ നിയമനിർമ്മിതികൊണ്ട് ഒരിഞ്ചു ഭൂമിപോലും ഇല്ലാത്തവന്റെ കയ്യിലേക്കുവന്നു ചേരുവാൻ പോകുന്നില്ല. ധനകാര്യമന്ത്രി അന്നു പറഞ്ഞതൊന്നും സത്യമല്ല. ആ വെല്ലുവിളി അയഥാർത്ഥത്തിൽ പൊതിഞ്ഞുമൂടിയ വെല്ലുവിളിയാണ്. അതുകൊണ്ട് ഞാൻ കൊണ്ടു വന്ന ഭേദഗതി സ്വീകരിക്കേണ്ടതാണ്.

എന്റെ രണ്ടാമത്തെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് മന്ത്രിമാരും കമ്മ്യൂണിസ്റ്റ് പാർട്ടിയും ചിലർക്കു കൊടുത്തിട്ടുള്ള ഈ രഹസ്യനിർദ്ദേശങ്ങൾ ഫലപ്രദമാക്കരുത് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അതും സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. സി. ജെ. മാത്യു: സർ, 1957 ഡിസംബർ 18-ാം തീയതിക്കുശേഷം പരിധിയിൽകവിഞ്ഞു ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവർ ആരെങ്കിലും ഭൂമി കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ അത്തരം കൈമാററങ്ങൾ അസാധുവാണെന്നുള്ള വ്യവസ്ഥ പ്രായോഗികമായ പല ബുദ്ധിമുട്ടുകളെയും ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ആറുമാസത്തേക്ക് ഭൂമി വിൽക്കുന്നതിനുള്ള സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. വസ്തുക്കൾ പരിധിക്കപ്പുറം കൈവശം വച്ചുകൊണ്ടിരിക്കരുത് എന്നുള്ളതിൽ കവിഞ്ഞ് ഗവൺമെന്റ് മറ്റൊന്നും ഉദ്ദേശിച്ചിട്ടില്ലാത്തതുകൊണ്ട് പരിധിയിൽ കവിഞ്ഞ വസ്തുക്കൾ ഉള്ളവർക്ക് വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള സൌകര്യം കൊടുക്കേണ്ടതാണ്. ഇതരത്തുറകളിൽ അമിതമായ ആദായം എടുത്തുകൊണ്ടിരിക്കുന്നവർക്ക് ഇങ്ങനെയുള്ള പരിധികളൊന്നും കല്പിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് കൃഷിക്കാർക്ക് പരാതിയുണ്ട്. ഈ എക്സസ്സ് ലാന്റിന് കൊടുക്കുവാനുദ്ദേശിക്കുന്ന പ്രതിഫലം മാർക്കറ്റുവിലയേക്കാൾ കുറവാണെന്നുള്ളതുകൊണ്ട് കാർഷിക വരുമാനത്തിനു മാത്രം പരിധി നിശ്ചയിക്കുന്ന ഈ നിയമത്തിൽ കൃഷിക്കാർക്ക് അവരുടെ ഭൂമി മാർക്കറ്റുവിലയ്ക്കു വിൽക്കുവാനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്ന വ്യവസ്ഥ കൂടി ചേർക്കുന്നതു വെറും ന്യായം മാത്രമാണ്. തെറ്റുചെയ്യുവാനുള്ള മനഃപൂർവ പ്രേരണയാണ് ഈ വകുപ്പിനു കൊടുത്തിരിക്കുന്നത്. തെറ്റായ രീതിയിലുള്ള കരണങ്ങൾ ഉത്ഭവിപ്പിക്കുന്നതിനു ഇതു പ്രേരണ നൽകുമെന്നു മാത്രമല്ല അങ്ങനെയുള്ള കരണങ്ങൾ ഉൽഭവിപ്പിച്ചിട്ടുള്ളതായി അനുഭവങ്ങൾ ഉണ്ട്. കമ്മ്യൂണിസ്റ്റുപാർട്ടിയെ സംബന്ധിച്ചിടത്തോളം നേരത്തെ ഇങ്ങനെയൊരു നിയമം വരുമെന്നും ആ നിയമത്തിൽ ഇങ്ങനെയൊരു വകുപ്പു ചേർക്കുമെന്നും രഹസ്യമായ പ്രചരണങ്ങൾ നടത്തുകയും കാലേകൂട്ടി ഈ വകുപ്പിൽനിന്നും രക്ഷപ്പെടുവാനുള്ള ചില കരുതൽനടപടികൾ എടുക്കുവാൻ അവർക്ക് അവസരം കിട്ടുകയും ചെയ്തിട്ടുണ്ട്. മറ്റുചിലർ കമ്മ്യൂണിസ്റ്റു പ്രവർത്തകന്മാരിൽനിന്നും നേരിട്ടോ അല്ലാതെയോ ഈ വിവരമറിഞ്ഞ് ഡിസംബർ 18-ാംതീയതിക്കു മുമ്പ് വസ്തുക്കൾ കൈമാറിയിട്ടുള്ളതായും അറിയാം. തൊടുപുഴത്താലൂക്കിലെ ഒരു വലിയ കമ്മ്യൂണിസ്റ്റു പ്രവർത്തകനു വളരെയധികം ഭൂമിയുണ്ടായിരുന്നതു ഡിസംബർ 18-ാം തീയതിക്കു മുമ്പുതന്നെ കൈമാറ്റുകയുണ്ടായി. ആ നിലയ്ക്കു മറ്റു ചിലക്ക് വിവേചനാപരമായ അനുഭവങ്ങൾ ഉണ്ടാക്കുമാറു ഇപ്രകാരം ഒരു വ്യവസ്ഥ ഈ നിയമത്തിൽ ചേർക്കുന്നതു തികച്ചും അധാർമ്മികമാണെന്നും അതുകൊണ്ട് ആ വകുപ്പെടുത്തു കളഞ്ഞിട്ടു പകരം എന്റെ ഭേദഗതി സ്വീകരിക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : അതുകൊണ്ട് നമുക്കു ആ സൌകര്യം വേണമെന്നാണോ പറയുന്നത് ?

ശ്രീ. സി. എ. മാത്യു : അല്ല പറയുന്നതെന്താണെന്നു മനസ്സിലാക്കാതെ ചോദ്യം ചോദിച്ചാൽ എന്തു പറയാനാണ് ?

11. a. m. "എന്റെ ഭേദഗതിയിൽ (ii) "gift on account of natural love and affection" എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനു പുറമേ "Transfers by a family or an adultunmarried person ......" എന്നാക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതായതു "a member of" എന്നുള്ളതു എടുത്തുകളയണം.

ശ്രീ. എം. സി. എബ്രഹാം : ഒരു ഗിഫ്റ്റ് കൊടുക്കുകയാണെങ്കിൽ ഫാമിലിയിലെ എല്ലാ ആളുകളും അനുകൂലിച്ചേ അതുചെയ്യുവാൻ പാടുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്റെ മൂന്നാമത്തെ ഭേദഗതി ചെറിയ ഒരു ഭേദഗതിയാണെങ്കിലും അതു വളരെ അത്യാവശ്യമായിട്ടുള്ള ഒരു ഭേദഗതിയാണ്. ആ ഭേദഗതി ഇതാണ്. add a new sub-clause (iii) "Ir favour of tenants of the property".

ശ്രീമതി കെ. ആർ. ഗൗരി : ആ ഭേദഗതി "in favour of the tenants of the holdings whose tenancy was in existence before 18th December 1957" ഇങ്ങനെയായാൽ വിരോധമില്ലല്ലോ ?

ശ്രീ. എം. നാരായണക്കുറുപ്പ് : ഇന്നു അനവധി കുടിയാന്മാർ ഉടമസ്ഥന്റെ അവകാശം വാങ്ങിയിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സ്വീകരിക്കുന്നതുകൊണ്ട് എനിക്കു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thommen : I oppose the amendment of Shri Kurup to delete 'a member of'. That will create difficulties because the property may belong to the father, husband, wife or minor children. They may have individual properties. If this amendment is accepted, it will create more difficulties in the case of Marumakkathayam tarwads etc. So, it is necessary to retain those words there. In the case of Christian families also where the property belongs to the father, suppose at the "dhananischayam" of a daughter, the father allots some of his properties to his daughter; it is done by a member of the family.

Shri M. Narayana Kurup : I have moved that amendment only with the object of defeating transactions after 18th December 1957.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, എന്റെ 168-ാമത്തെ ഭേദഗതിയിൽ പറയുന്നതു insert the words 'in favour of persons other than tenants or Kudikidappukars in the land so transferred' എന്നാണ്. എന്നുവച്ചാൽ ടെനന്റിനോ, കുടികിടപ്പുകാരനോ ആണ് ഉടമസ്ഥാവകാശം വിററിട്ടുള്ളതെങ്കിൽ അതു "null and void" എന്നു പരിഗണിക്കുവാൻ പാടില്ല. ഈ ബില്ലിൽ ടെനന്റിനു ഉടമസ്ഥാവകാശം വാങ്ങുവാൻ പർച്ചേയിസ് റൈററു കൊടുക്കുകയാണ്. അങ്ങനെ ടെനന്റിനെ ഭൂവുടമയാക്കുവാൻ സഹായകരമായ ഒരു നിലയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ആ നിലയ്ക്കു് ഉടമ കുടിയാനു നേരിട്ടു വസ്തു കൊടുക്കുകയാണെങ്കിൽ അതു ഈ ബില്ലിലെ വ്യവസ്ഥയെ സഹായിക്കുന്ന ഒന്നായിരിക്കും. ഭൂവുടമകൾ കുടിയാന്മാർക്കുതന്നെ അവരുടെ ഉടമാവകാശം വിററിട്ടുണ്ടു്. അങ്ങനെ പലരും വിററിട്ടുള്ളതായി എനിക്കു നേരിട്ടറിയാം. ടെനന്റിനും കുടികിടപ്പുകാരനും ഭൂമി കിട്ടണമെന്നാണു് ഈ ബില്ലുകൊണ്ടു നാം ഉദ്ദേശിക്കുന്നതെങ്കിൽ ഭൂവുടമ നേരിട്ടു കൊടുക്കുന്നതിനെ ദുർബലപ്പെടുത്തേണ്ട ആവശ്യമില്ല. അതിനാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നതു്. അതുകൊണ്ടു് ഈ വകുപ്പു നിലനിറുത്തണമെന്നാഗ്രഹമുണ്ടെങ്കിൽ എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ഈ വകുപ്പു അനാവശ്യമാണു്. അതെടുത്തുകളയണമെന്നു മറെറാരു ഭേദഗതിയും ഞാൻ അവതരിപ്പിച്ചിട്ടുണ്ടു്. ഈ വകുപ്പു അനുസരിച്ചു സീലിംഗിൽ കവിഞ്ഞുള്ള ഭൂമി കൈമാററം ചെയ്തുകഴിഞ്ഞാൽ അത്തരം കൈമാററം അസാധുവാകുകയാണു്. അങ്ങനെ അസാധുവാക്കിക്കഴിഞ്ഞാൽ അതിന്റെ ഫലമെന്തായിരിക്കുമെന്നു നാം ആലോചിക്കേണ്ടതാണു്. അസാധുവാക്കിക്കഴിഞ്ഞാൽ വാങ്ങുന്ന ആൾക്കു് ഈ ഭൂമി കിട്ടുകയില്ല. ഭൂമി കിട്ടുകയില്ലെങ്കിൽ അയാൾ കൊടുത്ത പണമെങ്കിലും അയാൾക്കു കിട്ടണം. ആ പണം ഗവണ്മെന്റിൽനിന്നു കൊടുക്കുന്ന കാമ്പൻസേഷനിൽ നിന്നു കൊടുക്കുവാൻ വ്യവസ്ഥയുണ്ടാകണം. അങ്ങനെ കൊടുക്കുന്ന കാമ്പൻസേഷൻ അയാൾ കൊടുത്ത വിലയുടെ അത്രവരണം. വാങ്ങിയ ആൾക്കു് നഷ്ടം വരേണ്ട ആവശ്യമുണ്ടോ എന്നുള്ളതു നാം ആലോചിക്കണം.

മറെറാരു സംഗതി ബില്ലിനെ പരാജയപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഭൂമി ആരും കൈമാററം ചെയ്യരുതെന്നുള്ളതാണു്. അതാണു് ഉദ്ദേശമെങ്കിൽ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുമ്പോൾ വിററ ഭൂമിയുടെ കണക്കും കൂടി എടുക്കും എന്ന ഒരു വകുപ്പു വയ്ക്കുകയായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം. അതനുസരിച്ചാണു് 57-ാം വകുപ്പിൽ ഞാനൊരു ഭേദഗതി കൊടുത്തിട്ടുള്ളതു്. ആ ഭേദഗതിയിൽ ഞാൻ പറഞ്ഞിരിക്കുന്നതു്:

LIBRARY ARCHIVES Kerala Legislative Assembly

"For the purpose of this section all voluntary transfers effected after 18th December 1957, otherwise than by way of partition or on account of natural love and affection by a member of a family or an adult unmarried person owning or holding land in excess of the ceiling area shall be disregarded and the land so transferred shall be treated as belonging to the transferor'' എന്നാണ്. എന്നുവച്ചാൽ ഭൂമി വിററ ആളുടെ ഭൂമിയുടെ പരിധി നിശ്ചയിക്കുമ്പോൾ ആ വില്പന കണക്കാക്കാതെകണ്ടു അയാളുടെ പരിധി നിശ്ചയിക്കണമെന്നാണ്. അതു സ്വീകരിച്ചു കഴിഞ്ഞാൽ ഈ വകുപ്പിന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ആ അഭിപ്രായക്കാരനായിരുന്നു എന്നു കാണുന്നുണ്ട്. അദ്ദേഹം പ്ലാനിംഗ് കമ്മീഷനുമായി ഇതിനെപ്പററി ചർച്ചചെയ്ത അവസരത്തിൽ ഇതു null and void ആക്കണമെന്നല്ല; ഇതിനെ സംബന്ധിച്ചുള്ള വില്പന ഡിസ്‌റിഗാർഡ് ചെയ്തു പരിധി നിശ്ചയിക്കണമെന്നാണ് അഭിപ്രായപ്പെട്ടതു്. അങ്ങനെയാണെങ്കിൽ എന്റെ ഭേദഗതി സ്വീകരിക്കുകയായിരിക്കും നല്ലതു്. വില്ക്കുന്ന ആൾക്ക് അത്രയും ഭൂമി കൈവശം വയ്ക്കുവാൻ സാദ്ധ്യമല്ല. വാങ്ങുന്ന ആൾക്ക് ഭൂമിയുണ്ടായിരിക്കുകയുമില്ല. ഈ വകുപ്പ് ഭരണഘടനയ്ക്കു വിരുദ്ധമാണോ എന്നുള്ളതിനെ സംബന്ധിച്ചു എനിക്കു സംശയമുണ്ട്. എന്റെ ആ സംശയം ഇപ്പോഴും മാറിയിട്ടില്ല. അഡ്വക്കേററ് ജനറാൾ എന്തുതന്നെ പറഞ്ഞാലും ഈ വകുപ്പ് ഭരണഘടനയ്ക്കു വിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. വസ്തു കൈമാററം ചെയ്യുന്നതു ഈ ബില്ലിലെ വ്യവസ്ഥകളെ പരാജയപ്പെടുത്തുവാനാണെങ്കിൽ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു് അതു അസ്ഥിരപ്പെടുത്തുവാൻ അവകാശമുണ്ടെന്നാണ് അഡ്വക്കേററ് ജനറാൾ പറയുന്നതു്. ബില്ലിലെ വ്യവസ്ഥകളെ പരാജയപ്പെടുത്തുവാനാണെങ്കിൽ റിട്രാസ്പെക്ററീവായിട്ട് നിയമമുണ്ടാക്കുവാൻ വിരോധമില്ല. ഈ ബിൽ 1957 ഡിസംബർ 18-ാം തീയതി അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഭൂമി പാട്ടത്തിനു കൊടുക്കുന്നതിനെയും, കാണത്തിനു കൊടുക്കുന്നതിനെയും തടഞ്ഞിട്ടില്ല. അതുകൊണ്ടു് പല ആളുകളും ഉത്തമവിശ്വാസത്തോടു കൂടി പാട്ടത്തിനും കാണത്തിനും ഭൂമി കൊടുത്തിട്ടുണ്ടാവും. അങ്ങനെ ചെയ്തിട്ടുള്ളവർ ബില്ലിനെ തോല്പിക്കണമെന്ന ആഗ്രഹംകൊണ്ടായിരിക്കുകയില്ല. പാട്ടത്തിനു കൊടുക്കാൻ പാടില്ലെന്നു ഒരു വ്യവസ്ഥ ഇല്ലാത്ത നിലയ്ക്ക് ഉത്തമവിശ്വാസത്തോടുകൂടി ആളുകൾ ഭൂമി പാട്ടത്തിനു കൊടുക്കും. അങ്ങനെ പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു ദുർബലപ്പെടുത്തണമെന്നാണ് 58-ാം വകുപ്പ പറയുന്നതു്, അപ്രകാരം പാട്ടത്തിനു കൊടുത്തിട്ടുള്ളതു ദുർബലപ്പെടുത്തുവാൻ ഈ വ്യവസ്ഥകൊണ്ടു് നമുക്ക് അവകാശമുണ്ടോ എന്നാണ് ഞാൻ സംശയിക്കുന്നതു്. ഭരണഘടനാപ്രകാരം അതു നിലനിൽക്കുമോ എന്നു ആലോചിക്കേണ്ടതാണ്. ഉത്തമ വിശ്വാസത്തോടുകൂടി പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു ദുർബലപ്പെടുത്തുവാൻ നമുക്കു അവകാശമില്ല. അങ്ങനെ ആരെങ്കിലും പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു തികച്ചും നിയമവിധേയമായിരിക്കുന്നതാണ്. കുടിയാനു ഉടമയുടെ പർച്ചേയിസ് റൈററ് വാങ്ങുവാൻ അവകാശം കിട്ടുന്നതാണ്. അഡ്വക്കേററ് ജനറാൾ ഇതിനെപ്പററി വ്യക്തമായി പറഞ്ഞിട്ടില്ല. ഈ തീയതിക്കുശേഷം ടെനൻസി ക്രീയേററു ചെയ്താൽ അതെങ്ങനെ നിയമവിരുദ്ധമാക്കി തീർക്കുവാൻ സാധിക്കുമെന്നു ചോദിച്ചതിനു അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. അടുത്തതു് ഭേദഗതി 167 ആണ്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അതു് പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: പ്രസ്സ് ചെയ്യാതിരുന്നാൽ എത്രത്തോളം ശരിയാകുമെന്നു എനിക്കറിഞ്ഞുകൂടാ. അതു സഹായകമാകുമെങ്കിൽ സ്വീകരിക്കുന്നതിനു വിരോധമില്ല. പക്ഷെ, 58-ാം വകുപ്പ എടുത്തുകളയണം എന്നു മറെറാരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു ആ വകുപ്പു യാതൊരു പ്രയോജനവും ഇല്ലാത്തതുകൊണ്ടാണ്. ആ വകുപ്പുകൊണ്ടു 1957 ഡിസംബർ 18-ാം തീയതിക്കു ശേഷം നടത്തീട്ടുള്ള ട്രാൻസ്ഫേഴ്സിനെ സംബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ആ തീയതിക്കു മുമ്പുതന്നെ ബില്ലിൽ വരാൻപോകുന്ന വ്യവസ്ഥകൾ അറിഞ്ഞുകൊണ്ടും വളരെയധികം ട്രാൻസ്ഫേഴ്സുണ്ടായിട്ടുള്ളതായി ഈ ഭാഗത്തുനിന്നു പറഞ്ഞു. പല ആളുകളുടെയും ഭൂമി കൈമാററം ചെയ്യാൻ സൗകര്യം ഉണ്ടാക്കിയതിനുശേഷം കുറെ ആളുകളെമാത്രം ഈ നിയമത്തിനു വിധേയമാക്കാൻ വേണ്ടി ഈ വകുപ്പു വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. ഇവിടെ ഭൂപരിഷ്കരണത്തെപ്പററി ആലോചിക്കാൻ തുടങ്ങിയതു കമ്മ്യൂണിസ്ററുപാർട്ടി അധികാരത്തിൽ വന്നതിനു ശേഷമല്ല. അതിനു വളരെ അധികം നാൾമുമ്പാണ്. അതുകൊണ്ട് ഏതെങ്കിലും കാരണങ്ങൾ ദുർബലമാക്കണമെന്നുണ്ടെങ്കിൽ വളരെ മുമ്പുമുതൽക്കുള്ളതു് അസ്ഥിരപ്പെടുത്തണം. അതിനു കുറെ ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് ഈ 18-ാം തീയതിക്കുമുമ്പ് ട്രാൻസ്ഫേഴ്സ് നടത്തിയിട്ടുള്ളവരെയെല്ലാം രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനുശേഷം കാരണങ്ങൾ സൃഷ്ടിച്ച കുറെ ആളുകളെമാത്രം നിയമത്തിൻെറ ഇരുമ്പുമുഷ്ടിയിൽ കൊണ്ടുവരേണ്ട ആവശ്യമുണ്ടോ? സർ, ഇന്നത്തെ ഈ സീലിംഗ് വ്യവസ്ഥകളനുസരിച്ചു ഇന്നു ഓരോരുത്തർക്കും പരിധിവരെ കൊടുത്തുകഴിഞ്ഞു, എത്ര കണ്ടു ഭൂമി ബാക്കികിട്ടും, എന്നൊരു കണക്കു് ഗവണ്മെൻറിൻെറ അടുക്കലും, മന്ത്രിയുടെ അടുക്കലും ഇല്ല. പാർട്ടീഷനായിട്ടു് ഭൂമി കൈമാററം. out of love and affection-ൻെറ പേരിൽ എഴുതിവയ്ക്കാം. അങ്ങനെയെല്ലാം എഴുതിവച്ചുകഴിഞ്ഞതിനുശേഷം 15 ഏക്കർ ഇരുപത്തിരണ്ടര ഏക്കർ, മുപ്പതു ഏക്കർ, മുപ്പത്തിയേഴര ഏക്കർ ഇങ്ങനെ പരിധി അനുസരിച്ചു് കുടുംബത്തിലേക്കു കൊടുത്തുകഴിഞ്ഞ ബാക്കി എത്രയുണ്ടാകുമെന്നുള്ള ഒരു കണക്കു മന്ത്രിയുടെ അടുത്തില്ല. പിന്നെ പല വ്യവസ്ഥകളനുസരിച്ചും ഇന്നുള്ള മിക്കവാറും ഭൂമി മുഴുവൻ ഒഴിവാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ വകുപ്പു എടുത്തുകളയണമെന്നു ഞാൻ പറയുകയാണ്. പിന്നെ ഈ വകുപ്പിൻെറ ആവശ്യമെന്താണ്? ഇങ്ങനെ ഈ ട്രാൻസ്ഫേഴ്സ് ദുർബലപ്പെടുത്തിയതുകൊണ്ട് യാതൊരു ഭൂമിയും കൂടുതലായി കിട്ടാൻ പോകുന്നില്ല, അങ്ങനെ ഒഴിവാക്കിയിട്ടുള്ള ഭൂമികൾ എത്ര ഏക്കർ വരും, എന്നു നോക്കണം. എത്ര ഏക്കർ എന്നു കണക്കാക്കി ഓരോ ഇനത്തിലും പെട്ടതു പതിനഞ്ചു ഏക്കറിൽകവിഞ്ഞു് എത്രയുണ്ട് ഇരുപ്പുനിലം എത്ര കോക്കനട്ടുഗാർഡനുണ്ട്. എത്ര ഏക്കർ ഒരുപ്പുനിലമുണ്ട് എന്നു കണക്കെടുക്കുകയാണെങ്കിൽ മിച്ചഭൂമി ഇല്ല. അങ്ങനെ ഒരു കണക്കു ഈ നിയമം പാസ്സാക്കുന്നതിനുമുമ്പെങ്കിലും ഞങ്ങൾക്കു തരുമെന്നു വിശ്വസിക്കുകയാണ്: അതു ലഭിച്ചുകഴിഞ്ഞാൽ പിന്നെ ഈ വകുപ്പു വച്ചുകൊണ്ടിരിക്കേണ്ട ആവശ്യംവരില്ല. അതിനും പുറമേ ഈ വകുപ്പിൽ ഭരണഘടനാവിരുദ്ധമായി വല്ലതുമുണ്ടോ എന്നും മററുമുള്ള സംഗതികൾ ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം.

ശ്രീ. എം. സി. എബ്രഹാം: ഞാനീ ക്ലാസ്സിനെ എതിർക്കുകയാണ്. 1957 ഡിസംബർ 18-ാം തീയതിക്കുശേഷം ഉള്ള ട്രാൻസ്ഫേഴ്സു അസാധുവായിരിക്കുമെന്നാണ് ഈ ക്ലാസ്സിൽ പ്രസ്താവിച്ചിരിക്കുന്നതു്. ഈ ഭൂനിയമത്തിൻെറ തത്വത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു കുടിയാനു സ്ഥിരാവകാശം കൊടുക്കുകയും, ന്യായമായ പാട്ടം നിശ്ചയിക്കുകയും വസ്തുക്കൾക്കു പരിധി നിശ്ചയിക്കുകയും ആണ്. അതിൽ കുടിയാനു സ്ഥിരാവകാശം കൊടുക്കണമെന്നു നിശ്ചയിച്ചു കഴിഞ്ഞു. ഇനി ന്യായമായ പാട്ടം നിശ്ചയിക്കാൻ പോകുകയാണ്. പരിധി സംബന്ധിച്ചാണെങ്കിൽ കൈവശമുള്ള ഭൂമി പതിനഞ്ചേക്കർ അല്ലെങ്കിൽ 25 ഏക്കറിൽ കൂടുതൽ വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നു നിയമം പാസാക്കി. അതുപോലെ ഭാവിയിലും സീലിംഗിൽ കവിഞ്ഞുള്ള വസ്തു കൈവശംവച്ചുകൊണ്ടിരിക്കാൻ പാടില്ലാ എന്നു പാസാക്കിക്കഴിഞ്ഞു. പിന്നെ എന്തിനുവേണ്ടിയാണ് ഈ വകുപ്പ് എന്നു മനസ്സിലാകുന്നില്ല. പിന്നെ ഇതിൻെറ ഉദ്ദേശം ഭൂമിയില്ലാത്ത ആളിനു ഭൂമി എടുത്തുകൊടുക്കാനാണ് ഉദ്ദേശമെങ്കിൽ 1957 ഡിസംബർ പതിനെട്ടാംതീയതിക്കുശേഷം കുറെ വസ്തുക്കൾ മാറപ്പാട്ടു ചെയ്തിട്ടുണ്ട്. ആ വസ്തുക്കളെല്ലാമെടുത്തു ഭൂമിയില്ലാത്തവർക്കു കൊടുക്കാൻവേണ്ടിയാണെങ്കിൽ ആ ഉദ്ദേശം അതു സഫലമാക്കുകയില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

1957 ഡിസംബർ 18-ാംതീയതിക്കശേഷം വസ്തുക്കൾ വിററിട്ടുണ്ടാകും. ഈ ബില്ല് പരസ്യപ്പെടുത്തിയതിനുശേഷം ആരെങ്കിലും വിററിട്ടുണ്ടാകും. പരിധിക്കു മുകളിലുള്ളവരായിരിക്കും വിററിട്ടുള്ളത്. പരിധിക്കു താഴെ പരിധിയിൽ കുറവായിട്ടുള്ള ആളുകളായിരിക്കും ആ വസ്തുക്കൾ വാങ്ങുന്നത്. അങ്ങനെ വാങ്ങിയതുകൊണ്ട് ശരിയായ വസ്തു വിതരണം ആയിട്ടില്ലായിരിക്കാം. എന്നാൽ അതിന്റെ കണക്ക് ഗവണ്മെന്റ് എടുത്തിട്ടില്ലാത്തതുകൊണ്ട് അതു അറിയാൻ സാധ്യമാകയില്ല. ഈ ടെനൻസിയെ സംബന്ധിച്ചാണെങ്കിൽ പർച്ചേസ് റൈററ് കിട്ടുന്നുമുണ്ട്. അതിനു കാമ്പൻസേഷന്റെ കാര്യത്തിലും നിയമം പാസാക്കി. മിച്ചഭൂമി ഗവണ്മെന്റിലേക്കു എടുക്കുന്നതിനു ബാണ്ടായിട്ടോ, മറേറാ കൊടുക്കാനാണു പോകുന്നത്. അതുകൊണ്ട് ശരിയായിട്ടുള്ള വസ്തു വിതരണം നടക്കണം; കൃഷിക്കാവശ്യമുള്ളവർക്കു ഭൂമി കിട്ടണം എന്നുള്ളതാണ് ഗവണ്മെന്റിന്റെ ഉദ്ദേശമെങ്കിൽ ഈ വകുപ്പിന്റെ ആവശ്യമില്ല.

മറെറാന്നു പറയാനുള്ളത്, ഇവിടെ വളരെയധികം ആധാരങ്ങൾ നടത്തീട്ടുണ്ട്. വളരെയധികം തീറാധാരങ്ങൾ നടത്തീട്ടുണ്ട്. അങ്ങനെ ഒരു പൂർവകാലപ്രാബല്യത്തോടുകൂടി ഒരു നിയമമുണ്ടാക്കിക്കൊണ്ട് മുമ്പു നടത്തീട്ടുള്ള ആധാരങ്ങൾ ദുർബലപ്പെടുത്തിയാൽ അങ്ങനെയുള്ള ട്രാൻസ്ഫേഴ്സ് എല്ലാം null and void ആണെന്നു പറയുന്നു. അങ്ങനെ ഒരു നടപടി സ്വീകരിക്കുന്ന അവസരത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ "calculated to defeat the purpose of the legislation" ആണോ എന്നുള്ളതിനു ഇതെല്ലാം എത്ര നാൾ കോടതിയിൽ വിചാരണചെയ്ത ശേഷമാണ് തീരുമാനിക്കുന്നത്. അതു പ്രായോഗികമാകാൻ പോകുന്നില്ല. അതുകൊണ്ട് ഇങ്ങനെ ഒരു ക്ലാസിന്റെ ആവശ്യമില്ല. ഇന്നു പതിനഞ്ചേക്കറിൽ കൂടുതലുള്ള ഭൂമി വിട്ടുകൊടുക്കണം, ഭാവിയിൽ വാങ്ങാനും പാടില്ല. 1957 ഡിസംബർ 18-ാംതീയതിക്കു ശേഷം വിററു പോയിട്ടുണ്ടെങ്കിൽ അതു ദുർബലമാക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. ആർ. രാഘവമേനോൻ:</u> ഈ ക്ലാസ്സ് എടുത്തുകളയണമെന്നാണ് ഞാനിവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. 1957 ഡിസംബർ 18-ാംതീയതിക്കു ശേഷം ഭൂവുടമസ്ഥന്മാർ ഭാഗത്താലോ, അല്ലെങ്കിൽ ദാനമോ വല്ലതും ചെയ്തു പോയിട്ടുണ്ടെങ്കിൽ ആ കൈമാററങ്ങളും അസാധുവാണെന്നാണ് വച്ചിട്ടുള്ളത്. അതേസംബന്ധിച്ചു ആണറബിൾ ശ്രീ. കുറുപ്പും, ശ്രീ. കെ. കെ. വിശ്വനാഥനും ഓരോ അമെൻറുമെൻറു ഇവിടെ കൊണ്ടുവന്നു, അതു ശരിയല്ലെന്നു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. അതനുസരിച്ചു ഇവിടെ കുറെ പ്രസംഗങ്ങൾ നടത്തിയതിനുശേഷം ആണറബിൾ മന്ത്രി അതു പ്രസ്സ് ചെയ്യുന്നില്ല എന്നു പറഞ്ഞു. അതു അസംബ്ലി സമ്മതിക്കുന്നെങ്കിൽ തീരുമാനിക്കാം. അതേപ്പററി ഞങ്ങൾക്കാക്ഷേപമില്ല. അതിൽ പ്രധാനമായി പറയാനുള്ളതെന്താണെന്നുവച്ചാൽ ഈ സ്നേഹവാത്സല്യങ്ങൾകൊണ്ടും മററും കൊടുത്തിട്ടുള്ള കൈമാററങ്ങളും മററും ശരിയല്ല എന്നു പറയാൻ പാടില്ല. നിയമത്തിന്റെ ഉദ്ദേശമനുസരിച്ച് ആളുകൾ പ്രവർത്തിക്കേണ്ടതാണ്; നിയമം വരുമ്പോൾ നാം ശരിയായി പ്രവർത്തിച്ചിട്ടുണ്ടെന്നു കാണിക്കാനുംകൂടിയാണ് അവർ അങ്ങനെ ചെയ്യേണ്ടത്. നാം ഇവിടെ 15 ഏക്കറിൽ കൂടുതൽ കൈവശംവക്കാൻ പാടില്ലാ എന്നു നിയമം പാസാക്കുകയാണ്. അപ്പോൾ ഗവണ്മെൻറിനു കൊടുക്കണം, അല്ലെങ്കിൽ വേറെ ആളുകൾക്കു കൊടുക്കണം. ആണറബിൾ മിസ്റ്റർ പി. ആർ. കുറുപ്പ് ഇവിടെ പറഞ്ഞു, ഈ നിയമം വരുന്നതിനുമുമ്പുതന്നെ ആണറബിൾ അച്യുതമേനോൻ ഇതിനെപ്പററി പറഞ്ഞു എന്ന്. അദ്ദേഹം അതു പറഞ്ഞതു നല്ലതുതന്നെ. അങ്ങനെ ചെയ്താൽ നല്ലതുതന്നെ. വരാൻ പോകുന്ന കാര്യം മുമ്പിൽകൂട്ടി അറിവുകൊടുത്താൽ ഭൂപ്രശ്നത്തിന്റെ കാര്യത്തിൽ ജനങ്ങൾക്കു വേണ്ടതു ചെയ്യാം എന്നുള്ളതുകൊണ്ടു പറഞ്ഞു. അതിൽ യാതൊരു തെററുമില്ല. ഞാനതു നല്ലതാണെന്നാണു

[ശ്രീ. ആർ. രാഘവമേനോൻ]

പറയുന്നതു്. നിങ്ങൾ നേരത്തേ പറഞ്ഞു, ഞങ്ങളിങ്ങനെ ഒരു നിയമം കൊണ്ടുവരാൻ പോകുന്നു എന്നു്. അതിനുള്ളിൽ നിങ്ങൾ സകല പ്രവൃത്തിയും ചെയ്തുതീർക്കണമെന്നു്; അതും നല്ലതുതന്നെ. പതിനഞ്ചേക്കർവരെ മാത്രമേ ഭൂമി വയ്ക്കാൻ പാടുള്ളു എന്നു പറഞ്ഞു; അതിൽകവിഞ്ഞു ഭൂമി വച്ചിട്ടുണ്ടെങ്കിൽ അതു ഗവണ്മെന്റെടുത്തു ഭൂമിയില്ലാത്തവർക്കു കൊടുക്കും എന്നും പറഞ്ഞു. അതിന്റെ സാരം മനസ്സിലാക്കീട്ടാണു് ആ നിയമം വരുന്നതിനുമുമ്പു് ഭൂമിയുള്ളവരെല്ലാം വല്ല ട്രാൻസ്ഫേഴ്സും ചെയ്തിട്ടുള്ളതു്. ആ നിയമം വരുമ്പോൾ എല്ലാവരും നിയമപ്രകാരം ഇരിക്കണമെന്നു കരുതി. എന്നാൽ ഇപ്പോൾ അതെല്ലാം ദുർബ്ബലപ്പെടുത്തണം; അതു സാധുവല്ല; എല്ലാം ഞങ്ങൾ പിടിച്ചെടുക്കും എന്നാണു് പറയുന്നതു്. ഒരു നായ് അടുക്കളയിൽ കടന്നു നമുക്കു വച്ചിരിക്കുന്ന ചോറു തിന്നു എന്നു വിചാരിക്കുക. അതിനെ അടിച്ചു പുറത്താക്കണം. അങ്ങനെയല്ലാതെ നായ് പോകുന്ന വഴിക്കൊക്കെ അതിനെ ഉപദ്രവിക്കാൻ നടക്കുന്നതു് ശരിയല്ല; അതു ഹിംസയാണു്. ഇവിടെ നാം ഒരു നിയമം പാസാക്കിയാൽ, അതിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ചു നാട്ടിൽ ജനങ്ങൾ പെരുമാറുന്നുണ്ടോ എന്നു നോക്കിയാൽമതി. 15 ഏക്കർ ഭൂമി പരിധി നിശ്ചയിച്ചാൽ, അതിൽകൂടുതൽ ഭൂമി ആരുടെയെങ്കിലും കയ്യിലുണ്ടോ എന്നു നോക്കണം. അതല്ലാതെ, ആരെങ്കിലും അവരുടെ കൈവശമുള്ള ഭൂമി മററുള്ളവർക്കെങ്കിലും ദാനമായിട്ടോ, വിലയായിട്ടോ കൊടുത്തിട്ടുണ്ടെങ്കിൽ അതിനെ ചോദ്യംചെയ്യാവുന്നതല്ല. ഗവണ്മെന്റിനു് അതിന്റെ ആവശ്യമില്ല. നാം ഉണ്ടാക്കാൻ പോകുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചു്, ഈ നിയമത്തിന്റെ നടത്തിപ്പിനു സഹായകമായ രീതിയിൽ ആരെങ്കിലും അവരുടെ അധികമുള്ള ഭൂമി കൈമാററംചെയ്യുകയോ മററോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ഗവണ്മെന്റു് കുററപ്പെടുത്തേണ്ട കാര്യമില്ലെന്നാണു് എന്റെ അഭിപ്രായം. 1 ഏക്കർ ഭൂമിയേ പരിധിയായി വയ്ക്കാൻ പാടുള്ളു എന്നു് നിയമം ഉണ്ടാക്കിയാൽ അതിൽകവിഞ്ഞുള്ള ഭൂമി വസ്തു ഉടമകളുടെ ഇഷ്ടംപോലെ ചെയ്യാനുള്ള അവകാശം കൊടുക്കണമെന്നാണു് ഇതിനുമുമ്പും ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. എല്ലാംകൂടെ പരിശോധിച്ചു നോക്കുമ്പോൾ ഈ നിയമം നാട്ടുകാർക്കു് നല്ലതാണോ, ചീത്തയാണോ എന്നു നോക്കണം. എന്റെ അഭിപ്രായത്തിൽ ഈ നാട്ടിലെ ഒരു വിഭാഗക്കാരെ അപകടത്തിലാക്കുന്ന നിയമമാണിതു്. ഇങ്ങനെയൊരു നിയമം വരുന്നതിനു മുമ്പുതന്നെ, നല്ലയാളുകൾ ചിലർ അവരുടെ ആശ്രിതന്മാർക്കോ ബന്ധുക്കൾക്കോ അധികമുള്ള ഭൂമി എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ, മറെറന്തെങ്കിലും കരണങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ചോദ്യംചെയ്യാൻ ഗവണ്മെന്റിനു് അർഹതയില്ല. ഇങ്ങനെ ഒരു വ്യവസ്ഥ ഇതിൽ എഴുതിച്ചേർക്കാതെ നല്ല രീതിയിൽ ഇതു കൈകാര്യംചെയ്യാനുള്ള വഴിയാണു് സെലക്ററുകമ്മിററിയിൽ ഞങ്ങൾ നിർദ്ദേശിച്ചതു്. അതായതു്, അധികഭൂമി ഭൂവുടമസ്ഥരും കുടിയാന്മാരും തമ്മിൽ യോജിച്ചു ആവശ്യമായ വ്യവസ്ഥചെയ്യുന്നതിനു് ഒന്നോ രണ്ടോ കൊല്ലത്തെ അവധികൊടുക്കണം. കുടിയാന്മാരായാലും, ഭൂവുടമകളായാലും അവർ ഈ രാജ്യത്തെ പ്രജകളാണു്. അവർ ഒരുമിച്ചു ചേർന്നു് ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കിക്കൊള്ളും. അങ്ങനെ ഒന്നോ രണ്ടോ കൊല്ലം സമയംകൊടുക്കണമെന്നു ഞങ്ങൾ പറഞ്ഞിട്ടു് അതു ചെയ്തില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ആർക്കും യാതൊരു മനശ്ശല്യവും കൂടാതെ കാര്യം ഒതുക്കാമായിരുന്നു. അതു സമ്മതിച്ചില്ലെന്നുമാത്രമല്ല; വേറെ ചിലതു ചെയ്തുവെക്കുകയും ചെയ്തു. ഇത്തരം കരണങ്ങൾ ഒന്നും ഇക്കാലത്തേക്ക ചെയ്യാൻപാടില്ലെന്നു ഈ നിയമം വരുന്നതിനുമുമ്പു് നോട്ടിഫിക്കേഷൻ മൂലമോ, ആർഡിനൻസുമുഖേനയോ നിയന്ത്രിക്കാമായിരുന്നു. അതും ഗവണ്മെന്റു ചെയ്തില്ല. അങ്ങനെ മുൻകൂട്ടി ജനങ്ങളെ കാര്യം ധരിപ്പിക്കാതെ, 1957 ഡിസംബർ 18-ാംതീയതിക്കു ശേഷമുണ്ടായിട്ടുള്ള കരണങ്ങൾ ഈ നിയമംമൂലം അസാധുവാക്കുന്നതു ശരിയല്ല. സാധുക്കളായ കുറെ ഭൂവുടമകളെ ഉപദ്രവിക്കാമെന്നല്ലാതെ ഈ നിയമംകൊണ്ടു് വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടാണു് ഇതിനെ ഞാൻ എതിർക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പററി ആലോചിച്ച് കുറെസമയം അവർക്ക് കൊടുക്കണമെന്നുള്ള അഭിപ്രായം ഒരിക്കൽകൂടി ഞാൻ ആവർത്തിക്കുകയാണ്. ഈ നിയമം പാസ്സാക്കിയാൽ സന്തോഷത്തോടുകൂടി അതു നടപ്പിലാക്കാൻ അവസരം സൃഷ്ടിക്കണം. ഭരണം എന്നു പറയുന്നതു്, ഇവിടെ വന്നിരിക്കുക, സർക്കീട്ടുപോവുക, നല്ല കാറുകളിൽ സഞ്ചരിക്കുക ഇതൊക്കെയായാൽ പോരാ; നാട്ടിലെ എല്ലാ ജനങ്ങൾക്കും സുഖമായും സന്തോഷമായും ജീവിക്കാനുള്ള അവസരം ലഭിക്കുന്നുണ്ടോ, ഇന്നത്തെ ഭരണംമൂലം എന്തെല്ലാം നന്മകൾ ഈ നാട്ടിനുണ്ടായിട്ടുണ്ട് എന്നൊക്കെ പരിശോധിക്കണം; അതിനനുസരണമായ നിയമങ്ങൾ വേണം ഇവിടെ അവതരിപ്പിച്ചു പാസാക്കാൻ. ബഹുജനങ്ങൾക്കു ഉപകാരപ്രദമായ രീതിയിൽ ഭരിച്ചില്ലെങ്കിൽ അവരുടെ ബഹുമാനം ഉണ്ടാകുകയില്ല. എല്ലാവരുടേയും ബഹുമാനം ആർജ്ജിക്കത്തക്ക നിലയിൽവേണം ഭരണം നടത്താൻ.

ഈ വകുപ്പ് ഈ നിയമത്തിൽ ആവശ്യമില്ലെന്നും, ഇതിന്റെ ഉദ്ദേശം നിറവേററാൻ ഇതു് നെല്ലിടപോലും സഹായിക്കുകയില്ലെന്നും ഇതു് എടുത്തുകളയണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഈ വകുപ്പ് എടുത്തുകളയണമെന്നാണ് എന്റേയും അഭിപ്രായം. നാം ഒരു നിയമം കൊണ്ടുവരുമ്പോൾ വൈരനിര്യാതനബുദ്ധിയോടുകൂടിയുള്ളതായിരിക്കരുതെന്നു പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

Mr. Speaker: Let us not discuss about general principles The Honorable Member may confine himself to the present amendment.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, വളരെ ഉത്തരവാദിത്വമുള്ള ഒരു കാര്യമാണിതു്. ഭൂനയബില്ലിനെപ്പററി അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യവും സൗകര്യവും എല്ലാവർക്കും കൊടുക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയാണ്. ഇതു് കുഞ്ഞുകളിയല്ല, നിയമനിർമ്മാണമാണ്; ഈ രാജ്യത്തെ സകല ആളുകളെയും ബാധിക്കുന്നതായതുകൊണ്ടാണ് ഞങ്ങൾ വളരെ ആലോചിച്ചു വീണ്ടും വീണ്ടും ഇതിനെപ്പററി സംസാരിക്കുന്നതു്. ഈ വകുപ്പ് ഇതിനകത്തു എഴുതിച്ചേർക്കുന്നതുകൊണ്ടു് വളരെയധികം പാവങ്ങളെ തെരുവുതെണ്ടികളാക്കിത്തീർക്കുകയായിരിക്കും ചെയ്യുന്നതു്. വളരെയധികം പാവങ്ങളെ ഇതു പ്രതികൂലമായി ബാധിക്കുന്നതാണ്. സർ, ഇതിനെപ്പററി പറയുമ്പോൾ, മന്ത്രി ശ്രീ. കൃഷ്ണയ്യരുടെ ട്രസ്റ്റിനെപ്പററിയൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഈ നിയമത്തിന്റെ എല്ലാവിധ കാര്യങ്ങളും അറിഞ്ഞുകൊണ്ടു് പണക്കാരായ കമ്മ്യൂണിസ്റ്റുകാർ എല്ലാം അവരുടെ വസ്തുക്കൾ അന്യാധീനം ചെയ്തിട്ടുണ്ടു്; അതിനുള്ള സൗകര്യം അവർക്കു നൽകിയതിനുശേഷം, ഇപ്പോൾ കുറെ പാവങ്ങളെ ഉപദ്രവിക്കാൻവേണ്ടിയാണ് ഈ വകുപ്പ് എഴുതിച്ചേർത്തിരിക്കുന്നതെന്നുള്ള വ്യക്തമായ ആരോപണം ഞാൻ മന്ത്രിസഭയുടെ നേർക്കു ചൊരിയുകയാണ്. ഈ വകുപ്പ് സാധുക്കളായ പലരെയും ഉപദ്രവിക്കാൻവേണ്ടിയുള്ളതാണെന്നു പറയാൻ കാരണമുണ്ടു്. സർ, തിരുവിതാംകൂർ ഭാഗത്തുനിന്നും മലബാറിലേക്കും, കിഴക്കൻപ്രദേശങ്ങളിലേക്കും തങ്ങളുടെ വസ്തുക്കളും മററും പണയപ്പെടുത്തി, ചട്ടിയും കലവും വിററുപെറുക്കി പത്തും, അൻപതും രൂപയുമായി പോയിട്ടുള്ള പാവപ്പെട്ട ആളുകൾക്കു്, ഈ ബിൽ പ്രസിദ്ധീകരിച്ചതിനുശേഷം, 1957 ഡിസംബർ 18-ാംതീയതിക്കുശേഷം ഉണ്ടായിട്ടുള്ള കരണങ്ങൾ സ്വീകാര്യമല്ലെന്നു പറയുന്നതു വളരെ ഉപദ്രവകരമായിത്തീരുന്നതാണ്. സ്വന്തം പാർട്ടിയിലുള്ളവർക്കു് പ്രത്യേകം ട്രസ്റ്റുണ്ടാക്കാനും, മററു കരണങ്ങൾ ഉണ്ടാക്കാനും അവസരം നൽകിയതിനുശേഷം, ഇങ്ങനെ പാവപ്പെട്ടവരെ ദ്രോഹിക്കാൻവേണ്ടി ഉദ്ദേശശുദ്ധിയില്ലാതെതന്നെ കൊണ്ടുവന്നിട്ടുള്ള ഒരു വകുപ്പാണിതെന്നാണ് എന്റെ ആക്ഷേപം. സാധുക്കളായ ആളുകൾ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

അല്പമാത്രമായ വസ്തുക്കൾ ഇത്തരത്തിലുള്ള കരണങ്ങൾമൂലം അന്യാധീനപ്പെടുത്തിയിട്ടുള്ളതു തിരിയെ കിട്ടാൻ നിവൃത്തിയില്ലാത്ത ഒരു അവസ്ഥ വരുത്തിവയ്ക്കുന്നതുമൂലം ഈ വകുപ്പ് എടുത്തുകളയണമെന്നാണ് എൻെറ അഭിപ്രായം. ഈ ബില്ലിൻെറ പ്രധാനമായ തത്വം ഭൂമി ആരിലും കുന്നുകൂടാൻ പാടില്ലെന്നുള്ളതാണ്. ആ തത്വം നാം അംഗീകരിച്ചുകൊണ്ടാണ് പരിധി നിശ്ചയിച്ചിട്ടുള്ളതു്. അങ്ങനെ ഭൂമി ഒരു സ്ഥാനത്തുതന്നെ കേന്ദ്രീകൃതമാകാതെ എന്തെങ്കിലും കരണം ചെയ്താൽ അതിനെ എന്തിനു നിയമംമൂലം തടയണം? ഞാൻ പണക്കാർക്കുവേണ്ടി വാദിക്കുകയാണെന്നു ആരും കുററം പറയുകയില്ലെന്നു വിശ്വസിക്കുന്നു. പണക്കാരുടെ വക്കാലത്തോടുകൂടി വാദിക്കുകയല്ല. ഏതെങ്കിലും പത്തു പണക്കാരെ മര്യാദപഠിപ്പിക്കാനായി ഇങ്ങനെയൊരു വകുപ്പ് എഴുതിച്ചേർത്താൽ അതുമൂലം ആയിരമായിരം പാവപ്പെട്ടവർക്ക് വസ്തു നഷ്ടപ്പെടാൻ ഇടയാകും. മലബാറിലും, കിഴക്കൻ പ്രദേശങ്ങളിലും അധ്വാനിച്ച് കൃഷിഭൂമിയുണ്ടാക്കാൻ സ്വന്തം സ്ഥലം കരണങ്ങൾ ചെയ്തു് നാടുവിട്ടുപോയിട്ടുള്ളവരുടെ കാര്യം നാം പ്രത്യേകം പരിഗണിക്കേണ്ടതാണ്. അതുകൊണ്ടു് ഈ വകുപ്പ് എടുത്തുകളയണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ശ്രീ കുറുപ്പ് അവതരിപ്പിച്ച 1132-ാമത്തെ ഭേദഗതി താഴെപ്പറയുന്ന മാററത്തോടുകൂടി സ്വീകരിക്കാൻ തയ്യാറാണ്.
'in favour of the tenant of a holding, the tenancy of which was in existence before 18th December 1957'.

Shri M. Narayanakurup: I shall give a better rendering: 'in favour of a person who was a tenant of the holding before the 18th December 1957, and continues to be so till the date of transfer.' That, I feel, will be better.

ശ്രീമതി. കെ. ആർ. ഗൗരി: അതു സ്വീകരിക്കുന്നു. ഞാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല. ബാക്കിയുള്ള ഭേദഗതികൾ ഒന്നും സ്വീകരിക്കാൻ നിവൃത്തിയില്ല. മി. രാമുണ്ണിക്കുറുപ്പും മററു ചിലരും ഇവിടെ പറയുകയുണ്ടായി, കമ്മ്യൂണിസ്ററുകാർക്ക് എല്ലാം വസ്തു ഇഷ്ടാനുസരണം ടെസ്ററായും മററും കൈമാററാനുള്ള അവസരം നൽകി, അങ്ങനെ പലരുടെയും അവകാശമൊക്കെ ഭദ്രമാക്കിയതിനുശേഷമാണ് ഇങ്ങനെയൊരു വകുപ്പുകൊണ്ടുവന്നിട്ടുള്ളതെന്നു്. ആ നിലയിൽ ഇതു ബാക്കിയുള്ളവരെ തോൽപ്പിക്കാൻ കൊണ്ടുവന്നിട്ടുള്ളതാണെന്നു പറഞ്ഞു. ഏതായാലും ഈ നിയമസഭയിൽതന്നെ അവസരംപോലെ പല അഭിപ്രായങ്ങളും നാം കേട്ടതാണ്. ആദ്യം കേട്ടു, തെണ്ടികൾക്കുവേണ്ടി അവരുടെ ആളുകൾ ഉണ്ടാക്കുന്ന ഒരു ബില്ലാണിതു്, പിന്നെ പറഞ്ഞു പണക്കാരായ ആളുകളെ രക്ഷിക്കാൻ അവരുടെ ആളുകൾ ഉണ്ടാക്കുന്ന ബില്ലാണിതു് എന്നും. ഏതായാലും ഒരുകാര്യം ഇപ്പോഴെങ്കിലും ബഹുമാനപ്പെട്ട മെമ്പറന്മാർ സമ്മതിക്കുന്നതിൽ സന്തോഷമുണ്ടു്. ഞാൻ മലബാറിൽ പോയിരുന്നപ്പോൾ ഈ ബില്ലിലെ ഉള്ളടക്കത്തെപ്പററി വെളിപ്പെടുത്തിയെന്നു് മുമ്പ് ഇവിടെ സൂചിപ്പിച്ചിരുന്നതു് ഒരാരോപണം കൊണ്ടുവന്നിരുന്നു. പ്രസ്സ്കാർ വിവരം ചോദിച്ചപ്പോൾ ഞാൻ എഴുതിക്കൊടുക്കുകയാണ് ചെയ്തതു്. മററു വിധത്തിൽ വ്യാഖ്യാനങ്ങൾ വരാതിരിക്കാൻ ഞാൻ കരുതിക്കൂട്ടി അങ്ങനെ ചെയ്തതാണ്. പിന്നെ അന്നു് ബില്ലിലെ ഉള്ളടക്കത്തെപ്പററി യാതൊന്നും പ്രസംഗിച്ചിട്ടില്ല. ശ്രീ. അച്യുതമേനോൻ എന്തോ പ്രസംഗിച്ചതായി ഇവിടെ പറഞ്ഞു. അങ്ങനെ പ്രസംഗിച്ചിട്ടുള്ളതാണെങ്കിൽ അതിനു് രേഖ കാണുമല്ലോ. അങ്ങനെ കമ്മ്യൂണിസ്ററുകാരെമാത്രം വിവരം ധരിപ്പിക്കാനായിട്ടു് എന്തായാലും ഒരു ശ്രമവും നടത്തിയിട്ടില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അങ്ങനെ ഞാൻ പറഞ്ഞില്ല; കമ്മ്യൂണിസ്ററുകാരെമാത്രം അറിയിക്കാനായിട്ടു് പ്രസംഗിച്ചതായി പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഏതായാലും ഈ ഗവണ്മെന്റ് ഈ ബിൽ അവതരിപ്പിക്കുന്നതിനു മുൻപായി ആത്മാർത്ഥമായി നടത്തിയിട്ടുള്ള ട്രാൻസാക്ഷനെപ്പററി ഏതെങ്കിലും വിധത്തിൽ നിയന്ത്രണം വേണമെന്ന് പറഞ്ഞിട്ടില്ല. ഈ ബിൽ ജനങ്ങളുടെ മുൻപിൽ വച്ചതിനുശേഷം, ഗസററ് നോട്ടിഫിക്കേഷൻമൂലം നിശ്ചിത തീയതി കാണിച്ച് പുതുതായുള്ള കരണങ്ങളെ നിയന്ത്രിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ. ടെനൻറിന് കുടികിടപ്പുകാരൻ എന്ന നിലയിൽ ഫിക്സിററിയും അസൈൻമെൻറും നൽകാൻ മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ സാധിക്കുന്നതാണ്.

ശ്രീ. വിശ്വനാഥൻ, സെലക്ററ് കമ്മിററി കൂടിയപ്പോഴും "null and void" ആകുമെന്ന അഭിപ്രായം ചൂണ്ടിക്കാണിച്ചിട്ടുണ്ട്: നമ്മുടെ ഏററവും വലിയ നീതിന്യായാസനമായ സുപ്രീം കോടതിയുടെ ഫുൾ ബെഞ്ചിൽതന്നെ ഇതിന്മേൽ ഒരു വിധിയുണ്ടായിട്ടുണ്ട്. അതായത് Indrasen vs Punjab State എന്ന കേസ്. അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് ഇത് അസാധുവാകുകയില്ലെന്ന്. അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം സംശയിക്കേണ്ട ആവശ്യമില്ല. സർ, ഈ കാരണങ്ങളാൽ മററു ഭേദഗതികളൊന്നും സ്വീകരിക്കാൻ നിവൃത്തിയില്ല. ഇവിടെ ഉന്നയിച്ചുകേട്ട പല ആരോപണങ്ങളും, കുറേക്കാലം കഴിയുമ്പോൾ തിരിച്ച് അങ്ങോട്ടും പറയാവുന്നതേയുള്ളൂ. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ആരോപണങ്ങൾ കൊണ്ടുവരുന്നത് ഇവിടെ ഒരു പതിവാണല്ലോ. ഈ ബിൽ യഥാർത്ഥത്തിൽ കർഷകരായ കുടിയാന്മാർക്ക് രക്ഷനൽകണമെന്നുള്ള ഉദ്ദേശത്തിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതുകൊണ്ട് ഈ ഭേദഗതികൾ ഒന്നും ഞാൻ സ്വീകരിക്കുന്നില്ല.

Amendment No. 1126 moved by Shri K. M. George was put and lost.

Amendments Nos. 1128 and 1130 moved by Shri P. Ramunni Kurup were put and lost.

Amendment No. 1127 moved by Shri K. C. Abraham was barred.

Amendment No. 1129 moved by Shri C. A. Mathew was put and lost.

Amendment No. 1131 moved by Shri M. Narayana Kurup was put and lost.

The following modification of the Amendment (No. 1132) moved by Shri M. Narayana Kurup was put and carried

> 'In clause 58, at the end of sub-clause (ii) the word 'or shall be added and the following shall be added as sub clause (iii)—
>
> (iii) In favour of a person who was a tenant of the holding before the 18th December 1957 and continues to be so till the date of transfer."

Amendment (No. 167 in consolidated list 2) moved by Smt K. R. Gouri was by leave withdrawn.

Shri T. A. Thomman: Sir, I demand a poll on that. I object to the withdrawing of amendment No. 167.

A poll was taken when the House divided as follows:

LIBRARY ARCHIVES Kerala Legislative Assembly

Ayes 51.

1 Shri Abdul Majeed
2 „ C. Achutha Menon
3 Shri P. Balachandra Menon
4 „ R. Balakrishna Pillai
5 „ N. E. Balaram
6 „ K. Bhargavan
7 „ P. Bhaskaran Nair
8 „ E. Chandrasekharan Nair
9 „ P. K. Chathan
10 „ K. C. George
11 „ E. P. Gopalan
12 „ P. Gopalan
13 „ K. P. Gopalan
14 „ E. Gopalakrishna Menon
15 „ K. P. R. Gopalan Nambiar
16 Smt. K. R. Gouri
17 Shri Govindan
18 „ P. Govindan Nambiar
19 „ P. Govinda Pillai
20 „ R. Janardhanan Nair
21 „ A. M. Kaliyanakrishnan Nair
22 „ Kallalan
23 „ C. H. Kanaran
24 „ C. Kannan
25 „ G. Karthikeyan
26 „ K. Karunakaran
27 Shri M. K. Kelu
28 „ P. K. Koru
29 „ R. Krishnan
30 „ K. Krishna Menon
31 „ M. Kumaran
32 „ E. T. Kunhan
33 „ Kunhikrishnan Nair
34 „ P. K. Kunjachan
35 „ P. R. Madhavan Pillai
36 „ C. K. Narayanankutty
37 „ T. C. Narayanan Nambiar
38 „ N. Neelakantaru Pandarathil
39 „ G. Padmanabhan Tampi
40 „ R. Prakasam
41 „ N. Rajagopalan Nair
42 „ T. K. Ramakrishnan
43 „ A. K. Ramankutty
44 „ P. Ravindran
45 Smt. Rosamma Punnose
46 Shri M. Sadasivan
47 „ C. G. Sadasivan
48 „ K. Sivadasan
49 „ N. Sivan Pillai
50 „ V. Sreedharan
51 „ R. Sugathan

Noes 27.

1 „ M. C. Abraham
2 „ Alexander Parambithara
3 „ M. A. Antony
4 „ K. Avukkadarkutty Naha
5 „ A. Balagopalan
6 „ M. Chadayan
7 „ K. M. George
8 „ Gopalankutty Nair
9 „ Malethu Gopinathan Pillai
10 „ K. Hassan Gani
11 „ P. S. Karthikeyan
12 „ T. Krishnan
13 „ Chrippady Kunhikrishnan Nair
14 „ P. M. Kunhiraman Nambiar
15 „ M. Kunjukrishnan Nadar

LIBRARY ARCHIVES Kerala Legislative Assembly

16 Smt. Kusumom Joseph
17 Shri Madura
18 ,, M. M. Mathai
19 ,, K. R. Narayanan
20 ,, M. Narayana Kurup
21 ,, *R. Raghava Menon
22 ,, P. Ramunny Kurup
23 Shri Ponnara G. Sreedhar
24 ,, K. T. Thomas
25 ,, T. A. Thomman
26 ,, M. Umesh Rao
27 ,, K. K. Viswanathan

Neutrals—nil.

(Shri R. Raghava Menon was in the seat of Shri A. Thanu Pillai and hence his vote was not allowed to be counted)

Shri K. M. George: Sir, a word for your information. You had allowed Mr. Raghava Menon to occupy the seat of the hon. the Leader of the Praja Socialist Party till he comes. So he was sitting there. He may also be allowed to vote.

Mr. Speaker: I had allowed him to occupy the seat when speaking.

Shri K. K. Viswanathan: Formerly it was so.

Shri R. Raghava Menon: On a previous occasion, when I was occupying the seat of Shri Thanu Pillai, my vote was also counted.

Mr. Speaker: It is not going to make any difference.

Shri M. Narayana Kurup: It is an innocent concession also.

Mr. Speaker: Now I allow Mr. Raghava Menon to vote. This is the result of the poll:

Ayes —51
Noes —27
Neutral —Nil.

The motion was carried. The amendment was, by leave withdrawn.

Amendment (No. 168 in C. 2) moved by Shri K. K. Viswanathan, was put and lost.

The question that—Clause 58, as amended, stands part of the Bill was put and carried.

Clause 58, as amended, was added to the Bill.

Clause 59

Shri T. A. Thomman: I move:

(No. 1136) For clause 59, substitute the following:—

* Shri Raghava Menon's vote which was first objected to was, on reconsideration by the Speaker, allowed to be counted.

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

"*Time for disposal of excess lands*:—Where a family or an adult unmarried person owns or holds land in excess of the ceiling area on the date when the provisions of this Act relating to ceiling comes into force the family or the adult member may within one year of such date dispose of the excess land".

Shri K. T. Thomas: I move:

(No. 1139) Delete clause 59 (1) to (7) and substitute instead the following as amended clause 59:—

"59. *Time for disposal of excess lands*:— When an individual owns or holds land in excess of the ceiling area on the date when the provisions of this Act relating to ceiling comes into force, he will be free voluntarily to dispose of it within one year of such date; and in case the owner of excess lands happens to be a minor, the time for such disposal will be one year from the date when such minor attains majority".

Smt. K. R. Gouri: I move:

(No. 1143) In clause 59, in sub clause (1) for the words "in whose name it stands" the words "who is competent to do so" shall be substituted.

Shri M. Narayana Kurup: I move:

(No. 1148) In clause 59, in the proviso to sub-clause (1), after the words 'section 7' add 'or section 15'.

Shri R. Raghava Menon: I move:

(No. 1149) In clause 59 (2) add 'after the expiry of one year' after the words 'Six months'.

Smt. K. R. Gouri: I move:

(No. 1150) In clause 59, in explanation II to sub-clause (2) between the words "the identity of the same shall be indicated" and with the concurrence of all the persons" the words "as far as practicable" shall be inserted.

Shri R. Raghava Menon: I move:

(No. 1152) In clause 59 (2) add the words "wherever possible" at the end of Explanation II.

Smt. K. R. Gouri: I move:

(No. 1153) In clause 59 in sub clause (3) for the words "in whose name it stands" the words "who is competent to do so" shall be substituted.

(No. 1155) In clause 59, in sub clause (5) for the words "the Land Board shall accept the choice" the words "the Land Board shall, as far as practicable, accept the choice" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(No. 1154) **Shri M. Narayana Kurup:** I move amendments Nos. 1154 and 1156:

In clause 59 (3), after the words 'section 7' and 'or section 15'.

(No. 1156) In clause 59 (7) after the word 'interested' in line 3, add 'to whom an opportunity was given under sub-clause (6)'.

Smt. K. R. Gouri: I move:

(No. 169 in Consolidated List (2)

12 Noon (1) In the proviso to sub-clause (1) for "to be purchased or resumed" substitute "to vest or to be resumed"

(2) In sub-clause (3) in the last paragraph for "final declaration" substitute "vesting".

(3) Before the last sentence add "At the time of the surrender he shall file a statement before the Land Board containing the particulars specified in sub-section (2) of the lands held by him.".

(No. 172 in clause List 2) In clause 59,—

(1) In sub-clause (1) in the proviso for the words and figures "is liable to be purchased under section 38" the words and figures "is liable to vest in the Government under section 38 or section 39" shall be substituted.

(2) In sub-clause (3) in the second paragraph for the words and figures "where after the final declaration of the Land Tribunal under section 42" the words and figures "where after the vesting of the rights, title and interests of the landowner in the Government under section 38 or section 39" shall be substituted.

Shri K. K. Viswanathan: I move that:

(No. 173 in clause 2) In clause 59, sub-clause (3). in the last paragraph, first sentence between the words 'person' and 'in' the words 'or the company' shall be inserted.

Shri T. A. Thomman: My amendment is—

Mr. Speaker: Your amendment is barred.

Shri. T. A. Thomman: I submit that it is not barred. Clause 58 deals with certain voluntary transfers to be null and void. That is to say, all tranfers effected after 18th December 1957 shall be null and void. Suppose a person has, on the date when the Act comes into force, land in excess of the ceiling. The aim of my amendment is that he should be given the power of disposal and that it should not vest in the Government on the date of the ceiling. That is all. The acceptance of clause 58 does not stand in the way of my amendment. Clause 58 deals with only voluntary transfers

LIBRARY ARCHIVES Kerala Legislative Assembly

[Shri T A. Thomman]

effected after 18th December 1957. What is provided here is that he should surrender the excess land to Government. I have moved that when a person has property more than the ceiling area, instead of surrendering the excess land he should be given the right of alienation.

ശ്രീമതി കെ. ആർ. ഗൌരി: ഭേദഗതിയിൽ 1957-നു ശേഷം എന്നു വച്ചിട്ടില്ലല്ലോ, അതുംകൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായമുണ്ടോ?

Shri T. A. Thomman: The Act comes into force on a particular date. The question is whether all deeds which have been executed before 18th December 1957 are valid or not. Notwithstanding anything contained in any law for the timebeing in force, all voluntary transfers effected after 18th December 1957, otherwise than........"

That means all documents which have been executed and not to be executed. My submission is that this deals with documents which have been already executed after 18th December 1957 and before the commencement of the Act. This does not deal with documents effected after the commencement of this Act. My submission is that when certain documents have to be declared to be null and void, it means that all documents which have already been executed at the commencement of this Act shall be declared to be null and void. I do not wish to speak much on this. There is nothing wrong in my amendment.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, അങ്ങു അനുവദിക്കുകയാണെങ്കിൽ ഞങ്ങളുടെ എല്ലാം അമൻറുമെൻറും മൂവ്ചെയ്യാം.

മി. സ്പീക്കർ: ഈ ഘട്ടത്തിൽ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. തിങ്കളാഴ്ച ഈ ബില്ലിൻെറ ചർച്ച അവസാനിക്കുന്നതുവരെ സഭാനടപടികൾ തുടർന്നുകൊണ്ടു പോയാൽ കൊള്ളാം എന്നൊരഭിപ്രായം വന്നിട്ടുണ്ട്. അതിനെപ്പററി സഭയുടെ അഭിപ്രായം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പൊന്നറ ജി. ശ്രീധരൻ: അതിനു നേരം വെളുക്കുന്നതുവരെ സഭ കൂടണമെങ്കിലും വിരോധമില്ല. എങ്ങനെയെങ്കിലും ഈ ബില്ല് പാസ്സാക്കിയാൽ മതിയെന്നാണല്ലോ.

ശ്രീമതി കെ. ആർ. ഗൌരി: നേരം വെളുക്കുന്നതുവരെ ഇരിക്കാൻ ഒക്കുകയില്ല. ഈ ഭേദഗതികളെല്ലാം ഒന്നുകൂടി നോക്കാനുണ്ട്.

ശ്രീമതി കുസുമം ജോസഫ്: സർ, ഈ ഭേദഗതികളെക്കുറിച്ച് കൂടുതലൊന്നും സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഇന്നലെ പറഞ്ഞ ചില കണക്കുകൾ കൊണ്ടു കാണിച്ചതുപോലെ സറണ്ടർചെയ്യുന്ന ഭൂമിക്കു കൊടുക്കുന്ന കാമ്പൻസേഷൻ വളരെ തുച്ഛമാണ്. ആ നിലയ്ക്കു സീലിംഗ് ഏരിയ കഴിച്ചുള്ള ഭൂമി മുഴുവനും ഉടൻതന്നെ ഗവണ്മെൻറിലേക്കു സറണ്ടർ ചെയ്യണമെന്നു നിർബന്ധിക്കുന്നതിനു വലിയ നീതിയുണ്ടെന്നു തോന്നുന്നില്ല. ഒരു വസ്തുവിൻെറ ഉടമസ്ഥനു ആ വസ്തുവിനു മാർക്കററിൽ ന്യായമായി ലഭിക്കാവുന്ന തുക ലഭിക്കുന്നതിനവകാശമുണ്ട്. അങ്ങനെയിരിക്കെ ആ ഭൂമി പിടിച്ചുപറിച്ചെടുക്കുന്നതിനു തുല്യമാണ് ഉടനെ ഗവണ്മെൻറിലേക്കു സറണ്ടർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നു കർശനമായി വ്യവസ്ഥ ചെയ്താൽ ഉണ്ടാകുന്ന അനുഭവം. അതു് സാമൂഹ്യനീതിക്കു് ചേരാത്ത ഒരു നടപടിയായിരിക്കും. അതുകൊണ്ടു് ഭൂമിയുടമസ്ഥന്മാക്കു് പരിധിയിൽകവിഞ്ഞുള്ള മിച്ചഭൂമി വിററഴിക്കുന്നതിനു കുറച്ചു സമയം കൊടുക്കുന്നതിനു വലിയ തെററു വരാനിടയില്ല. ഭൂമി കുറവുള്ളവർ മാത്രമാണു് അതു വിലയ്ക്കു വാങ്ങുന്നതു്. ഭൂമി സറണ്ടർചെയ്താൽ തന്നെയും ആ ഭൂമി, ഭൂമിയില്ലാത്തവക്കു്, വിതരണം ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്. പണം കൈവശമില്ലാത്തവക്കു് അതു വാങ്ങിക്കുവാൻ സാധ്യമല്ലല്ലോ. ഭൂമി വാങ്ങിക്കുവാൻസന്നദ്ധതയുള്ളവക്കു വേണ്ടി വിൽക്കുവാനുള്ള സാവകാശം ഭൂമിയുടമസ്ഥനു കൊടുക്കുന്നതിൽ വലിയ അനീതിയില്ല.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: സർ, എനിക്കു ഭേദഗതികളെ കുറിച്ചു് മുമ്പു സംസാരിച്ചപ്പോൾ പറഞ്ഞതിൽ കൂടുതലായി ഇപ്പോൾ അധികമൊന്നും പറയാനില്ല. ബില്ലു പാസാക്കുന്ന കാര്യത്തെപ്പററി ഇവിടെ പറഞ്ഞു. അതു പാസാക്കുന്നതിനു് പകൽമുഴുവനും കഴിഞ്ഞു് രാത്രിയിൽ കൂടി സമ്മേളനം വയ്ക്കുന്നതിനു് ആലോചന വന്നിരിക്കുകയാണു്. മുമ്പുള്ള ഒരു വ്യവസ്ഥയെസംബന്ധിച്ചു് നടന്ന പോളിങ്ങിലേക്കു് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പോളിംഗ് എടുത്തപ്പോൾ ഈ ഭാഗത്തുനിന്നും 27 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു.

Mr. Speaker: Are you talking about the ruling?

ശ്രീ. മാലേത്തുഗോപിനാഥപിള്ള: ഞാൻ വളരെ പ്രസക്തമായിട്ടുള്ള കാര്യമാണു് പറയുന്നതു്. പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്ന ന്യായമായ ഭേദഗതികൾ സ്വീകരിക്കുന്നതിനുള്ള ഒരു മനോഭാവം ഗവണ്മെൻറു് പ്രകടിപ്പിക്കാതിരിക്കുന്നടത്തോളംകാലം ഇനിയും ഈ സംഖ്യ ഇരുപത്തിയേഴിൽ കുറയുവാനേ സാധ്യതയുള്ളു. ഇതു് ന്യായത്തിനും നീതിയ്ക്കും ധർമ്മത്തിനും ചേരാത്ത ഒരു ബില്ലാണെങ്കിൽതന്നെയും അതു് ഇവിടെ പാസ്സാകുമെന്നുള്ളതിനു സംശയമില്ല. പക്ഷെ കേരളത്തിൽ അതു നടപ്പാവുകയില്ല 12-ാം തീയതി മുതൽ ഞങ്ങൾ സമരം ചെയ്യാൻ പോകുകയാണു്. അതുകൊണ്ടു് അതിനുമുമ്പു് ഈ ബില്ലു് എങ്ങനെയെങ്കിലും പാസ്സാക്കിയെടുക്കുവാൻ ശ്രമിച്ചുകൊള്ളുക. 12-ാംതീയതിക്കു മുമ്പുതന്നെ ഞങ്ങൾ ഇവിടെനിന്നു പോകുന്നതാണെന്നറിയിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഭൂമിയുടമസ്ഥന്മാക്കു് പരിധിയിൽ കവിഞ്ഞ ഭൂമിയുണ്ടെങ്കിൽ അതു വിൽക്കുന്നതിനുള്ള കാലാവധി മൂന്നു കൊല്ലമാക്കണമെന്നുള്ള എന്റെ ഭേദഗതി അവതരിപ്പിക്കുന്നതുകൊണ്ടു് ഞാൻ രണ്ടു സംഗതിയാണു ഉദ്ദേശിക്കുന്നതു്. ഒന്നാമതു മിച്ചംവരുന്ന ഭൂമിയ്ക്കു് കാമ്പൻസേഷൻ മുതലായ ബുദ്ധിമുട്ടുകൾ ഗവണ്മെൻറിനു ഒഴിവായിക്കിട്ടും. രണ്ടാമതു ഭൂമി കടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ കടങ്ങൾ ന്യായമായി പറഞ്ഞുതീക്കുന്നതിനുള്ള സാവകാശവും കിട്ടും. അതുകൊണ്ടു് മൂന്നുകൊല്ലത്തെ കാലാവധി വയ്ക്കുകയും ഉടമസ്ഥന്മാക്കു് അധികപ്പററുള്ള ഭൂമി വിൽക്കുവാനുള്ള സാവകാശം കൊടുക്കുകയും വേണം. അതോടുകൂടി മൈനറന്മാക്കു് പ്രായപൂത്തി വന്നതിനു ശേഷം മൂന്നുകൊല്ലത്തെ കാലാവധികൂടി അനുവദിക്കുമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

Shri M. Umesh Rao: On a point of order, Sir.

We have passed Clause 58 which says that certain voluntary transfers are to be null and void. We have accepted that, and my doubt is, Sir, as to whether we can consider all these amendments which practically contradict the spirit of that provision.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: It is against the spirit of Clause 58 which has already been passed, but a subtle distinction was drawn by hon. Member Shri T. A. Thomman that Clause 58 lays down only a provision to declare null and void certain transfers effected after a particular date and there is nothing which would prevent the admission of such amendments which seek to confer a right of transfer after the commencement of this Act. So, I had to uphold that contention.

ശ്രീമതി കെ. ആർ. ഗൗരി: മി കുറുപ്പിന്റെ അമെൻഡുമെന്റു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Shri M. Narayana Kurup: A tenant may be holding under a small holder, he may be holding under a big holder or a number of other holders. Now the total extent of the land possessed by the tenant is the criterion, i. e. ,his total holdings should not exceed the ceiling. Therefore, suppose he holds 18 acres, 14 acres under a big land owner and 4 acres under a small holder. Then out of that total 18 acres, he will be bound to surrender 3 acres. So, for the purpose of determining ceiling we have to take in to consideration not only lands held by a tenant under big holders, but also lands which are not likely to be surrendered under Section 7. So my amendment is much more necessary. Till a settlement with the small holder is reached, those are also to be excluded from calculating the total area of ceiling. Otherwise, he will have 18 acres and he will have to surrender 3 acres.

ശ്രീമതി കെ. ആർ. ഗൗരി: 38-ഉം 39-ഉം പ്രകാരം നാം അതു് റിസ്യൂം ചെയ്യുമ്പോൾ

the right of the owner and intermediary will vest with the Government എന്നാക്കിയാണു് വന്നിരിക്കുന്നതു്.

Shri M. Narayana Kurup: Clauses 38 to 54 are not applicable to small holders.

Mr. Speaker: I will explain. Right of resumption is granted in favour of certain classes of people in Sections 7 and 15; those are the two sections which confer rights of resumption. Here, in calculating the ceiling area under sub-clause (3) of Clause 59 only lands which can possibly be resumed under clause 7 have been taken into consideration. so also clause 15 also may have to mention there, in calculating the ceiling area. That is his contention.

Smt. K. R. Gouri: Here it is stated :

"such family or person holds land in excess of the ceiling area." Resumption can be exercised only by a small holder under section 15 and the small holder is a person who is having 5 acres. Then where is the excess land?

Mr. Speaker: Suppose a person holds 17 acres of land; that is in excess of ceiling area out of which a small holder is entitled to resume 2 acres. Those 2 acres of land is resumable under section 15.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: The Minister thinks that a tenant who holds under a small holder has no other property. He may be holding under a number of landholders.

Mr. Speaker: I think I can hold over that clause, if you want to reconsider the matter.

Smt. K. R. Gouri: No, Sir. Now we can add 'or section 15' there, as Mr. Kurup has suggested. Later, if we find it is necessary to be deleted, it can be deleted in the course of the third reading.

Mr. Speaker: So, Mr. Kurup's amendment can be accepted subject to that condition.

Shri M. Narayana Kurup: My other amendment is only a consequential one.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതിനു മറുപടി പറയാനൊന്നുമില്ല. ശ്രീ. ഗോപിനാഥപിള്ള ചില ഭീഷണികളൊക്കെ മുഴക്കി ഇറങ്ങിപ്പോയിരിക്കുകയാണ്. കെ. പി. സി. സി. യുടെ പ്രമേയത്തിന്റെ അർത്ഥം ഈ നാട്ടിലെ കർഷകർ മനസ്സിലാക്കിയിട്ടുണ്ട്. കർഷകനെതിരല്ല എന്നു വരുത്തണം. അതേസമയം എതിർക്കണം. ഈ നിയമം ഇവിടെ പാസ്സാക്കിയാലും നടപ്പിലാക്കുവാൻ സമ്മതിക്കുകയില്ല എന്നു മിസ്റ്റർ ഗോപിനാഥ പിള്ള പറഞ്ഞുപോയിരിക്കുകയാണ്. ഇതു നടപ്പിലാകാതിരിക്കുവാനാണ് 12-ാം തീയതി സമരം തുടങ്ങുന്നതെന്നു അദ്ദേഹം പറഞ്ഞു. ശുദ്ധമനസ്സിൽ കള്ളം ഇല്ല എന്ന നിലയിൽ കെ. പി. സി. സി. യുടെ പ്രമേയത്തിന്റെ പൊരുളും അദ്ദേഹം പറഞ്ഞുപോയി.

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ മന്ത്രി പറഞ്ഞതു് തെററിദ്ധരിപ്പിക്കുകയാണ്. 12-ാം തീയതി സമരം തുടങ്ങുമെന്നും അതുകൊണ്ട് ഇതു നടപ്പിലാകുകയില്ലെന്നുമല്ല അദ്ദേഹം പറഞ്ഞതു്. പ്രതിപക്ഷത്തു നിന്നു് അവതരിപ്പിക്കുന്ന ഭേദഗതികൾ ഗവണ്മെൻറു് പരിഗണിക്കാത്തതുകൊണ്ടാണു് മെമ്പർമാർ വളരെ കുറവായി ഇവിടെ കാണുന്നതെന്നും ഈ നില തുടർന്നു പോകുകയാണെങ്കിൽ 12-ാം തീയതിയോടുകൂടി ആരും ഇവിടെ ഇല്ലാതാകുമെന്നും അതുകൊണ്ട് നിയമം പാസ്സാകുകയില്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ ഒരു നിയമം പാസ്സാക്കിയാലും നടപ്പിലാക്കുവാൻ സമ്മതിക്കുകയില്ല എന്നാണു മിസ്റ്റർ ഗോപിനാഥപിള്ള പറഞ്ഞതു്. കെ. പി. സി. സി. യുടെ പ്രമേയം എന്താണെന്നു് ഈ നാട്ടിലെ കർഷകജനത മനസ്സിലാക്കിക്കൊള്ളും.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ നിയമം നടപ്പിലാക്കരുതെന്നുള്ള ഒരു നിലപാടു് കോൺഗ്രസ്സിനില്ലെന്നു് വളരെ വ്യക്തമായി പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

Mr. Speaker: Mr. Gopinathan Pillai said in so many words "ഇതു നടപ്പിലാകാൻ പോകുന്നില്ല" എന്നു്.

Amendment No. 1136 of Shri T. A. Thomman was put and lost

Smt. K. R. Gouri: I press my amendment Sir. It is only a verbal amendment.

The following Amendment (No. 1143) moved by Smt K. R. Gouri was put and carried.

In clause 59, in sub-clause (1) for the words "in whose name it stands" the words "who is competent to do so" shall be substituted.

The following Amendment (No. 1148) of Shri M. Narayana Kurup was put and carried.

In clause 59, in the proviso to sub-clause (1) after the words 'section 7', add 'or section 15'.

The Amendment (No. 1149) of Shri R. Raghava Menon was put and lost.

The following amendment (No. 1150) moved by Smt. K. R. Gouri was put and carried.

In clause 59, in explanation II to sub-clause (2). between the words "the identity of the same shall be indicated" and "with the concurrence of all the persons" the words "as far as practicable" shall be inserted.

The amendment (No. 1152) moved by Shri Raghava Menon was put and lost.

The following amendment (No. 1153) moved by Smt. K. R. Gouri was put and carried :

In clause 59, in sub-clause (3) for the words "in whose name it stands" the words "who is competent to do so" shall be substituted.

The following amendment (No. 1154) of Shri M. Narayana Kurup was put and carried :

In clause 59 (3), after the words 'section 7', add 'or section 15'.

The following amendment (No. 1155) moved by Smt. K. R Gouri was put and carried:

In clause 59, in sub-clause (5) for the words "the Land Board shall accept the choice" the words "the Land Board shall, as far as practicable, accept the choice" shall be substituted.

Shri M. Narayana Kurup : I do not press my amendment No. 1156.

The amendment was, by leave, withdrawn.

The following amendment No. 169 (Consolidated List No. (2) moved by Smt. K. R. Gouri was put and carried

In clause 59—

(1) In proviso to sub.clause (1) for "to be purchased or resumed" substitute "to vest or to be resumed".

(2) In sub-clause (3) in the last paragraph for "final declaration" substitute "vesting".

(3) Before the last sentence add "At the time of the surrender he shall file a statement before the Land Board containing the particulars specified in sub - section (2) of the lands held by him.

LIBRARY ARCHIVES Kerala Legislative Assembly

The following amendment No. 172 (Consolidated List No. (2) moved by Smt. K. R. Gouri was put and carried:

In clause 59,—

(1) In sub-clause (1), in the proviso for the words and figures "is liable to be purchased under section 38" the words and figures "is liable to vest in the Government under section 38 or section 39" shall be substituted.

(2) In sub-clause (3) in the second paragraph for the words and figures "where after the final declaration of the Land Tribunal under section 42" the words and figures "where after the vesting of the rights, title and interests of the land owner in the Government under section 38 or section 39" shall be substituted.

Shri K. K. Viswanathan: I do not press my amendment No. 173.

The amendment was, by leave, withdrawn.

The question that Clause 59, as amended, stands part of the Bill, was put and carried.

Clause 59, as amended, was added to the Bill.

New Clause

Mr. Speaker: Mr. Viswanathan has tabled an amendment to introduce a new clause after clause 59—Amendment No. 174.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ. 60-ാം ക്ലാസ്സ് വരുന്നതിനു മുമ്പ് ഒരു പുതിയ ക്ലാസ്സായി ഇതു ഞാൻ പ്രസന്റ് ചെയ്തിരിക്കുകയാണ്. യൂസുഫ്രക്ച്വറി മോർട്ട്ഗേജിയുടെ കീഴിലുള്ള ഭൂമിക്കും ഇതു് ബാധകമാകുമെന്ന് ക്ലാസ് 57-ന് ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. ആ ഭേദഗതി ഇതാണ്.

In clause 57, add an explanation as follows:—

"Explanation: For the purpose of this section "to hold land" shall include 'possessing land under a usufructuary mortgage'. ആ ഭേദഗതി സ്വീകരിച്ചുകഴിഞ്ഞാലാണ് ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യം വരുന്നതു്. 57-ാം ക്ലാസ്സ് ഇപ്പോൾ മാററിവെച്ചിരിക്കുകയാണ്. യൂസുഫ്രക്ച്വറി മോർട്ട്ഗേജിയുടെ കീഴിലുള്ള ഭൂമിക്ക് അതു ബാധകമാക്കണമെന്ന തത്വം സ്വീകാര്യമാണെങ്കിൽ മാത്രമേ എന്റെ ഭേദഗതിയുടെ ആവശ്യം വരികയുള്ളൂ. അതുകൊണ്ട് അതു് എടുത്തതിനു ശേഷം ഇതെടുക്കുന്നതു സൗകര്യമായിരിക്കും.

Mr. Speaker: So, it will be taken up later on. In case your amendment to Clause 57 is accepted, we can take up this then.

Clause 60.

Shri M. Narayana Kurup: Sir, I move:

(No. 1162) In clause 60(3), add the following at the end of the proviso: "and duly published in the manner prescribed"

(No. 1163) In clause 60, omit the second sentence (last sentence) in sub-clause (4).

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Narayana Kurup]

(No. 1164) In sub-clause (4) after the word "intermediary" occurring first in last but one line, add—

"other than a small holder under section 15, or one entitled to resume land under sub-section (12) of section 7".

Mr. Speaker: Mr Mathew, you can move your amendment No. 176 in the second Consolidated List.

Shri C. A. Mathew: I move that amendment, Sir:

(No. 176 in Consolidated List 2) In clause 60 (3) delete the portion "by going to the land.........to Government."

Mr. Speaker: Mr. Kurup, you may speak upon your amendment.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ 1162-ാമത്തെ ഭേദഗതി ഇതാണ്.

In clause 60(3), add the following at the end of the proviso: 'and duly published in the manner prescribed'.

എല്ലാവർക്കും മനസ്സിലാക്കുവാൻ വേണ്ടി ഒരു നിശ്ചിത രൂപത്തിൽ ഇതു പ്രസിദ്ധീകരിക്കണമെന്നുള്ളതു് മാത്രമാണ് ഈ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്.

1163-ാമത്തെ ഭേദഗതിയിൽ 60(4)-ലെ

"Where in respect of any such land there is an intermediary the rights of the intermediary over that land shall stand extinguished" എന്നുള്ള ആ വാചകം എടുത്തു കളയുകയോ അല്ലെങ്കിൽ 1164-ലെ ഭേദഗതിയനുസരിച്ചു് അതു വിശദമാക്കുകയോ വേണമെന്നാണ് ആവശ്യപ്പെടുന്നതു്.

ഇതല്ലെങ്കിൽ സെക്ഷൻ ഏഴിൽ പറഞ്ഞിരിക്കുന്നതിന്റെ തത്വത്തിനെതിരായി വരുമെന്നും തോന്നുന്നു. ഇന്റർമീഡിയറി ആണെങ്കിൽ ഉടമസ്ഥാവകാശം ഗവണ്മെന്റിൽ വെസ്റ്റുചെയ്യും എന്നു പറയുന്നുണ്ടു്. എന്നാൽ ഇതു് വെസ്റ്റു് ചെയ്താൽ ഇന്റർമീഡിയറിയുടെ അവകാശം ഒക്കെ അവസാനിക്കും എന്നാണു് പറയുന്നതു്. അപ്പോൾ അതിന്റെ വ്യാപ്തിയിൽ സ്മാൾ ഹോൾഡേഴ്സ് ഉൾപ്പെടും. അവരുടെ അവകാശം അവസാനിച്ചു എന്നു് പറഞ്ഞാൽ ഈ സെക്ഷൻ 15 കൊണ്ടും ഏഴു കൊണ്ടും അതിനോടു് ബന്ധപ്പെട്ട വകുപ്പുകൾ കൊണ്ടും അക്കാര്യത്തിൽ സംശയം വരുന്നതുകൊണ്ടു് ആ നില വ്യക്തമാക്കണം. ഒന്നുകിൽ ഇന്റർമീഡിയറിനെ മുഴുവൻ എടുത്തു കളയാം എന്നു വിചാരിക്കുക; അല്ലെങ്കിൽ "Intermediary" എന്ന വാക്കു കഴിഞ്ഞു് other than a small holder under Sec. 15. or one entitled to resume land under sub-sec. (12) of sec. 7" എന്നും കൂടി എഴുതിച്ചേർക്കുക എന്നാണു് എന്റെ ഭേദഗതി. അങ്ങനെ ചെയ്താൽ ഇന്റർമീഡിയറിസ് എന്നുള്ളതു് ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടാത്ത ഇന്റർമീഡിയറീസിന്റെ അവകാശങ്ങൾ ഇതിൽ ഉൾപ്പെടുമെന്നു വ്യക്തമായിത്തീരും. അതല്ലെങ്കിൽ അങ്ങനെ ഒരു വൈഷമ്യം ഇതിൽ വരാനുണ്ടു്. അതേപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി നിയമപരമായി പരിശോധിക്കുമെന്നു് വിശ്വസിക്കുന്നു. അതു പിന്നീടു് പതിനഞ്ചിനും ഏഴിനും ഇടയ്ക്കുവരുന്ന ഒരു സെക്ഷനാണ്. അതുകൊണ്ടു് മുമ്പു് കൊടുക്കുന്ന അവകാശം നഷ്ടപ്പെടാൻ ഇടവരരുതെന്നുള്ള ഉദ്ദേശം കൊണ്ടു മാത്രം ഹാജരാക്കിയിട്ടുള്ള ഭേദഗതിയാണിതു്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: എക്സസ് ലാൻഡ് സറണ്ടർ ചെയ്യാതെയിരിക്കുന്നതായാൽ ലാൻഡ് ബോർഡിൽ നിന്നും ഏതെങ്കിലും ഒരു ആഫീസറെ ആതറൈസ് ചെയ്ത് അയാളെ ചെണ്ട കൊട്ടി അറിയിച്ച് അതിനാവശ്യമായ നടപടി എടുക്കും എന്നു പറഞ്ഞു നിറുത്തിയാൽ മതിയെന്നുള്ളതിലേക്കാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ബാക്കിയുള്ളതൊക്കെ അങ്ങനെ കിടന്നോട്ടെ.

ശ്രീ. സി. എ. മാത്യു: ശ്രീമാൻ കുറുപ്പിന്റെ ഭേദഗതിയെപ്പറ്റി എന്തു പറയുന്നു?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ കുറുപ്പിന്റെ അമെൻറ്മെൻറ് ഞാൻ നോക്കുകയായിരുന്നു. ഇപ്പോഴും നാം റിസംഷൻ അവകാശം കൊടുത്തിരിക്കുന്നതു ഇന്റർമീഡിയറീസിനാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോഴും അതു നോക്കേണ്ട കാര്യമുണ്ട്. മി. കുറുപ്പിന്റെ ഭേദഗതി അംഗീകരിച്ചുകൊണ്ട് നമുക്കു പാസാക്കാം.

മി. സ്പീക്കർ: അതേപ്പറ്റി ഒന്നുകൂടി ആലോചിച്ചിട്ട് മറുപടി പറയാമെന്നാണോ?

ശ്രീ. കെ. എം. ജോർജ്: അങ്ങനെയാണെങ്കിൽ അതു ഹോൾഡ് ഓവർ ചെയ്താൽ പോരേ?

മി. സ്പീക്കർ: നമുക്ക് അതു ഹോൾഡ് ഓവർ ചെയ്യാം.

ശ്രീമതി കെ. ആർ. ഗൗരി: 1163-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചതിന്റെ വെളിച്ചത്തിലാണ് 1164-ാം നമ്പർ.

മി. സ്പീക്കർ: അങ്ങനെയല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഹോൾഡ് ഓവർ ചെയ്യുകയാണ് നല്ലത്.

മി. സ്പീക്കർ: 1162, 1163, 1164 ഇതു ഹോൾഡ് ഓവർ ചെയ്തിരിക്കുകയാണ്. ഉച്ചയ്ക്ക് ശേഷം അതു നോക്കി മറുപടി പറയാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരി: 1162, 1163, 1164, ഇതെല്ലാം ഒന്നുകൂടി ഒത്തു നോക്കിയിട്ടു വേണം തീരുമാനിക്കാൻ. ഉച്ചകഴിഞ്ഞിട്ടു മറുപടി പറയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ 61-ാം വകുപ്പു ഡ്യൂസ് ഫ്രം കച്ചറി ഷാർജ്ജിനെ സംബന്ധിച്ചാണ്. അതുകൊണ്ട് 62-ാം വകുപ്പിനെ സംബന്ധിച്ച് എടുക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ക്ലാസ് 62 എടുക്കാം.

Mr. Speaker: Yes.

Clause 62.

Shri C. A. Mathew: I move:

(No. 1179) In clause 62—

1. Add "reasonable" before the word "compensation" in sub-clause (1).

2. In sub-clause (2), the percentage of market value to be paid for the 1st 15,000 rupees may be altered as 100 per cent, and the next Rs. 15,000 as 90 per cent and the next as 80 per cent and so on.

2/692/V.

LIBRARY ARCHIVES Kerala Legislative Assembly

Shri K. T. Thomas: I move:

(No. 1184) Delete sub-clause 62(2) and substitute instead the following:—

"(2) (a) The compensation payable for surrender of the full right over excess lands shall be on the basis of the aggregate of—

(i) full value of all buildings and other permanent structures, wells, tanks, roads and embankments and other improvements of a permanent nature, and trees standing thereon; and

(ii) market value for the rest of the property.

(b) The compensation payable for the surrender of excess lands shall be calculated on the basis specified in section 51".

Shri K. T. Thomas: I move:

(No. 1184 B) In clause 62(2)—

Delete

1. the words "as follows", occurring after "shall be calculated"; and
2. the slab-system of compensation specified in sub-clause (2); and substitute instead the following and the explanation thereunder:—

"on the basis of market value plus solatium, and be on the same scale as that fixed in section 51 in the case of compensation to the landlord on the basis of Schedule II in reference to purchase price".

"*Explanation.*—The market value of the full rights over excess lands shall be the aggregate of—

(i) full value of all buildings and other permanent structures, wells, tanks, roads, canals and embankments and other improvements of a permanent nature, and of trees standing thereon; and

(ii) market value for the rest of the property".

Shri T. A. Thomman: I move:

(No. 1186) For clause 62(2) substitute—

"The compensation payable for the surrender of full rights over lands shall be calculated as follows:—

On the first Rs. 25,000 of the total market value—100 per cent.

On the next Rs. 15,000 of the total market value—75 per cent.

On the balance of the market value—50 per cent.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Raghava Menon: I move:

(No. 1187) Delete clause 62(2) and substitute the following:—

"The compensation payable for surrender of full rights whether of ownership or ownership and possession over lands shall be full market value for the interest surrendered.

Shri M. C. Abraham: I move:

(No. 1194) Recast sub-clause (2) of clause 62 as follows:—

"(2) the compensation payable for the surrender full rights over lands shall be calculated as follows:—

"On the first Rs. 25,000 of the total market value—100 per cent

On the next Rs. 15,000 of the total market value—75 per cent.

On the balance of the market value—50 per cent."

Shri K. M. George: I move:

(No. 1197) In clause 62(2) the schedule may be amended as follows:—

"On the first 25,000 of the total market	value	..	Full Payment
On the next 25,000	,,	..	90%
On the next 25,000	,,	..	75%
On the next 25,000	,,	..	70%
On the next 25,000	,,	..	60%
On the next 25,000	,,	..	55%
On the next 25,000	,,	..	50%

For the rest only 50%

Shri K. K. Viswanathan: I move:

(No. 1199) In Clause 62(3) in the first line, between the words "tenant' and 'surrenders' insert the words 'or usufructuary mortgagee'.

(No. 1200) In clause 62(3) before the explanation, add a proviso as follows:—

"Provided that in respect of land where there is a usufructuary mortgage, the mortgage amount shall be paid first from the amount of compensation fixed under this section".

Shri K. Avukaderkutty Naha: I move:

(No. 1201) In clause 62(3) add the following as a proviso after last sentence in the proviso "purchased such rights":—

"Provided that if the amount of compensation is to be utilised for starting an industry, the compensation shall be calculated at 100 per cent of the market value".

LIBRARY ARCHIVES Kerala Legislative Assembly

Smt. Kusumom Joseph: I move:

(No. 181 in Consolidated List No. 2) In clause 62(2) delete the portion after "as follows" and substitute:

"1. First Rs. 25,000 of the market value to be paid in full.

2. Next Rs. 15,000, seventy-five per cent to be paid.

3. On the balance of the market value 50 per cent".

Smt. K. R. Gouri: I move:

(No. 183 in Consolidated List No. 2) In clause 62—

(1) Omit the proviso to sub-clause (3).

(2) After sub-clause (3), add—

"(4) The provisions of this section and sections 63, 64, 65, 66 and 67 shall, as far as may be, apply to the surrender of the equity of redemption of any land mortgaged and to the settlement and payment of compensation".

ശ്രീ. സി. എ. മാത്യു: ഈ 62-ാംവകുപ്പനുസരിച്ചു മാർക്കററ് വിലയുടെ അടിസ്ഥാനത്തിൽ മിച്ചഭൂമിക്കു് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥ സ്വീകരിച്ചിരിക്കുകയാണു്. മാർക്കററ് വിലയുടെ അടിസ്ഥാനത്തിൽ പ്രതിഫലം കൊടുക്കണമെന്നുള്ളതു എല്ലാ ഭാഗത്തുനിന്നും അംഗീകരിക്കപ്പെട്ട തത്വമാണു്. ഇതിനു മുൻപു് പല അവസരങ്ങളിലും അതു സ്വീകരിച്ചില്ലെങ്കിലും ഈ വകുപ്പിന്റെ അടിസ്ഥാനത്തിലെങ്കിലും അതു സ്വീകരിക്കുന്നതു് സ്വാഗതാർഹമാണു്. അതോടൊപ്പം ഇതിൽ കൂടുതൽ തുക കിട്ടാനില്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ആ ശതമാനം ഇത്രമാത്രം ചെറുതാക്കേണ്ട ആവശ്യമില്ല എന്ന അഭിപ്രായമാണെനിക്കുള്ളതു്. ഇന്നത്തെ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് ആദ്യത്തെ പതിനയ്യായിരത്തിന്റെ അറുപതു ശതമാനവും പിന്നീടുള്ള പതിനയ്യായിരത്തിന്റെ അൻപത്തിഅഞ്ചുശതമാനവും പിന്നത്തെ പതിനയ്യായിരത്തിന്റെ അൻപതുശതമാനവും ഇങ്ങനെ കുറഞ്ഞു കുറഞ്ഞാണു് പ്രതിഫലം വരുന്നതു്. അവസാനം 25 ശതമാനം ആയി നിർത്തിയിരിക്കുന്നു. വളരെ കൂടുതൽ ഭൂമിയുള്ള ഈ ആളുകളെ സംബന്ധിച്ചിടത്തോളം ഈ ശതമാനം കുറഞ്ഞുവരുന്നതുകൊണ്ടു് തരക്കേടില്ലെങ്കിലും ഈ ഏക്കറേജ് നിശ്ചയിച്ചു കഴിഞ്ഞു കുറച്ചു് ഭൂമിയുള്ളവർക്കു് കൂടുതൽ ശതമാനം കിട്ടത്തക്ക നിലയിൽ ഈ ബില്ലിലെ വ്യവസ്ഥ ഭേദപ്പെടുത്തുന്നതു വെറും നീതിമാത്രമാകുന്നെന്നാണെന്റെ വിശ്വാസം. ഒരു സമൂഹത്തിന്റെ നന്മക്കുവേണ്ടി ഇങ്ങനെയുള്ള മാററങ്ങൾ വരുത്തി ഈ ചെറിയ സമുദായത്തെ മാത്രം ഞെക്കിഞെരുക്കുന്നതു ഒരു സമുദായത്തിനും അഭികാമ്യമല്ല; ഭൂഷണമല്ല. ഇന്നു ഗവണ്മെൻറിൽനിന്നും പ്രതിഫലം കൊടുക്കുമ്പോൾ അതു ഒരു സമൂഹത്തിന്റെ നന്മക്കു വേണ്ടിയായിരിക്കണം. അതല്ലാതെ ഏതെങ്കിലും ഒന്നോ രണ്ടോ വ്യക്തികളോടു മാത്രം ഇങ്ങനെ വിവേചനാപരമായി പെരുമാറുന്നതു് അനീതിയും അധർമ്മവുമാണു് എന്നു സൂചിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ ഭേദഗതി അംഗീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീമതി കുസുമം ജോസഫ്: സർ, എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് ഞാൻ ആ ഭേദഗതിയെ പിൻതാങ്ങുകയാണു്. അതോടൊപ്പം ചില സംഗതികൾ അറിയിക്കാൻ ആഗ്രഹിക്കുന്നു. മാർക്കററ് വിലയുടെ അടിസ്ഥാനത്തിൽ സറണ്ടർ ചെയ്യുന്ന ഭൂമിയുടെ വില ഉടമസ്ഥനു കൊടുക്കണമെന്ന തത്വം നാം അംഗീകരിച്ചിരിക്കുകയാണു്. ആദ്യത്തെ 15,000 രൂപയ്ക്കു് ടോട്ടൽ മാർക്കററ് വാല്യുവിന്റെ 60 ശതമാനം മാത്രം കൊടുത്താൽ മതിയെ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കുസുമം ജോസഫ്)

ന്നാണ് ഈ ക്ലാസ്സിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ 100 രൂപായ്ക്ക് 60 രൂപ മാത്രമേ കിട്ടുകയുള്ളു. 40 രൂപ കിട്ടാതെ പോകുന്ന അവസ്ഥയാണ്, അപ്പോൾ വളരെ കുറച്ച് മാത്രം ഭൂമിയുള്ള ആളിന് വളരെ തുച്ഛമായ സംഖ്യ മാത്രമേ ലഭിക്കുന്നുള്ളു. അവർ വളരെ അധികം നഷ്ടം സഹിക്കേണ്ടിവരും. ഈ സറണ്ടർ ചെയ്യുന്ന ഭൂഉടമകൾക്ക് അതുകൊണ്ട് വളരെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. വളരെ അധികം ആളുകൾ പണം കടം വാങ്ങി ദേഹണ്ഡം ചെയ്തിട്ടുള്ളവരായിരിക്കും. ആ ഭൂമി വിററു കിട്ടുന്ന കാശുകൊണ്ട് വേണം പെണ്ണിനെ കെട്ടിക്കുകയും മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുകയും മുതലായ പല കാര്യങ്ങളും അവർക്ക് ചെയ്യേണ്ടിവരുന്നത്.

ഇങ്ങനെയൊക്കെ കണക്കാക്കുമ്പോൾ, സറണ്ടർ ചെയ്യുന്ന ഭൂമിക്കു കാമ്പൻസേഷനായി ആദ്യത്തെ ഇരുപത്തയ്യായിരം രൂപയ്ക്കെങ്കിലും നൂറു ശതമാനവും കൊടുക്കണമെന്നും, അതിൽ കൂടുതൽ ഉള്ളവർക്ക് പിന്നത്തെ പതിനയ്യായിരത്തിന്റെ 75 ശതമാനവും ഏററവും കൂടുതൽ ഭൂമി സറണ്ടർ ചെയ്യുന്നവർക്ക് മാർക്കററുവിലയുടെ 50 ശതമാനമെങ്കിലും കൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്നുമാണ് എന്റെ ഭേദഗതി. വളരെയധികം ഭൂമിയുള്ളവർ എന്നു പറഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആദ്യമുണ്ടായിരുന്ന ഭൂമിയല്ല ഓരോരുത്തരുടെയും കയ്യിൽ ഇരിക്കുന്നത്. അത്യദ്ധ്വാനം ചെയ്ത്, വ്യക്തമായ ദേഹണ്ഡങ്ങൾ ഉണ്ടാക്കി, കല്ലു കയ്യാലകൾ വച്ച് വളരെയധികം ശ്രമം ചെയ്ത് നല്ല ഭൂമിയാക്കിയെടുത്തിട്ടുള്ളതാണധികവും. അങ്ങനെ വളരെ വളരെ പരിവർത്തനം തന്നെ കൈവശഭൂമിയിൽ ഇന്നു കർഷകർ വരുത്തിയിട്ടുണ്ട്. അങ്ങനെയുള്ള ഭൂമി സറണ്ടർ ചെയ്യുമ്പോൾ, തങ്ങൾക്കു ഏററവും പ്രിയപ്പെട്ട ഭൂമി കയ്യിൽനിന്നു വിട്ടുപോകുന്ന, നഷ്ടപ്പെടുന്ന ഒരനുഭവം ഏതൊരു കർഷകനും വേദനാജനകമാണ്. അങ്ങനെ സറണ്ടർ ചെയ്യുന്ന ഭൂമിക്കു മാർക്കററുവിലയുടെ പകുതിയെങ്കിലും കിട്ടുന്നതിനുള്ള ഒരു സാഹചര്യം നാം ഉണ്ടാക്കി കൊടുക്കണം. വെറും പിടിച്ചുപറിക്കുന്ന ഒരു സമ്പ്രദായത്തിൽ, ഇങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നതു ശരിയല്ല. ഇവിടെ അവസാനഭാഗം ഷെഡ്യൂൾ അനുസരിച്ച് വളരെ കുറഞ്ഞ തോതിലാണ് കാമ്പൻസേഷൻ നിശ്ചയിച്ചിരിക്കുന്നത്. ആദ്യത്തെ പതിനയ്യായിരംവരെ അറുപതു ശതമാനം, പിന്നെ പതിനയ്യായിരത്തിനു 55 ശതമാനം, അതു കഴിഞ്ഞ് 50, 45, 40 എന്നിങ്ങനെ കുറഞ്ഞു കുറഞ്ഞ് 25 ശതമാനത്തിൽ വന്ന് അവസാനിക്കുകയാണ്. 100 കിട്ടാനുള്ളതിന് 25 കിട്ടുക; 75-ം പിടിച്ചു പറിക്കുക; ഇതു തീരെ ന്യായീകരിക്കാവുന്ന ഒരു പട്ടികയല്ല. എന്റെ ഭേദഗതി സ്വീകരിച്ച്, ഏതാണ്ട് ന്യായമായ ഒരു രീതിയിൽ ഇതു ഗവണ്മെന്റ കൈകാര്യം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്: സർ, ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നത്, ഭൂമി സറണ്ടർ ചെയ്യുമ്പോൾ വസ്തു ഉടമസ്ഥന് ഏററവും ചുരുങ്ങിയാലും മാർക്കററുവിലയുടെ 50 ശതമാനമെങ്കിലും കിട്ടണം; ആദ്യത്തെ ഇരുപത്തയ്യായിരം മുഴുവൻ ആയിട്ടും, അതിനുശേഷം പടിപടിയായി കുറഞ്ഞ ശതമാനത്തോതിലും കിട്ടണമെന്നുള്ള ഉദ്ദേശത്തിലാണ്. ശ്രീ. സി. എ. മാത്യു സൂചിപ്പിച്ചതുപോലെ, ഒരു സാമൂഹ്യനീതിക്കു വേണ്ടിയാണ് നാം ഈ ഭൂനിയമപരിഷ്കാരം കൊണ്ടുവന്നിട്ടുള്ളത്. സാമൂഹ്യനീതിക്കെതിരായി, ഒരു വിഭാഗം ആളുകളെ മാത്രം തള്ളുകയും, അതു നിസ്സാരകാര്യമായി കാണുകയും ചെയ്യുന്നതു ശരിയല്ല. കേരളം ഒരു കാർഷികരാജ്യമാണ്. സാമൂഹ്യപുരോഗതിക്കുവേണ്ടി ഒരു നിയമം കൊണ്ടുവരുമ്പോൾ ഉണ്ടാകാവുന്ന ബാദ്ധ്യതകൾ നികത്താൻ പോരായ്മകൾ നികത്താനുള്ള ഉത്തരവാദിത്വം പൊതുവെ ഗവണ്മെന്റ ഏറെറടുക്കേണ്ടതാണ്. എല്ലാം രാജ്യങ്ങളിലും ഈ തത്വം അംഗീകരിച്ചിട്ടുള്ളതുമാണ്. സർ, നമ്മുടെ രാജ്യത്തുതന്നെ ഒരു സാമൂഹ്യനീതിക്കുവേണ്ടി മദ്യനിരോധനനിയമം ഏർപ്പെടുത്തിയപ്പോൾ, അതിന്റെ പ്രയോഗംമൂലം രാജ്യത്തിനുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് വില്പനനികുതി ഏർപ്പെടുത്തുകയുണ്ടായി. ഏതാനും വിഭാഗത്തെ ബാധിക്കുന്ന ഒരു കാര്യമായിരുന്നെങ്കിലും അതു പൊതു പ്രശ്നമായി പരിഗണിക്കപ്പെടുകയാ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. എം. ജാർജ്ജ്)

ണ്ടായതു്. കർഷകർക്കുവേണ്ടി ഒരു നിയമനിർമ്മാണം ചെയ്യുമ്പോൾ, അവർക്കു മാത്രം അതിന്റെ ബാദ്ധ്യതകൾ വിട്ടുകൊടുക്കാതെ, ഒരു പൊതുക്കാര്യമായി പരിഗണിച്ചു് അതിനെന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അതു ഗവണ്മെന്റു സമൂഹത്തിന്റെ പേരിൽ പരിഹരിക്കണം. 15 ഏക്കർ പരിധി നിശ്ചയിച്ചു് ബാക്കിയുള്ള ഭൂമി ഗവണ്മെന്റു ഏറ്റെടുക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ കാർഷികോൽപാദനത്തിൽ വളരെ ഒരു അധഃപ്പതനംതന്നെ ഉണ്ടാകാൻ ഇടയുണ്ടു്. ഭൂമിയിൽ വേണ്ടപോലെ അദ്ധ്വാനിക്കുന്നതിനോ, ആവശ്യമായ സംരക്ഷണനടപടികൾ സ്വീകരിക്കുന്നതിനോ അധികമാരും തയ്യാറാകുകയില്ല. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ പരിധിയിൽ കവിഞ്ഞ ഭൂമി വിട്ടുകൊടുക്കേണ്ടിവരുമെന്ന കാരണത്താൽ മിക്കവാറും ആളുകൾ ഇതിന്റെ പ്രയോഗത്തിൽ ഉൽക്കണ്ഠയുള്ളവരായി കഴിയുകയായിരിക്കും ചെയ്യുന്നതു്. അങ്ങനെ നമ്മുടെ കൃഷിഭൂമിയിൽ കാര്യമായ അഭിവൃദ്ധിയുണ്ടാകാൻ ഇടയില്ലെന്നാണു് എന്റെ വിശ്വാസം. ശ്രീമതി കുസുമം ജോസഫ് പറഞ്ഞതുപോലെ മലംപ്രദേശങ്ങളിലും മററും വളരെയധികം പണിപ്പെട്ടിട്ടാണു് ഇന്നത്തെ നല്ല കൃഷിഭൂമികൾ വളരെക്കാലത്തെ സ്ഥിരപരിശ്രമം കൊണ്ടുണ്ടാക്കിയിട്ടുള്ളതു്. അങ്ങനെ സ്വന്തമായി കൈവശംവച്ചു കൃഷി ചെയ്യുന്നുള്ള താല്പര്യം മനുഷ്യനില്ലാത്തിടത്തോളംകാലം അവന്റെ പ്രയത്നവും കൃഷിയിലുള്ള താൽപര്യവും കുറയാനേ തരമുള്ളു. എത്ര ബുദ്ധിമുട്ടിയാലും, ദേഹണ്ഡിച്ചാലും ഉള്ളതൊക്കെ സർക്കാരിലേക്കു കൊടുക്കേണ്ടിവരുമെന്ന വിശ്വാസം അവരെ നിരാശരാക്കിത്തീർക്കുന്നതാണു്. ഏറെക്കുറെ ന്യായമായ പ്രതിഫലമെങ്കിലും അവർക്കു കൊടുക്കുന്നില്ലെങ്കിൽ അതു വളരെ കഷ്ടമാണു്. വളരെയധികം അദ്ധ്വാനത്തിന്റെയും പണച്ചെലവിന്റെയും ഫലമായിട്ടു ഇത്തരം ഭൂമികൾ നന്നാക്കിയെടുക്കാൻ സാധിക്കു. അതിനു അവർക്കു നല്ല ഒരു തുക തന്നെ ഭൂമിയിൽ ചെലവാക്കേണ്ടിവന്നിരിക്കും. അതിനു ന്യായമായ വില കൊടുക്കാതിരുന്നാൽ തികച്ചും അനീതിയായിരിക്കുമെന്നു നാം മനസ്സിലാക്കണം. സാമൂഹ്യനീതിക്കുവേണ്ടിയാണു് ഇങ്ങനെ ഒരു ഭൂനിയമപരിഷ്കാരം നടത്തുന്നതു് എന്നു പറയുന്നു. കോടിക്കണക്കിനു് രൂപാ സമ്പാദിക്കുന്ന വ്യവസായികളെയോ, നാലായിരം, അയ്യായിരം രൂപാ മാസംതോറും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെയോ, പഴയ രാജാക്കന്മാരെയോ, രാജ്ഞിമാരെയോ പോലെ കഴിഞ്ഞുകൂടുന്ന മററു വിവിധമണ്ഡലങ്ങളിലുള്ളവരെയോ ഗവണ്മെന്റു യാതൊരു നിയന്ത്രണത്തിനും വിധേയരാക്കുന്നില്ല. പാവപ്പെട്ട കർഷകരെ, പല നാളായി ഈ നാട്ടിലെ വിളവുകൾ വർദ്ധിപ്പിക്കുന്നതിനും, ഭക്ഷ്യക്കമ്മിയിൽ ആവുന്നതു കുറവു നികത്താനും പണം ചെലവുചെയ്തും അദ്ധ്വാനിച്ചും ജനസേവനം നടത്തിവന്ന കർഷകരെ മാത്രം ഇങ്ങനെ ഒരു നിയമംമൂലം ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്നതു ശരിയല്ലെന്നാണു് എനിക്കു പറയാനുള്ളതു്. കാർഷികരംഗത്തു ഒരു സ്തംഭനംതന്നെ ഉണ്ടാക്കാനിടയുള്ള ഇത്തരം പിടിച്ചുപറിക്കുന്ന നിയമനിർമ്മാണം ഈ രാജ്യത്തെ കർഷകരെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണെന്നു പറയേണ്ടിയിരിക്കുന്നു. കർഷകരെ നോവിക്കാതെ, കുറച്ചൊക്കെ മര്യാദയോടുകൂടി കാമ്പൻസേഷൻ കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ അധികമാളുകൾക്കു കൊടുക്കേണ്ടതായി വരികയില്ല. അരലക്ഷമോ, ഒരു ലക്ഷമോ പ്രതിഫലം കിട്ടാനുള്ളവർക്കു മുഴുവൻ തുകയുടെ 75 ശതമാനമെങ്കിലും കൊടുത്തില്ലെങ്കിൽ കഷ്ടമാണു്. ശ്രീ. കെ. പി. ആർ. ഗോപാലൻ ആദ്യം നല്ല ഒരഭിപ്രായം ഈ സഭയിൽ വയ്ക്കുകയുണ്ടായി; ഞാൻ അന്നു് അദ്ദേഹത്തെ അഭിനന്ദിച്ചു സംസാരിക്കുകയും ചെയ്തതാണു്. എന്തുകൊണ്ടാണെന്നു അറിഞ്ഞില്ല, പിന്നെ അദ്ദേഹത്തിന്റെ വായു് മൂടിക്കെട്ടിയതുപോലെ അതിനെപ്പററി ഒന്നും ശബ്ദിച്ചുകേട്ടില്ല. ഈ രാജ്യത്തെ ഭൂവുടമകൾ അവർക്കു കാമ്പൻസേഷൻ കിട്ടുന്ന പണം മുഴുവൻ ഇവിടത്തെ വ്യാവസായിക പുരോഗതിക്കുവേണ്ടി വിനിയോഗിക്കാമെങ്കിൽ തൃപ്തികരമായ ഒരു കാമ്പൻസേഷൻ കൊടുക്കാമെന്ന പദ്ധതി എനിക്കു വളരെ സ്വീകാര്യമായിരുന്നു. ഈ വിവരം അറിഞ്ഞ ഭൂവുടമകൾ തൃപ്തരുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

കുടുമ സംഘടനയുടെ പ്രസിഡന്റോ, സെക്രട്ടറിയോ മററോ പ്രസിദ്ധീകരിച്ച ലഘുലേഖകൾ, അവർ അങ്ങനെ കാമ്പൻസേഷൻ കിട്ടുന്ന പണം വ്യവസായങ്ങൾക്ക മുടക്കാൻ തയ്യാറാണെന്നുള്ള വിവരം ഇവിടെ ലററർബോഡിൽ അംഗങ്ങൾക്ക വിതരണം ചെയ്തിരുന്നതായി ഞാൻ ഓർക്കുന്നു. ശ്രീ. കെ. പി. ആർ. ഗോപാലന്റെ ആ നിർദ്ദേശത്തെ അവർ സ്വാഗതം ചെയ്തുകൊണ്ടാണ് ആ പ്രസിദ്ധീകരണം വിതരണംചെയ്തത്. സർ, നാം എത്രമാത്രം പരിശ്രമിച്ചാലും സാമൂഹ്യനീതി പുലത്താൻ എത്ര നിയമം കൊണ്ടുവന്നാലും മനുഷ്യരുടെ സഹജമായ സ്വാർത്ഥതയും മററു പരിമിതികളും ജീവിതത്തെ നിയന്ത്രിക്കുകതന്നെ ചെയ്യും. കഴിഞ്ഞ 42 കൊല്ലം കമ്മ്യൂണിസം തന്നെ നടപ്പിലാക്കി ഭരണംനടത്തുന്ന രാജ്യത്തെ സ്ഥിതിയും അത്രയേറെ മെച്ചമാണെന്നു പറയാൻ അനുഭവം നമ്മെ സമ്മതിക്കുന്നില്ല. മനുഷ്യന്റെ പോരായ്മകൾ, നൈസർഗ്ഗികമായ പോരായ്മകൾ, എന്നും ഇതിനെല്ലാം ഏറെക്കുറെ ബാധകമായിരിക്കും. വളരെക്കാലം കമ്മ്യൂണിസ്റ്റാദർശം നടപ്പിലിരിക്കുന്ന രാജ്യത്തും ഇത്തരം കുറവുകൾ തുടച്ചുമാററാൻ സാധിച്ചിട്ടില്ലെങ്കിൽ നാം എന്തിന് ഇത്തരം കുഴപ്പം പിടിച്ച നിയമംമൂലം രാജ്യത്തിന്റെ ശ്രേയസ്സിനും അഭിവൃദ്ധിക്കുംവേണ്ടി ഇതുവരെ നമ്മുടെ രാജ്യത്തെ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന ഒരു വിഭാഗം ആളുകളെ ഉപദ്രവിക്കണം? അങ്ങനെയൊരു സാമൂഹ്യനീതി പുലത്താൻ നാം ശ്രമിക്കുന്നില്ലെങ്കിൽ ഈ നിയമത്തിന്റെ ഉദ്ദേശം പൂർണ്ണമായും ഫലിക്കാൻ പോകുന്നില്ല. കാമ്പൻസേഷൻ കാര്യത്തിൽ ഒരുവിധം മര്യാദ പാലിച്ച്, മാർക്കററ്വിലയുടെ 50 ശതമാനമെങ്കിലും കൊടുത്തിട്ട്, ശ്രീ. കെ. പി. ആർ. ഗോപാലൻ പറഞ്ഞപോലെ അവർ ആ പണം വ്യവസായങ്ങൾക്ക മുടക്കാമെന്നുള്ള കരാറിൽ, ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പട്ടിക ഒന്നു പുനഃപരിശോധന ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. എം. സി. ഏബ്രഹാം: സർ, കാമ്പൻസേഷൻ നിശ്ചയിക്കുന്നതിന് ഇതിൽ ചേർത്തിരിക്കുന്ന സ്ലാബ് സിസ്റ്റത്തിൽ മാററം വരുത്തേണ്ടതാണ്. ആദ്യത്തെ ഇരുപത്തയ്യായിരം രൂപാ മുഴുവൻ കൊടുക്കേണ്ടതാണ്. അതിനുശേഷം പതിനയ്യായിരത്തിന്റെ 75 ശതമാനം കൊടുക്കണം. അതിൽ കവിഞ്ഞുള്ള സംഖ്യകൾക്ക അതിൽകുറഞ്ഞ ശതമാനത്തോതിൽ കൊടുക്കണം. അങ്ങനെ ഒരു മാററം ഇതിൽ വരുത്തുന്നില്ലെങ്കിൽ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ അനീതിയായിരിക്കും. ഇതിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് ഓരോ പതിനയ്യായിരത്തിനും 60 ശതമാനം, അൻപത്തഞ്ചു ശതമാനം, അൻപതു ശതമാനം, നാല്പത്തഞ്ചു ശതമാനം, നാല്പതു ശതമാനം, മുപ്പത്തഞ്ചു ശതമാനം, മുപ്പതു ശതമാനം, ഒടുവിൽ ഇരുപത്തഞ്ചു ശതമാനം ഈ ക്രമത്തിലാണ്. ഈ സ്ലാബ് സിസ്റ്റം വളരെ അനീതിയായിട്ടുള്ളതാണെന്നും, ഇതു് ഒന്നുകൂടി മോഡിഫൈ ചെയ്യണമെന്നുമാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. ടി. തോമസ്: സർ, കാമ്പൻസേഷൻ കൊടുക്കുന്ന കാര്യത്തിൽ, ഞാൻ പ്രധാനമായി പറയുന്നതു്, നാം 51-ാം സെക്ഷനിൽ പർച്ചേസ് പ്രൈസ് കൊടുക്കുന്ന വിഷയത്തിൽ സ്വീകരിച്ച തത്വംതന്നെ സ്വീകരിച്ചാൽ മതിയെന്നാണ്. പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു തത്വവും, Excess Land-നു കാമ്പൻസേഷൻ കാര്യത്തിൽ മറെറാരു തത്വവും സ്വീകരിക്കേണ്ടതില്ല. രണ്ടിനും ഒരേ തോതിൽ കണക്കാക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇതിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സ്ലാബ് സിസ്റ്റം, വളയത്തിൽ കൂടി ചാടിച്ചാടി, ഒടുവിൽ വളയമില്ലാതെ ചാടിയെന്നു പറഞ്ഞതുപോലെയായിരിക്കുകയാണ്. ഒടുവിൽ വരുമ്പോൾ വളരെ കുറഞ്ഞ ഒരു തോതാണ് നിശ്ചയിച്ചിരിക്കുന്നതു്. പർച്ചേസ്പ്രൈസും, കാമ്പൻസേഷനും ഒരേ രീതിയിൽ നിശ്ചയിക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. ആർ. രാഘവമേനോൻ: സർ, 62-ാമത്തെ വകുപ്പിൽ പറയുന്നതു് സർക്കാരിനു വിട്ടുകൊടുക്കുന്ന ഭൂമിക്ക്, വസ്തു ഉടമസ്ഥനു് കൊടുക്കുന്ന പ്രതി

[ശ്രീ. ആർ. രാഘവമേനോൻ]

ഫലത്തെപ്പററിയാണ്. അതിൽ ടോട്ടൽ മാർക്കററ് വാല്യു എന്നു പറയുന്നുണ്ട്. അതിൽ നിന്നും മനസ്സിലാക്കേണ്ടതു് സാധാരണ ഭൂമിക്കുള്ള വിലയെന്നാണ്. ഭൂമിയുടെ വില കണ്ടുപിടിച്ചതിനുശേഷം, വസ്തു ഉടമസ്ഥർക്ക് എന്തു കിട്ടും, മദ്ധ്യവർത്തികൾക്ക് എന്തു കൊടുക്കണം എന്നെല്ലാം നിശ്ചയിക്കുന്നതു് ഓരോരുത്തരുടേയും ആദായത്തെ അടിസ്ഥാനമാക്കിയായിരിക്കും. ഇവിടെ ചെയ്യുന്നുള്ളതു് മാർക്കററ് വാല്യു ഓരോരുത്തർക്കും ഭാഗിച്ചുകൊടുക്കുകയാണ്. നേരെ മറിച്ച് മാർക്കററ് വാല്യു നിശ്ചയിച്ചിട്ട് അതിന്റെ സ്ലാബ്സിസ്റ്റം കണക്കാക്കിയാണ് വിതരണം ചെയ്യുന്നതു്. അങ്ങനെയാകുമ്പോൾ 15,000 രൂപ വിലയുള്ള വസ്തുവിന് 9,000 രൂപ കിട്ടും. ബാക്കിയുള്ളതു് ഗവണ്മെന്റിനു വിട്ടുകൊടുക്കണം. ഇതിൽ എത്രത്തോളം ന്യായമുണ്ടെന്നു നോക്കണം. ഇതു വളരെ കുറവാണ്. അങ്ങനെ സ്ലാബ് സിസ്റ്റം ക്രമേണ താഴോട്ടു വരുമ്പോൾ 25 ശതമാനമായി വന്നു നിൽക്കുകയാണ്. നൂറു കിട്ടാനുള്ളയാൾക്കു ഇരുപത്തഞ്ചു കൊടുക്കുക. 75-ം സർക്കാരിനു്. ഇതൊക്കെ നോക്കുമ്പോൾ ഇതിൽ ന്യായം നടത്തണമെന്നു ഗവണ്മെന്റിനു് വിചാരമില്ലെന്നു തോന്നിപ്പോകുന്നു. പതിനയ്യായിരത്തിൽതന്നെ ഒൻപതിനായിരം ഉടമസ്ഥനു് കിട്ടാൻ പോകുന്നില്ല. അതിനു പക്ഷക്കാരുണ്ട്. അവർക്കൊക്കെ കൊടുക്കണം. നാട്ടുവൈദ്യന്മാർ മരുന്നുണ്ടാക്കുമ്പോൾ ആദ്യം പാത്രപാകം നോക്കാൻ പ്രത്യേകം എടുത്തുവയ്ക്കും. പിന്നെ അതു മാററിവയ്ക്കാൻ ഒരാളെ ഏല്പിച്ചാൽ അയാൾ ഒരോഹരി എടുക്കും. അങ്ങനെ കൈമറിഞ്ഞു പലരും ഓഹരി എടുക്കുന്നതുപോലെയാണ് ഇവിടെ ഗവണ്മെന്റ് വസ്തു ഉടമസ്ഥർക്കു കാമ്പൻസേഷൻ വീതിച്ചുകൊടുക്കുന്നതു്. പതിനയ്യായിരം രൂപ കിട്ടാനുള്ളതിൽ, ആറായിരം പിടിച്ചെടുത്തിട്ട് ബാക്കി ഒൻപതിനായിരം കൊടുക്കും, അതു ബാക്കിയുള്ളവർ വീതിച്ചെടുക്കണം, ഇതു വളരെ കഷ്ടമാണ്. ഇതിനെപ്പററി പല പ്രാവശ്യം ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. സർക്കാരിലേക്കു എടുക്കുന്ന ഭൂമിക്കു് ഇങ്ങനെയൊരു സ്ലാബ്സിസ്റ്റം വയ്ക്കുന്നതു ശരിയല്ല. ഈ തോതിൽ വസ്തു ഉടമകൾക്കു വളരെ കുറച്ചേ കിട്ടാൻ ഇടയാകൂ. ഞാൻ ഒരു ജന്മിയല്ല; ജന്മിമാർക്കുവേണ്ടി വാദിക്കുന്നതുമല്ല. എപ്പോഴും ഞാൻ ജന്മിമാർക്കുവേണ്ടി വാദിക്കുന്നതു് അവരോടു വല്ല ഫീസും വാങ്ങിയിട്ടാണോ എന്നു തെററിദ്ധാരണ കണ്ടേക്കും. അങ്ങനെയൊന്നുമില്ല. ഞാൻ ഒരു കോൺഗ്രസ്സുകാരനാണ്. എല്ലാവരും ഒരുപോലെ സമാധാനമായും, സുഖമായും കഴിഞ്ഞുകൂടണമെന്നുള്ള ആഗ്രഹം കൊണ്ട് ഇങ്ങനെ പറഞ്ഞുപോകുന്നതാണ്. അധികാരമുണ്ടെന്നു കരുതി, യാതൊരുത്തരവാദിത്വവുമില്ലാതെ ഇങ്ങനെയുള്ള നിയമം ഉണ്ടാക്കി നാട്ടിൽ കൂടുതൽ കുഴപ്പം സൃഷ്ടിക്കരുതു്. ഇതു മുൻപും പറഞ്ഞിട്ടുള്ളതാണ്, അതു കേട്ടില്ല; പിന്നെയും സന്ദർഭം കിട്ടിയപ്പോൾ പറയുന്നുവെന്നേയുള്ളു. ഇതുകൊണ്ടും ഫലം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഒരു കാര്യംതന്നെ വീണ്ടും വീണ്ടും പറയുന്നതു കേൾക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്കും ഇഷ്ടമല്ല. ഏതായാലും ഈ കാര്യം ഞാൻ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

Mr. Speaker: Order, order. The House will now adjourn and meet again at 3 p. m.

The Assembly adjourned for lunch at 1 p. m. and re-assembled at 3 p. m.

ശ്രീ. ആർ. രാഘവമേനോൻ: ഞാൻ പറഞ്ഞുകൊണ്ടുവന്നതു് 100-ക്കു് 60 കണ്ടും അതിനു താഴോട്ടും സംഖ്യ വിലയായി തീർച്ചയാക്കി പിന്നെ ഓരോരുത്തർക്കും ഉള്ള അവകാശം അനുസരിച്ച് വീതിച്ചുകൊടുക്കുന്നതു് വളരെ സങ്കടകരമാണെന്നാണ്. ഇതേ കാര്യം പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട്. നമ്മുടെ സ്റ്റേററ് വളരെ സാമ്പത്തികശേഷിയില്ലാത്ത സ്റ്റേററാണെന്നൊക്കെ പറഞ്ഞേക്കും. നൂറിനു നൂറും വിലയുണ്ടെങ്കിൽ അതു് ഗവണ്മെന്റ് എടുക്കുമ്പോൾ ഏററവും ശരിയായി കൊടുക്കണം. നാട്ടുകാർ ആരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കിൽ ചിലപ്പോൾ ഒരാളെ തോൽപ്പിക്കാൻ അങ്ങനെയൊക്കെ ശ്രമിക്കും. മനുഷ്യനും മനുഷ്യനും കൂടി ഇടപാടു ചെയ്യുമ്പോൾ വളരെ മര്യാദയോടുകൂടിയല്ലാതെ ചെയ്തെന്നുവരാം. എന്നാൽ ഗവൺമെൻറ് അങ്ങനെ ചെയ്യാൻ പാടില്ല. നമ്മുടെ ഗവൺമെൻറ് വളരെ നല്ല നിലയിൽ പെരുമാറുന്നു എന്നു വരുത്തണമെന്നു ആഗ്രഹം ഉണ്ടു്. ഏതു ഗവൺമെൻറായാലും കഴിയുന്നതു നന്നായി പ്രവർത്തിക്കുന്നു എന്നുള്ള പേരു സമ്പാദിക്കാൻ ശ്രമിക്കണം. ആരു മരിച്ചാലും വേണ്ടുകില്ല. അതാണു് എൻെറ ആദർശം. ആദ്യത്തെ പതിനയ്യായിരം രൂപയ്ക്കു് ഒൻപതിനായിരം രൂപയേ കൊടുക്കുന്നുള്ളു. അതിലുള്ള ലാഭം ഗവൺമെൻറിനാണു് കിട്ടുന്നതു്. ഈ ലാഭം ഗവൺമെൻറിനെന്തിനാണു്? ഇവിടെ ചെലവു കഴിയാൻ അവനവനു് മാർഗ്ഗമുണ്ടാക്കാൻതന്നെ വളരെ പ്രയാസമാണു്. പണ്ടു എത്രയോ കാരണവന്മാർ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ നാം എടുക്കുമ്പോൾ അതിനുള്ള വില ചുമത്തേണ്ട ആവശ്യമില്ല. ആളുകളെ തെണ്ടാൻ സഹായിക്കുന്ന നടപടികൾ ഗവൺമെൻറ് സ്വീകരിക്കരുതു്. ഏതു ഗവൺമെൻറായാലും അങ്ങനെ ചെയ്യരുതു്. എന്തിനാണു് നാം നിയമം പാസാക്കുന്നതു്? കാർഷികാശ്വാസനിയമം ആവശ്യമാണു്. കുടിയാന്മാരെ ഒഴിപ്പിക്കരുതു്. ഗവൺമെൻറിൻെറ നില അനുസരിച്ചു് സാദ്ധ്യമാകാത്ത കാര്യങ്ങൾ എന്തിനു് ചെയ്യണം? സെൻട്രൽ ഗവൺമെൻറ് പറയുന്നെങ്കിൽ ഞങ്ങളുടെ സ്റ്റേററിൻെറ സ്ഥിതി ഇങ്ങനെയാണെന്നും ഇവിടത്തെ ഭൂസ്ഥിതി വളരെ കുഴപ്പമുള്ളതാണെന്നും പറയണം. അതിനുള്ള വഴി സെൻട്രൽ ഗവൺമെൻറ് ഉണ്ടാക്കിത്തരട്ടെ. ഇവിടെ വസ്തു ഉടമസ്ഥന്മാരെ കാശു കൊടുത്തു അയയ്ക്കുകയാണു്. അപ്പോൾ നിങ്ങൾ പോകുന്നെങ്കിൽ പൊയ്ക്കോ, നിങ്ങളുടെ മുണ്ടു് ഇവിടെ ഇട്ടേച്ചു പൊയ്ക്കോ, എന്നാണു് പറയുന്നതു്. പ്രൊഹിബിഷൻ ഏർപ്പെടുത്തിയപ്പോൾ ശ്രീ. രാജഗോപാലാചാരി സെയിൽസ് ടാക്സ് ഏർപ്പെടുത്തി. അതുപോലെ എന്തെങ്കിലും ചെയ്യണം. സാധുക്കൾക്കു കൊടുക്കാനുള്ളതു് കൊടുക്കുകതന്നെ വേണം. അതും ഒരുമിച്ചു കിട്ടുകയില്ല. അവർ ഇനിമേലാണു് സംഗതികൾ മനസ്സിലാക്കുന്നതു്. എന്തോ അപകടം വരുന്നു എന്നു മാത്രമേ അവർ ഇതുവരെ മനസ്സിലാക്കിയിട്ടുള്ളു. ഇത്രത്തോളം വരുമെന്നു അവർക്കറിഞ്ഞുകൂടാ. വേറെ മാർഗ്ഗങ്ങളിൽ ധാരാളം പണം സമ്പാദിക്കുന്നവരുണ്ടു്. അവരോടു് ഒരു നികുതി വാങ്ങിക്കണം.

Mr. Speaker: Please try to conclude.

Shri R. Raghava Menon: Yes, Sir. I am .... concluding. At any time I can conclude. I am talking of such things only as I want to impress upon Government. I am giving some ideas. After all, it will not be acted upon. What I was saying is that you can raise money from rich people by way of imposing some kind of tax, provided you approach them in the right spirit. Poor landlords are going to suffer. We want some money and we can raise it by imposing some tax. That will be nice. But you are not bold enough. There are other mighty people—the industrialists and others. You can tax them. The landlords are poor people. You think you can do anything with them. You say to them, leave your clothes also and go.

വേലക്കാരോടു പറയുന്നതുമാതിരി പറയുകയാണു്. ശമ്പളം കൊടുത്തിട്ടു ഉടുത്ത മുണ്ടുകൂടി വാങ്ങി വച്ചിട്ടയക്കുകയാണു്. അതു ഭംഗിയല്ലെന്നാണു് എനിക്കു പറയാനുള്ളതു്.

<u>ശ്രീ. പൊന്നറ ജി. ശ്രീധർ</u>: ഈ 62-ാം ക്ലാസ്സ് ഭൂമി വിട്ടുകൊടുക്കുന്ന ആളുകൾക്കു കൊടുക്കേണ്ടതുക എന്താണെന്നും എങ്ങനെയാണെന്നും തീരുമാനിക്കുന്നതാണു്. ഈ ക്ലാസ്സിൽ 2-ാം ഉപവകുപ്പിൽ കാമ്പൻസേഷൻ കൊടുക്കേണ്ടതു 'മാർക്കററ് വാല്യൂ' ആയിരിക്കണം എന്നൊരു ഭേദഗതി ഞാൻ അയച്ചി

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ട്ടുണ്ട്. ആദ്യത്തെ ക്ലാസിൽ ഭൂമി കൊടുക്കുന്ന ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടതാണെന്ന് സമ്മതിച്ചിട്ടുണ്ട്. രണ്ടാമത്തെ ഉപവകുപ്പിൽ കമ്പോള വില കണക്കാക്കി അതിന്റെ ഇത്രയിത്ര ശതമാനം കൊടുത്താൽ മതിയാകുമെന്നാണ് പറഞ്ഞിരിക്കുന്നതു്. എനിക്കു അതാണ് മനസ്സിലാകാത്തതു്. നിയമം ഉണ്ടാക്കുമ്പോൾ നാം ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഇന്ന് പൊതുവെ നിയമമനുസരിച്ച് പ്രവർത്തിക്കുന്നതിനെതിരായിട്ടുള്ള ഒരു മനോഭാവം സൃഷ്ടിക്കുന്നതിന് വേണ്ടി മാത്രമാണ് ഗവണ്മെന്റ തുനിഞ്ഞുകൊണ്ടിരിക്കുന്നതെന്നാണ് എന്നെപ്പോലെയുള്ളവർ മനസ്സിലാക്കുന്നതു്. കാമ്പൻസേഷൻ ഏതു തരത്തിൽ കൊടുക്കാമെന്നു നിശ്ചയിക്കുന്നതിനു ഇന്നു ചില നിയമങ്ങൾ ഉണ്ട്. മാർക്കററു വാല്യു എന്നു പറഞ്ഞാൽ അതു നിശ്ചയിക്കുന്നതിനും വളരെക്കാലമായി നിലവിലിരിക്കുന്ന ചില നടപടിക്രമങ്ങളും നിയമങ്ങളുമുണ്ട്. അതിനെല്ലാം വ്യത്യസ്തമായ ഒരു രീതി കല്പിച്ച് വളരെക്കാലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന കൃഷിഭൂമി ഗവണ്മെന്റിലേയ്ക്കു സറണ്ടർ ചെയ്യുന്ന അവസരത്തിൽ മാർക്കററുവാല്യു നിശ്ചയിക്കുന്നതു മറെറാരു അടിസ്ഥാനത്തിലാണ്. 60 ശതമാനത്തിൽ തുടങ്ങി കീഴ്പ്പോട്ട് 25 ശതമാനം വരെ കണക്കാക്കുന്നുണ്ട്. ഇങ്ങനെയെല്ലാം പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. യഥാർത്ഥമായ മാർക്കററു വാല്യൂ മുഴുവനും കൊടുക്കണം. അവർക്കു കിട്ടേണ്ടതു് മുഴുവനും കൊടുക്കണം. ഇന്റർമീഡിയറി വരുകയാണെങ്കിൽ ഏതെല്ലാം വിധത്തിൽ ഭാഗിക്കണമെന്നു അടുത്ത സബ്ക്ലാസിൽ പറയുന്നുണ്ട്. അതു തരക്കേടില്ല. ആ തരത്തിൽ എല്ലാവർക്കും ചെല്ലാനുള്ള തീരുമാനിച്ച തുകകൾ കൊടുക്കണം. അല്ലാതെ ഏതെങ്കിലും കുറെ ശതമാനം കൊടുത്തിട്ടു കൊടുത്തുതീർത്തു എന്നു പറയുന്നതു് ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതിനുള്ള ഒരു മനഃസ്ഥിതി ജനങ്ങൾക്കു ഉണ്ടാക്കുന്നതാണ്. വളരെക്കാലമായി നിലവിലിരിക്കുന്ന നിയമങ്ങളെല്ലാം ആപത്താണെന്നു ഇന്നു പറഞ്ഞാൽ ഇന്നുള്ള പല നിയമങ്ങളും ആപത്താണെന്നു ജനങ്ങൾ പറയാൻ ഇടവരുന്നതും നിയമങ്ങളെ എതിർക്കാനുള്ള ഒരു പ്രവണത ആളുകൾക്കു ഉണ്ടാക്കുകയും ചെയ്യും. ഈ ബില്ലിലുള്ള ആക്ഷേപങ്ങളെപ്പററി പറഞ്ഞിട്ടുള്ളതു് ആരും തന്നെ വകവയ്ക്കുന്നില്ല. ഈ ബില്ലുകൊണ്ടു ഗുണം സിദ്ധിക്കുമെന്നു വിചാരിച്ച ആളുകൾക്കുപോലും ഗുണം സിദ്ധിക്കാത്ത തരത്തിലാണ് ക്ലാസുകൾ എഴുതിവയ്ക്കുന്നതു്. ഇതു് നാളെ ഒരു കാലത്തു ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പണക്കാർക്കു പോകുന്നതിനുള്ള പഴുതുണ്ടാക്കിക്കൊടുക്കുന്നതാണ്. അതുകൊണ്ടു് ഞാൻ പറഞ്ഞ തരത്തിൽ ഭേദഗതി ചെയ്താൽ ഒരു തരക്കേടും വരാൻ പോകുന്നില്ല. രണ്ടാം സബ്ക്ലാസ് ഭേദഗതി ചെയ്യാൻ മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു.

Shri T. A. Thomman : It is said that law can make anything excepting making man a woman. We must also think that the laws which we pass are just and equitable. Here, what is it that we are going to enact? Under clause 62 we are taking properties from certain persons and assigning those properties to certain others under clause 69. The compensation that we pay to the owners of the property is as shown in 62 (2) and in the slab it is shown that when the market value exceeds 75,000 Rupees, the compensation that is going to be paid is only 35 per cent. That is what the Sirkar proposes to pay to the owner of the land; and what does the Sirkar do with the land? The Sirkar says that the lands are to be assigned to landless poor. What does the Sirkar get for the land? Under section 70, it shall be fifty-five per cent of the market value. Why should the Sirkar be a commission agent? The Sirkar pays only 35 per cent and while they get 55 per cent. That is very very hard, Sir. And again, think of this. An owner of land

LIBRARY ARCHIVES Kerala Legislative Assembly

having 100 acres of cocoanut garden can keep in his possession only 15 acres. So, 85 acres of his cocoanut garden, a full-fledged cocoanut garden yielding very valuable income is distributed to 17 persons, each one of them getting 5 acres. These landless agriculturists each one of them, get 5 acres of fully improved land. For what? At 55 per cent of its market value. I can understand if land is taken from the land owners and given to the landless agriculturists for improving it and for cultivating it after making necessary improvements. But that is not the case here. Here, what we see is that fully improved land is taken from the possession of the land owner and that is being given or assigned to landless agriculturist. The latter has nothing to do except to take the yield from that property and enjoy it; he need pay only 55 per cent of its market value, while the owner is given 25 per cent market value. Sir, is it not hard? And as far as our state is concerned, the value of land is not only determined, upon the value of the earth or, soil, but upon the value of improvements. We have effected very valuable improvements, and what we find is that value of the soil, apart from the improvements, will be only 10 or 15 per cent of the value of the improvements. Under such conditions, will it not be very hard, Sir, if land owners are given only this paltry compensation ? I think, Sir, that the compensation that is now provided for in the clause is too meagre. That is why I have moved my amendment. I do not wish to dilate further, because about this compensation. I have also spoken before. These are considerations which should weigh with the Government. They should see that when we are enacting a law, it should be equitable and just.

Shri Ponnara G. Sreedhar: Just now we have received another Notice of Amendment.

Mr. Speaker : I received that amendment only just now. On going into the content of the amendment, I find it really improves upon the quality of the legislation and it is absolutely necessary. It is true that there are rules in the Rules of Procedure regarding giving of notice and all that. But then, I think, this amendment really improves upon the quality of the legislation and that it is very necessary.

Shri Ponnara G. Sreedhar : We can also present amendments which will improve upon the quality of this legislation. But the other day you said that no further amendments would be received.

Mr. Speaker : I am not particular that it should be allowed. If that is the sense of the House, I would not allow the Minister to move it.

Shri Ponnara G. Sreedhar : We should be given an opportunity to know what it is.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ കെ. ടി. തോമസിന്റെ ഒരു അമെൻഡുമെൻറ് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതിൽ സ്വീകരിക്കാവുന്ന ഭാഗംമാത്രം സ്വീകരിച്ചുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

The amendment is this :

"The compensation for surrendering will be —

(1) The full value of embankments, structures and works of permanent nature; and

(2) The percentage of compensation for land and other improvement as stated below : "

Mr. Speaker: That is all right. Shri Kurup can now speak.

ശ്രീ. എം. നാരായണക്കുറുപ്പ്: പുതിയ ഭേദഗതിയുടെയും വകുപ്പിന്റെയും വെളിച്ചത്തിൽ ചില സംശയങ്ങളും അഭിപ്രായങ്ങളും തോന്നുന്നുണ്ടു്. ഈ വകുപ്പിൽ പറയുന്നതു് :

On the first Rs. 15,000 of the total market value 60 per cent.

ഒരുപക്ഷെ ഞാൻ മനസ്സിലാക്കിയതു് തെററായിരിക്കാം. ഭൂമി വിലയ്ക്കു് കൊടുക്കുമ്പോൾ ഉടമസ്ഥനുണ്ടാകാം, മദ്ധ്യവർത്തിയുണ്ടാകാം, ടെനൻറുണ്ടാകാം. അതിന്റെ ആകെ വില മാർക്കററ് വാല്യൂ ആണു്. ആ വില മൂന്നു കൂട്ടർക്കു് ഭാഗിച്ചുകൊടുക്കേണ്ടതായിട്ടു വരും. അങ്ങനെ ഭാഗിച്ചുകൊടുക്കുന്ന സംഖ്യ ഓരോരുത്തർക്കും 15,000 രൂപയിൽ കവിഞ്ഞാൽ ഈ കുറഞ്ഞ നിരക്കു് വരുമെന്നായിരുന്നു എന്റെ ധാരണ. എന്നാൽ ഇതു വായിച്ചപ്പോൾ ഭൂമിയുടെ ആകെ വില 15,000 ത്തിൽ കവിയുന്നപക്ഷം ഈ നിരക്കനുസരിച്ചുള്ള കാമ്പൻസേഷൻ കൊടുക്കുകയും ആ കാമ്പൻസേഷൻ ഇവർ വീതിച്ചുകൊടുക്കുകയും ചെയ്യണമെന്നാണു് മനസ്സിലാക്കുന്നതു്. 15,000 രൂപയിൽ കവിയുന്നുള്ളതാണെങ്കിൽ ഈ വ്യവസ്ഥപ്രകാരം വരുന്ന കുറവിന്റെ തോതിലായിരിക്കും, അതാതാളുകാർക്കു് അതു് ഓഹരിവെയ്ക്കു് അപ്പോൾ മൂവായിരം കിട്ടേണ്ടവനു് രണ്ടായിരവും, അയ്യായിരം കിട്ടേണ്ടവനു് മൂവായിരവും കിട്ടിയെന്നുവരാം. അങ്ങനെയാണെങ്കിൽ വളരെ കഷ്ടമാണു്. പ്രതിഫലം കിട്ടാനവകാശപ്പെടുന്ന ഓരോരുത്തർക്കും പതിനായിരം രൂപ കിട്ടാൻ അവകാശമുണ്ടെങ്കിൽ അയാൾക്കു് അറുപതു ശതമാനം എന്നു് ആക്കേണ്ടതാണു്. കിട്ടുന്ന സംഖ്യക്കാണു് ഈ ശതമാനം വയ്ക്കേണ്ടതു്. ഇപ്പോൾ വന്ന ഭേദഗതിയിൽ—

"Where the payee is entitled to get
Rs. 15,000 60 per cent.
or
65per cent, etc."

എന്ന രൂപത്തിലാക്കണം.

ആ രൂപത്തിലല്ലെങ്കിൽ ഞാൻ പറഞ്ഞ വ്യാഖ്യാനത്തിനിടവരും. ഏററവും കുറഞ്ഞ വരുമാനത്തിനുകൂടി ആയിരംരൂപായ്ക്കു് 25 രൂപയെ കിട്ടിയുള്ളൂ എന്നും വരും. ആ സംഗതികൂടി ആലോചിക്കണം.

Smt. K. R. Gouri: When a person surrenders ownership or possession or both of land as provided in section 59 or section 61, he shall be entitled to compensation, and if there is an intermediary, he shall also be entitled to compensation. What compensation shall be, has been stated in the clause. അതുകൊണ്ടു് ശ്രീ. നാരായണക്കുറുപ്പിന്റെ സംശയം നിലനിൽക്കുകയില്ലെന്നാണു് തോന്നുന്നതു്.

Shri T. A. Thommen: It is stated in sub-clause (2):

> "The compensation payable for the surrender of *full* rights over lands shall be calculated as follows"; so, it is for the *full* rights over lands that compensation is given. 'Full rights' means all rights of ownership and the intermediary.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : If there is any doubt, regarding it we will have to add the words "of payees" also after the words "full rights".

Mr. Speaker : Is that the intention ?

Smt. K. R. Gouri : The intention is that the persons will be entitled to compensation on the slab below.

Shri M. Narayana Kurup : But according to the present wording, it is capable of other interpretations. That should be made clear. Otherwise it would mean the whole value of the property.

Smt. K. R. Gouri : I suggest that clause 62 may be held over. Intention of the Government is the slab can be worked only on persons. എല്ലാ പ്രോപ്പർട്ടികളും കൊടുത്തുകഴിഞ്ഞതിനുശേഷം ലാൻഡ്ഓണർക്ക് കിട്ടുന്നതിനെ സംബന്ധിച്ചു മാത്രം കണക്കിലെടുത്താൽ മതിയാകുന്നതാണ്.

Mr. Speaker : So, Clause 62 may be held over for the purpose of making the meaning of 'full rights' more clear—I mean the meaning that is contemplated.

Clause 60 can now be taken.

Shri K. T. Thomas : Some time back Clause 57 was held over. Now another clause is being held over.

Mr. Speaker : Yes ; Clause 57 was also held over.

ശ്രീ. ടി. എ. തൊമ്മൻ : 57-ാം വകുപ്പ് ഇപ്പോഴും എടുക്കാമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോഴും എടുക്കുന്നതിനു വിഷമമില്ല. എന്നാൽ മുസ്ലീംലീഗ് ലീഡർ, അദ്ദേഹം വന്നിട്ടേ അതു് എടുക്കാവൂ എന്നു് പറഞ്ഞിട്ടു പോയിരിക്കുകയാണ്. തിങ്കളാഴ്ച അദ്ദേഹം വരും.

Shri R. Raghava Menon : We have no objection to postpone consideration of that clause, until he comes.

Shri T. A. Thomman : If the amendment to Clause 60 is ready, it can be circulated, so that we can go through it.

Mr. Speaker : Which is the clause that should be taken now ?

Clause 60 (contd.)

Smt. K. R. Gouri : There were two or three amendments of Shri Kurup on which, I said, I will express myself later.

Mr. Speaker : In regard to Clause 60 ; I be here ? Amendments Nos. 1162, 1163 and 1164.

ശ്രീമതി കെ. ആർ. ഗൗരി : എല്ലാം ക്ലെയിംസും സെറ്റിൽചെയ്തു കഴിഞ്ഞതിനുശേഷമാണ് ഇതു വരുന്നതു്. അതുകൊണ്ടു് ഈ ഭേദഗതികളുടെ ആവശ്യമില്ല.

Shri M. Narayana Kurup : But Clause 60 says : "On the determination of the extent and other particulars of lands the ownership or possession or both of which is or are to be surrendered under section 59......".

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: "Where in respect of any such land there is an intermediary the rights of the intermediary over that land shall stand extinguished"—You want to delete that last sentence, by your amendment No. 1163.

Shri M. Narayana Kurup: My difficulty is this. Suppose a person owns 100 acres of land and he is not entitled to resume anything. He will be entitled to own up to only 15 acres. The remaining 85 acres may be owned by various tenants or intermediaries; some of the intermediaries may be entitled to sue for the recovery under Section 7; others may be intermediaries who are small holders. If it is ownership and possession, all questions will be settled. Here, the landowner is entitled to possess or to have ownership right up to 15 acres. In respect of ownership rights covered by the other 85 acres, there may be some intermediaries and there may be some tenants and among intermediaries themselves some may be entitled to sue for, under Section 7, for small portions; other intermediaries may be small holders. As it is, it says, all their rights shall stand extinguished, when the owner surrenders the land. That will be quite inconsistent with the provisions of Section 7 and 15. That is why I have stated that in sub-clause (4) after the word 'intermediary' occurring first in last but one line, the following be added: "other than a small holder under section 15, or one entitled to resume land under sub-section (12) of section 7".

Mr. Speaker: That is your amendment No. 1164.

Shri M. Narayana Kurup: These are alternative amendments. In amendment No. 1163, I have suggested that the whole of the last sentence should be deleted. If that suggestion is not acceptable, then my amendment No. 1164 may be accepted.

ശ്രീമതി കെ. ആർ. ഗൌരി: ഞാൻ പറയുന്നതു് മററുള്ള claims എല്ലാം operate ചെയ്തതിനുശേഷമേ ഈ സെക്ഷൻ operate ചെയ്യുവാൻ നിവൃത്തിയുള്ളു എന്നാണു്. അതുകൊണ്ടാണു് intermediary-യുടെ right extinguish ചെയ്യണമെന്നു പറഞ്ഞിരിക്കുന്നതു്.

Shri M. Narayana Kurup: The landowner says I have got 100 acres of land, and I am entitled to 15 acres only. I surrender the rest, I am not concerned with the interests of the other people, the intermediary or the tenant. That is the unworkability of the provision.

Smt. K. R. Gouri: I don't think there will be any difficulty.

Mr. Speaker: So, you don't think the amendment is necessary.

Smt. K. R. Gouri: No necessity. സെക്ഷൻ 15-ലും ഒരു ലിമിററു് നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: അതാണു് ചെയ്തിട്ടില്ലാത്തതു്.

The following amendment No. 1162 moved by Shri M. Narayana Kurup was put and carried:—

In clause 60 (3), add the following at the end of the proviso:

'and duly published in the manner prescribed.'

LIBRARY ARCHIVES Kerala Legislative Assembly

Amendments Nos. 1163 and 1164 of Shri M. Narayana Kurup in regard to sub-clause (4) were put and lost.

Amendment (No. 176 in clause 2) moved by Shri C. A. Mathew was put and lost.

The question that Clause 60, as amended, stands part of the Bill was put and carried

Clause 60, as amended, was added to the Bill.

Mr. Speaker: We will now take up Clause 63, Clause 62 can be taken up later.

Clause 63.

Shri K. K. Viswanathan: In clause 63, the case of the usufructuary mortgage would also have to be included.

Smt. K. R. Gouri: He will be deemed to be an encumbrancer.

Sir, I move:

(No. 1202) In clause 63, in sub-clause (1), the words and figures 'under Section 59' shall be omitted.

I also move:

(No. 1203) In Clause 63, in sub-clause (3) for the word 'surrendered' in both places where it occurs the words 'surrendered to or assumed by the Government' shall be substituted.

Shri C. A. Mathew: Sir, I move:

(No. 1204) In Clause 63, add the following as sub-clause (4):

"(4) Where any land the ownership or possession or both of which is surrendered, forms part of the security for any loan, advanced and made use of for the improvement of the land surrendered, there shall not be any apportionment as envisaged in sub-clause (3)".

സബ്ക്ലാസ് 1-ൽ ഒന്നിൽക്കൂടുതൽ വസ്തുക്കൾ കടത്തിന് ഈടായി നൽകപ്പെട്ടിട്ടുണ്ടെങ്കിൽ, അതിൽ ഒരു വസ്തു സറണ്ടർ ചെയ്യപ്പെട്ടാൽ, ഓരോ വസ്തുവിന്റെയും കടബാധ്യത ആ വസ്തുവിന്റെ വിലയെ ആശ്രയിച്ച് നിലകൊള്ളുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങളുടെ നാട്ടിൽ വസ്തുക്കളിൽ നല്ലവണ്ണം ദേഹണ്ഡിക്കുന്ന ആളുകളാണുള്ളത്. കടം വാങ്ങിച്ചും വ്യവസായത്തിൽ മൂലധനമിറക്കുന്നതുപോലെ, അവർ കൃഷിക്കുവേണ്ടി പണം ചെലവാക്കും. ഭൂപണയബാങ്കിലെ റിക്കാർഡുകൾ പരിശോധിച്ചാൽ അനേകമാളുകൾ വസ്തുക്കൾ ഈടുകൊടുത്ത് കടംവാങ്ങി ചില പ്രത്യേകവസ്തുക്കളുടെ ഇംപ്രൂവ്മെന്റിനുവേണ്ടി ചെലവാക്കിട്ടുള്ളതായി കാണാൻ സാധിക്കും. കടമെടുക്കുന്ന സംഖ്യ ഈടുകൊടുത്ത വസ്തുവിന്റെ ഇംപ്രൂവ്മെന്റിനുവേണ്ടി ചെലവാക്കും. കൂടുതൽ സംഖ്യ കടമെടുക്കുന്നതിനുവേണ്ടി കൂടുതൽ വസ്തുക്കൾ ഈടുകൊടുത്തിട്ടുണ്ടെന്നുവരികിൽ മറ്റുള്ള വസ്തുക്കളിലും ആ ബാധ്യത വരുന്നതു ശരിയല്ല. ആ സംഖ്യ ഏതു വസ്തുവിന്റെ ഇംപ്രൂവ്മെന്റിനുവേണ്ടി ചെലവാക്കിയോ ആ വസ്തുവിൽത്തന്നെ ബാധ്യത നിലകൊള്ളണം. കൂടുതൽ ഞാൻ ഇതിനെപ്പറ്റി പറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ആ ഭേദഗതിയെ എതിർക്കുകയാണ്.

The following amendments (Nos. 1202 and 1203) moved by Smt. K. R. Gouri were put and carried:—

LIBRARY ARCHIVES Kerala Legislative Assembly

In clause 63, in sub-clause (1), the words and figures 'under section 59' shall be omitted.

In clause 63, in sub-clause (3) for the word 'surrendered' in both the places where it occurs the words 'surrendered to or assumed by the Government' shall be substituted.

The amendment (1204) of Shri C. A. Mathew was put and lost.

The question that Clause 63, as amended, stands part of the Bill was put and carried.

Clause 63, as amended, was added to the Bill.

Clause 64.

Shri M. C. Abraham: Sir, I move:

(No. 1205) In sub-clause (1) of Clause 64, in line 7 delete the words, 'and his decision thereon shall be final.'

I have spoken on similar amendments on former occasions

Smt. K. R. Gouri: I have also had my say on it.

The amendment was put and lost.

The question that Clause 64 stands part of the Bill, was put and carried.

Clause 64 was added to the Bill.

Clause 65.

Smt. K. R. Gouri: Sir, I move:

(No. 1206) In clause 65, in sub-clause (4) for the words 'shall be distributed' the words 'shall be distributed to the holders of the encumbrance, maintenance, or alimony' shall be substituted.

Shri M. Narayana Kurup: Sir, I move:

(No. 1207) In Clause 65 (4) delete the last two lines occurring before the proviso.

ഇളള് ക്ലാസ് 53-ൽ സ്വീകരിച്ചതാണു്.

Smt. K. R. Gouri: I accept the amendment.

Shri M. Umesh Rao: Sir, I move: (No. 185 in Consolidated List 2).

Add as first proviso to 65 (4):

"Provided that the priority shall be given to the payment of maintenance or alimony, in making the above payments."

Mr. Speaker: A similar amendment to a previous clause was negatived. So I am afraid this amendment is barred.

Shri M. Umesh Rao: There it was maintenance and alimony.

Mr. Speaker: But the fate is already decided.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Umesh Rao: I am still hoping that the Minister will reconsider the matter. In the other clause, it was a question of purchase right; it is surrender in this clause.

Smt. K. R. Gouri: We have already accepted a principle. It is not proper for us to go back upon it.

The following amendment (No. 1206) moved by Smt. K. R. Gouri was put and carried:—

> In clause 65, in sub-clause (4) for the words 'shall be distributed' the words 'shall be distributed to the holders of the encumbrance, maintenance or alimony' shall be substituted.

The following amendment (No. 1207) moved by Shri M. Narayana Kurup was put and carried:

> In Clause 65 (4) delete the last two lines occurring before the proviso.

The amendment moved by Shri M. Umesh Rao was put and lost.

The question that Clause 65, as amended, stands part of the Bill, was put carried.

Clause 65, as amended, was added to the Bill.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ ക്ലാസ് 63-ഉം 65-ഉം ഹെഡ്നോട്ട് ഒരുപോലെയിരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: 63-ാംവകുപ്പ് വളരെ cumbersome ആണ്. അതുകൊണ്ട് പ്രിപ്പറേഷൻ ഓഫ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ആണ് വാസ്തവത്തിൽ ശരി. ബോർഡ് പറഞ്ഞുകഴിഞ്ഞിട്ട് അവർ എഴുതി അയയ്ക്കണം. രണ്ടും നോക്കി Marginal note ശരിപ്പെടുത്താം.

Clause 66.

Smt. K. R. Gouri: I move amendment No. 1211:

> In clause 66, in sub-clause (1) for the words and figures "section 60" the words and figures "section 60 or section 61" shall be substituted.

Shri M. Narayana Kurup: I move amendment No. 1215:

> In clause 66 (1) after the word "has" occurring in last but one line add "or have".

ശ്രീമതി കെ. ആർ. ഗൗരി: 1215-ാംനമ്പർ മി. കുറുപ്പിന്റെ ഭേദഗതി ഞാൻ അക്സപ്റ്റ് ചെയ്യുന്നു.

Shri C. A. Mathew: I move amendment No. 1216:

> In clause 66, in sub-clause (1) after the words "shall be paid" add "in cash up to a maximum of rupees ten thousand, and the balance, if any, shall be paid".

സർ, ഈ പർച്ചേസ് പ്രൈസിനെ സംബന്ധിച്ച് ഒരു തത്വം ആവിഷ്കരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതംഗീകരിക്കുകയില്ല എന്നുള്ള ഉറപ്പുള്ളതുകൊണ്ട് ഞാനിതേപ്പറ്റി ഒന്നും സംസാരിക്കുന്നില്ല.

2/692/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: 15 ഏക്കർ കൈയ്യിൽവച്ചിട്ടാണു് പറയുന്നതു്. അതുകൊണ്ടു് അങ്ങനെ പറയുന്നതു ശരിയല്ല. ഞാനിതിനെ എതിർക്കുന്നു.

The amendment (No. 1211) moved by Smt. K. R. Gouri, was put and carried.

The amendment (No. 1215) moved by Shri M. Narayana Kurup was put and carried.

The amendment (No. 1216) moved by Shri C. A. Mathew was put and lost.

The question that clause 66, as amended, stands part of the Bill, was put and carried.

Clause 66, as amended, was added to the Bill.

Clause 67.

The question that clause 67 stands part of the Bill was put and carried.

Clause 67 was added to the Bill.

Clause 68.

Shri K. K. Viswanathan: I move (1218): and No. 136 in consolidated list 2—

(1) Add a new clause after clause 67 as follows and renumber other clauses :—

> "68. The land vested in the Government shall be at the disposal of the Panchayat or other local authority in whose jurisdiction such land is situated and the land so vested in an area where there is no Panchayat or other local authority, shall be at the disposal of the Land Board."

(2) In clause 68, delete the Explanation.

Shri C. A. Mathew: I move amendment No. 1219 :

(No. 1219) In clause 68—

1. Add at the beginning "Any person who is a member or who agrees to become a member of a Co-operative farming society and who does not possess...."

2. Delete the portion after "may apply" and add "to the respective Panchayats, to which the land devolves under clause 69, for assignment of land to him".

3. Delete the Explanation.

Shri K. K. Viswanathan: I move :

(No. 1221) In clause 68, between the words "Land Board" and the words "for assignment", insert the words "or to the Panchayat or other local authority as the case may be."

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: I move: (No. 1223)

Mark the existing clause as 68(1) and add the following at the end:—

"in the manner prescribed", and substitute the word "allotment" for the word "assignment".

Add the following new sub-clause (2) in clause 68:—

(No. 1224) "The Land Board shall initially allot lands in favour of the applicants according to principles contained in section 69 and finally assign them in favour of Co-operative societies formed by such allottees. The allotment of land shall always be provisional and shall be void if the allottee does not become a member of the Co-operative Society."

ശ്രീ. കെ. കെ. വിശ്വനാഥൻ: ഗവണ്മെൻറിലേക്ക് വെസ്റ്റ് ചെയ്യുന്ന ഭൂമി പഞ്ചായത്തിന്റെ കൈവശത്തിലേക്ക് വിട്ടുകൊടുക്കണമെന്നുള്ളതാണ് എന്റെ 1218-ാം നമ്പർ ഭേദഗതി. അതേ തുടർന്ന് അസൈൻമെൻറ് വകുപ്പ് വരുമ്പോൾ അങ്ങനെ പഞ്ചായത്തിനു കൊടുക്കുന്ന ഭൂമി സഹകരണസംഘങ്ങൾവഴി കൃഷി ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നുണ്ട്. സർ, ഈ ഭേദഗതിയുടെ ഉദ്ദേശം വളരെ വ്യക്തമാണ്. ഗവണ്മെൻറിൽ വെസ്റ്റ് ചെയ്യുന്ന ഭൂമി പഞ്ചായത്തുള്ള ഇടങ്ങളിൽ പഞ്ചായത്തിനും പഞ്ചായത്തില്ലാത്ത സ്ഥലങ്ങളിൽ ലാൻഡ് ബോർഡിനും കൈവശം കൊടുക്കണം എന്നാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഈ ഗവണ്മെൻറിലേക്ക് വെസ്റ്റ് ചെയ്യുന്ന ഭൂമി 69-ാമത്തെ വകുപ്പുപ്രകാരം ഗവണ്മെൻറ് പലർക്കും അസൈൻ ചെയ്യാനാണുദ്ദേശിക്കുന്നത്. അങ്ങനെ അസൈൻ ചെയ്യാനുദ്ദേശിക്കുന്ന ഭൂമി പഞ്ചായത്തിന്റെ മാനേജുമെൻറിൽ വരണമെന്നും പഞ്ചായത്ത് അതു സഹകരണസംഘങ്ങളെക്കൊണ്ട് കൃഷി ചെയ്യിക്കണമെന്നുമുള്ള കോൺഗ്രസ്സിന്റെ നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ 69-ാം വകുപ്പിൽ മറ്റൊരു ഭേദഗതിയും അവതരിപ്പിച്ചിട്ടുള്ളത്. സർ, പഞ്ചായത്തിന്റെ പരിധിയിലേക്ക് അതു വിട്ടുകൊടുക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാൻ പോകുന്നില്ല. ഇന്നിവിടെ സ്വീകരിച്ചിട്ടുള്ള പല തത്വങ്ങൾ അനുസരിച്ചും ഭൂമി വിതരണം ചെയ്യാൻ പഞ്ചായത്തുകാരെ ചുമതലപ്പെടുത്തുന്നതിന്നെതിരല്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഒരു ലാൻഡ് ട്രിബ്യൂണലിനെ സംഘടിപ്പിച്ചിട്ടുണ്ട്. ആ ഭാഗത്തുള്ള പല ആളുകളും പറഞ്ഞതു ജനപ്രതിനിധികൾകൂടി ഉൾപ്പെട്ട ഒരു ട്രിബ്യൂണലായിരിക്കണം അതു് എന്നാണ്. ജനപ്രതിനിധികൾ എന്നു പറയുന്നവരെ കൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്നത് പഞ്ചായത്തുകളിൽ നിന്നാണ്. പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ ഏറ്റവും കീഴ്ഘടകമാണ്. അപ്പോൾ ജനാധിപത്യത്തിന്റെ ഏറ്റവും കീഴ്ഘടകമായ പഞ്ചായത്തുകൾ മുഖാന്തിരമാണ് ഭൂമി വിതരണം ചെയ്യേണ്ടതെന്നുള്ളതിന് യാതൊരു സംശയവുമില്ല. ജനപ്രതിനിധികൾ ഭൂമി വിതരണം ചെയ്യണമെന്നുള്ള തത്വം അംഗീകരിക്കുകയാണെങ്കിൽ ആ ഭൂമി പഞ്ചായത്തിനു കൊടുക്കണം. അവർ മുഖാന്തിരം വിതരണം ചെയ്യണം എന്നുള്ളതിനു യാതൊരു വിരോധവും കാണിക്കേണ്ട ആവശ്യമില്ല. അങ്ങനെ കൊടുക്കുകയാണെങ്കിൽ മറ്റൊരു സൗകര്യം, ഈ പഞ്ചായത്തുകൾക്ക് കഴിയുന്നിടത്തോളം ഭൂമി സഹകരണസംഘങ്ങൾവഴി കൃഷി ചെയ്യിക്കുന്നതിനും സാധിക്കും. അങ്ങനെ പഞ്ചായത്തുകൾക്കുതന്നെ നാം ഇവിടെ നിശ്ചയിക്കുന്ന പ്രയോറിറ്റി അനുസരിച്ച് അവക്ക് അസൈൻ ചെയ്യാവുന്നതാണ്. ലാൻഡ് ബോർഡിനെ ഈ ജോലി മുഴുവൻ ഏൽപ്പിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ലാൻഡ് ബോർഡിനു ചില അധികാരങ്ങൾ കൊടുത്തിട്ടുള്ളത് അവക്ക് ഡെലിഗേറ്റ് ചെയ്യാം എന്നു പറയുന്നു. ലാൻഡ് ബോർഡിനു ഭൂമി വിതരണം ഒരുപക്ഷെ നടത്താൻ സാധിക്കയില്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

എന്ന വിചാരത്തിലാണ്, അങ്ങനെ ഡെലിഗേററ ചെയ്യാം എന്നു പറഞ്ഞിട്ടുള്ളതു്. അങ്ങനെ ഡെലിഗേററ ചെയ്യുന്നതു് പഞ്ചായത്തിനു വേണമെങ്കിലാകാം എന്നു പറയാം. അതു പഞ്ചായത്തായിരിക്കുമോ അതോ ലാൻഡ് ട്രിബ്യൂണലിനായിരിക്കുമോ എന്നു തിട്ടമില്ലാതെയാണിരിക്കുന്നതു്. അതു് ഈ നിയമസഭയിൽവച്ചു് ആർക്കാണെന്നു തീരുമാനിക്കണം. ഈ സഭയിൽ തന്നെ ഇപ്പോഴത്തന്നെ ഭൂമി വിതരണത്തിന്റെ ചുമതല പഞ്ചായത്തുകളെ ഏൽപ്പിച്ചു് പഞ്ചായത്തു വഴി നിർവ്വഹിക്കുകയായിരിക്കും ഭംഗി. ഇതിന്റെ എല്ലാം മുകളിലിരിക്കുന്ന ലാൻഡ് ബോർഡിനു് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതെങ്ങനെയെല്ലാം വിഭജിച്ചു കൊടുക്കാൻ സാധിക്കും, ഭൂമി എങ്ങനെയിരിക്കുന്നു, എന്നുള്ള കാര്യങ്ങളെല്ലാം അറിയുന്നതിനു് മററുള്ള ആരെയെങ്കിലും ആശ്രയിക്കാതെ നിവൃത്തിയില്ല. അതു് ഇപ്പോഴത്തന്നെ പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ അവർക്കതറിയാം. ആർക്കാണു് എങ്ങനെയാണു കൊടുക്കേണ്ടതെന്നറിയാം. അവരെല്ലാം ജനപ്രതിനിധികളാണു്. ആ നിലയിൽ അവരെത്തന്നെ ഏൽപ്പിക്കുകയും അവർ സൊസൈററിക്കു കൊടുക്കുകയും ചെയ്യട്ടെ. സൊസൈററിക്കു കൊടുക്കുകയാണെങ്കിൽ എത്ര കൊടുക്കണം, അതോ സ്മാൾഹോൾഡേഴ്സിനു കൊടുക്കണോ എന്നുള്ളതവർക്കറിയാം. അതുകൊണ്ടു് അവരുടെ കയ്യിലേക്കു കൊടുക്കുകയായിരിക്കും നല്ലതു്. ആ ഭാഗത്തിരിക്കുന്നവർ തർക്കം പുറപ്പെടുവിക്കാതെ ഇതിനെ സ്വാഗതം ചെയ്യുമോ എന്നെനിക്കറിഞ്ഞുകൂടാ. പല സന്ദർഭങ്ങളിലും ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ വച്ചു നോക്കുമ്പോൾ- സ്വാഗതം ചെയ്യുകയില്ലെന്നാണു തോന്നുന്നതു്. ജനപ്രതിനിധികളുടെ സഹായത്തോടുകൂടി ഇതു ചെയ്യണമെങ്കിൽ വ്യക്തമായി അസന്നിഗ്ദ്ധമായി ഇവിടെ പ്രസ്താവിക്കാതെ നിവൃത്തിയില്ല. അതു ചെയ്തില്ലെങ്കിൽ മറെറന്തു പറഞ്ഞാലും ഒഴിഞ്ഞുമാറുന്നതിനുള്ള ഒരു അടവായിട്ടു മാത്രമേ ഇതിനെ പരിഗണിക്കയുള്ളു.

പിന്നെ ഒരു ഭേദഗതി എക്സ്പ്ലനേഷൻ എടുത്തു കളയണമെന്നുള്ളതാണു്.

This is that Explanation: "For the purpose of this section "assignment" includes transfer of land by way of lease."

അപ്പോൾ ഗവണ്മെൻറിലേക്കു് വെസ്ററ ചെയ്യുന്ന ഭൂമി തിരിച്ചു് അസൈൻ ചെയ്തു കൊടുക്കുക എന്നു പറഞ്ഞു് അവരുടെ കയ്യിലേക്കു ലയിക്കുന്ന അവകാശം മുഴുവൻ ലീസായിട്ടു് എഴുതി കൊടുക്കുമെന്നാണു് പറയുന്നതു്. ലീസ് ഭാവിയിൽ വേണ്ടെന്നു പറഞ്ഞിട്ടു് അതു സ്വീകരിക്കുന്നില്ല.

ഗവണ്മെൻറു് എടുക്കുന്ന ഭൂമി വീണ്ടും ലീസിനു കൊടുക്കണമെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ആ സമ്പ്രദായം തന്നെ
4 p. m.] നിരുത്തലാക്കണമെന്നുള്ള തത്വം നാം അംഗീകരിച്ചിരിക്കെ അതു തുടരാനുള്ള പഴുതുണ്ടാക്കുന്നതു് ആവശ്യമില്ലാത്ത ഒരു നടപടിയാണു്. അങ്ങനെ ലീസു് സമ്പ്രദായം തുടരാൻ ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതു തെററാണു്. ഇന്നുതന്നെ ഗവണ്മെൻറു ഭൂമി കുത്തകപ്പാട്ടത്തിനു കൊടുക്കുന്നുണ്ടു്. അതുപോലെ കൊടുക്കാനാണോ? ഗവണ്മെൻറിന്റെ ടെനൻറു ഫിക്സിററി കിട്ടുന്ന ടെനൻറായിരിക്കും. അങ്ങനെയുള്ള ടെനൻറിനു ഗവണ്മെൻറിൽനിന്നും ആ ഭൂമി തീറെഴുതി കൊടുക്കുകയോ, അല്ലെങ്കിൽ ഇന്നു ചെയ്യുന്നതുപോലെ കുറെ കൊല്ലത്തേക്കു കുത്തകപ്പാട്ടത്തിനു കൊടുക്കുകയോ ചെയ്യണം. ഏതായാലും ഈ എക്സ്പ്ലനേഷൻ ആവശ്യമില്ലാത്തതാണു്; അതു് എടുത്തു കളയേണ്ടതാണു്.

ശ്രീ. സി. എ. മാത്യു: സർ, എന്റെ ഭേദഗതിയും ശ്രീ. വിശ്വനാഥന്റെ ഭേദഗതിയുടെ ആശയത്തോടു യോജിക്കുന്നതാണു്. ലാൻഡ് ട്രിബ്യൂണലിനെ സംഘടിപ്പിക്കുന്ന കാര്യത്തിൽ, ബഹുമാനപ്പെട്ട മന്ത്രിയടക്കം ആ ഭാഗത്തിരിക്കുന്നവർ പഞ്ചായത്തു മെമ്പറന്മാരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള തത്വത്തെ വളരെ വീറോടെ വാദിച്ചു കേട്ടതാണു്. ആ മനോഭാവം

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തിൽക്കൂടി പ്രകടിപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ഈ ഭേദഗതിയുടെ ആശയം, പരിപൂർണ്ണമായും നാഗ്പൂർ പ്രമേയത്തിന്റെ തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണു്. മിച്ചഭൂമിയിൽ ടെനൻറിനു് പൂർണ്ണമായ ഉടമാവകാശം നൽകുമ്പോൾ, ഗവണ്മെൻറുവക ഭൂമി വീണ്ടും ലീസിനു കൊടുക്കുന്ന ഒരു സമ്പ്രദായം എന്തിനു തുടരണമെന്നുള്ളതിനു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കുമെന്നു വിശ്വസിക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ഇതിനെപ്പററി കൂടുതലായി ഒന്നും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, എന്റെ ഈ ഭേദഗതികളിലുള്ള തത്വം, ഗവണ്മെൻറു ഭാഗത്തുള്ളവരും അംഗീകരിച്ചിട്ടുള്ളതാണെങ്കിലും, ഭേദഗതി അവർ അംഗീകരിക്കുമോ എന്നു് എനിക്കു നിശ്ചയമില്ല. ഇന്നു പല കാരണങ്ങൾകൊണ്ടും നമ്മുടെ രാജ്യത്തെ കൃഷിയിടങ്ങൾ, ഉൽപ്പാദനത്തെയും, രാജ്യക്ഷേമത്തെയും പ്രതികൂലമായി ബാധിക്കത്തക്ക വിധത്തിൽ എത്രയും ചിതറിച്ചു പോയിരിക്കുകയാണു്. അതിനെ ഏകീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം ഇതിൽ കൊണ്ടുവന്നിട്ടില്ലെങ്കിലും, ഇനി കൊണ്ടുവരുന്നതിനു് ഈ വൈകിയ വേളയിൽ ഞാൻ ആവശ്യപ്പെടുന്നില്ല. ഈ നിയമനിർമ്മാണംമൂലം ഉണ്ടാകുന്ന മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ എങ്കിലും ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കേണ്ടതു് അത്യാവശ്യമാണു്, എന്നതിനെ ലക്ഷ്യം വച്ചുകൊണ്ടാണു് എന്റെ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. സർ, ഒരു പരമാർത്ഥം നമുക്കു വിസ്മരിച്ചുകൂടാ. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ, തീർച്ചയായിട്ടും, കൈവശം വച്ചു കൃഷി നടത്തുന്ന ആൾ, ഉടമസ്ഥനായാലും, കുടിയാനായാലും വേണ്ടിടത്തോളം കഴിവുള്ളവനായിരിക്കണം. ഇന്നു് എല്ലാവർക്കും അറിയാം; ഇററലിയിലും, ജപ്പാനിലും ഒരേക്കറിനു് മൂവായിരം റാത്തൽ നെല്ലു വിളയുമ്പോൾ, ഇവിടെ എഴുനൂറു റാത്തൽ മാത്രമേ വിളയിക്കാൻ സാധിക്കുന്നുള്ളു. അതിനുള്ള കാരണം നമ്മുടെ കൃഷിക്കാരുടെ കഴിവു കുറവാണെന്നു നമുക്കറിയാം. ഇന്നുള്ള സ്ഥിതി ഇതാണെങ്കിൽ, ഇനി വിതരണം ചെയ്യപ്പെടുന്ന ഭൂമി കൈവശം വയ്ക്കുന്ന കുടിയാന്മാരുടെ നില, അല്ലെങ്കിൽ ഉടമകളുടെ നില എന്താണെന്നു നമുക്കു് ഊഹിക്കാവുന്നതാണു്. ഇപ്പോൾ ഏററവും കഴിവു കുറഞ്ഞ, 'സാമ്പത്തികശേഷിയില്ലാത്ത കർഷകത്തൊഴിലാളികൾക്കാണു് ഭൂമി വിതരണം ചെയ്യാൻ പോകുന്നതു്. അതുകൊണ്ടു് ഇന്നത്തെ നിലയിൽനിന്നും നമ്മുടെ കാർഷികോൽപ്പാദനത്തിന്റെ നില എന്തായിരിക്കുമെന്നു പറയാതെ തന്നെ അറിയാവുന്നതാണു്. തീരെ കഴിവില്ലാത്തവരുടെ കൈവശം ഭൂമി കിട്ടുമ്പോൾ ഉൽപ്പാദനവർദ്ധനവുണ്ടാകുന്നതിനുള്ള കഴിവു് എങ്ങനെ ഉണ്ടാക്കാം? അതു തീർച്ചയായിട്ടും സഹകരണസംഘങ്ങൾമുഖേന സാധിക്കേണ്ട ഒരു കാര്യമാണു്. അങ്ങനെയാണെങ്കിൽ, സഹകരണസംഘത്തിലെ അംഗങ്ങൾക്കു് കഴിവില്ലെങ്കിൽ സംഘത്തിനു് ഗവണ്മെൻറിൽനിന്നും മററു വിധത്തിലുള്ള സഹായങ്ങൾ നൽകിക്കൊണ്ടു് നല്ല നിലയിൽ കൃഷി നടത്താനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ കഴിയും. ഈ വിഷയത്തെക്കുറിച്ചു് ഇതിനു മുമ്പു് ഇവിടെ വാദപ്രതിവാദം നടന്ന സന്ദർഭത്തിൽ, ഈ രാജ്യത്തു് ഭൂമിയില്ലാത്തവരായി, ഭൂമിക്കുവേണ്ടി ദാഹിക്കുന്നവരായി ഒരു വിഭാഗം ആളുകൾ ഉണ്ടു്, അവർക്കു ഭൂമി നൽകുമെന്ന ഒരു മനസ്സമാധാനം ഈ നിയമംമൂലം ഉണ്ടാകുമെന്നു പറഞ്ഞു. അങ്ങനെ വിതരണം ചെയ്തിട്ടു് പിന്നെ അവരെ സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നും അന്നു സംസാരിക്കുകയുണ്ടായി. എന്റെ ഈ ഭേദഗതി സ്വീകരിച്ചാൽ ഒരു വെടിക്കു് രണ്ടു പക്ഷിയെന്ന നിലയിൽ മേൽപ്പറഞ്ഞ കാര്യം രണ്ടും തൃപ്തിയായി നിർവ്വഹിക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ആദ്യം സംഘത്തിനു് ഭൂമി കൊടുത്താൽ, അർഹതപ്പെട്ടവർക്കു ഭൂമി കിട്ടാൻ സാദ്ധ്യമല്ലെങ്കിൽ ഭൂമി അസൈൻ ചെയ്യുന്നതിനു പകരം, അലോട്ടു ചെയ്യണമെന്നാണു് എന്റെ 1,223-ാമത്തെ ഭേദഗതിയിൽ പറയുന്നതു്. മിച്ചഭൂമി വിതരണം ചെയ്യുന്നതിനായിട്ടു് ഗവണ്മെൻറു് അർഹതയുള്ളവരുടെ അപേക്ഷ ക്ഷണിക്കുകയും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പു്]

അലോട്ടു ചെയ്യുന്ന ഭൂമി, 'നിങ്ങൾക്കു് ഭൂമി കിട്ടും, പക്ഷേ നിങ്ങൾ സ
ണസംഘത്തിൽ ചേർന്നു പ്രവർത്തിക്കണം' എന്നു പറഞ്ഞിട്ടു് സഹകരണസംഘ
ങ്ങൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കാൻ വിതരണം ചെയ്യുകയും ചെയ്യണം.
അങ്ങനെ ചെയ്താൽ നമ്മളെല്ലാം പറയാറുള്ളതും, ശ്രീ. ജവഹർലാൽ
നെഹ്റു ദിവസേനയെന്നവണ്ണം ആവർത്തിച്ചു പ്രഖ്യാപിക്കുന്നതുമായ സാമൂഹ്യ
വ്യവസ്ഥിതിയിലേക്കുള്ള ഒന്നാമത്തെ കാൽവെയ്പായിരിക്കും അതെന്നാണു്
എന്റെ അഭിപ്രായം. തീർച്ചയായിട്ടും ഈ ഭേദഗതി ഗവണ്മെന്റു സ്വീകരി
ക്കേണ്ടതാണു്.

സർ, സഹകരണസംഘങ്ങൾ നേരിട്ടു കൃഷി നടത്തുന്നതിനെ സംബന്ധി
ച്ചിടത്തോളം, ഒരഭിപ്രായം പറഞ്ഞു കേട്ടിട്ടുണ്ടു്; ഒന്നായി കിടക്കുന്ന സ്ഥലത്തു
സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്താൽ മാത്രമേ വിജയിക്കൂ, പല സ്ഥല
ത്തായി ചെറിയ ചെറിയ ഭൂമികളിൽ നടത്തുന്ന കൃഷി വിജയിക്കുകയില്ലെന്നു്.
എനിക്കു് ആ അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. ഇന്നു വളരെ
നല്ല നിലയിൽ, ഉത്തമമായിട്ടുള്ള മാതൃകയിൽ കൃഷി നടത്തുന്ന ഭൂമി പലപല
സ്ഥലങ്ങളിലായി ചിന്നിച്ചിതറി കിടക്കുന്ന അനുഭവമാണുള്ളതു്; തങ്ങളുടെ
കഴിവാണു് ഇത്തരം കൃഷിയുടെ വിജയത്തിനു് അടിസ്ഥാനം. അപ്പോൾ,
ഭൂമി ഒരു ദിക്കിലില്ല, പല ദിക്കിലായതുകൊണ്ടു് സഹകരണാടിസ്ഥാനത്തിൽ
കൃഷി നടത്താൻ എളുപ്പമല്ലെന്നുള്ള വാദം കഴമ്പില്ലാത്തതാണു്. നമുക്കു
കിട്ടാൻ പോകുന്ന മിച്ചഭൂമി അങ്ങുമിങ്ങും ചിതറിച്ചു കിടക്കുന്നതായിരിക്കാൻ
ഇടയില്ല. തരിശു ഭൂമികളും മററും ബ്ലോക്കുകളായിട്ടായിരിക്കും കിട്ടുക.

സർ, ഇങ്ങനെ ആദ്യം അർഹതയുള്ളവർക്കായി ഭൂമി അലോട്ടു ചെയ്യുകയും,
പിന്നെ അവർ ചേർന്നുള്ള സഹകരണസംഘങ്ങൾക്കു് അവകാശം നൽകു
കയും ചെയ്താൽ ആദ്യം പറഞ്ഞ മാതിരി രണ്ടു കൂട്ടരേയും തൃപ്തിപ്പെടുത്താനും
സമുദായത്തിനു ഗുണകരമായ നിലയിൽ ശ്രമിച്ചു് നല്ല രീതിയിൽ ഉൽപ്പാദനം
വർദ്ധിപ്പിക്കാനും സാധിക്കുന്നതാണു്. ഉൽപ്പാദനത്തെ പ്രതികൂലമായി ബാധി
ക്കാതെയുള്ള ഒരു നടപടിക്രമം അംഗീകരിക്കാൻ സാധിക്കുമെന്ന ഒരു ഉത്തമ
വിശ്വാസത്തോടു കൂടിയാണു് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.
അതിന്റെ തത്വത്തോടു് ഗവണ്മെന്റിനു് എതിരില്ലാത്ത നിലയ്ക്കു് തീർച്ച
യായും ഇതു് സ്വീകാര്യമായിരിക്കേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, എക്സ്പ്ലനേഷൻ ഇവിടെ ചേർക്കാൻ
കാരണം അസൈൻമെന്റു് വരുന്നതു് "The Land Board may after
reserving in each village lands necessary for public purposes
assign the balance". ഇങ്ങനെയുള്ളവ കഴിഞ്ഞിട്ടു് ബാക്കിയുള്ളതാണു്
അസൈൻ ചെയ്യുക. അസൈൻ ചെയ്തു കഴിഞ്ഞതിനുശേഷം, എന്തെങ്കിലും
കാരണത്താൽ, പ്രത്യേക പരിതഃസ്ഥിതിയിൽ ഭൂമി ലീസിനു കൊടുക്കേണ്ടി
വരും. അതുകൊണ്ടാണു്, "The Land Board may after reserving in
each village lands necessary for public purposes, assign the
balance" ഇങ്ങനെ എഴുതിച്ചേർത്തിരിക്കുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ലീസിനു കൊടുക്കേണ്ടി വരും എന്നു
പറഞ്ഞാൽ പോരാ; അതിനു പകരം മുഴുവൻ എഴുതി കൊടുത്താലോ?

ശ്രീമതി കെ. ആർ. ഗൗരി: പർച്ചേസു് പർപ്പസസ്സിനു റിസർവ്വു്
ചെയ്തിട്ടുള്ളതിനു ശേഷമാണു് അസൈൻ ചെയ്യുക. റിസർവ്വു് ചെയ്തു കഴി
ഞ്ഞാൽ, ഒരു കൊല്ലത്തേക്കോ, രണ്ടു കൊല്ലത്തേക്കോ കൊടുത്തിട്ടു തിരിയെ
എടുക്കാം. അല്ലാതെ അസൈൻമെന്റു് രജിസ്റ്റർ ചെയ്തിട്ടില്ലെന്നുള്ള അർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിലല്ല ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ആദ്യം കൊടുക്കുന്ന പേമെന്റാണെങ്കിൽ ലീസാകുകയില്ല. രജിസ്റ്റർ ചെയ്ത അസൈൻമെന്റിനെ സംബന്ധിച്ചേ ഫുൾ ഓണർഷിപ്പു കൊടുക്കുകയുള്ളൂ.

സർ, മിസ്റ്റർ വിശ്വനാഥന്റെ ഭേദഗതി, ഗവൺമെന്റ് വെസ്റ്റു ചെയ്യുന്ന ഭൂമി ലാൻഡു് ബോർഡിനോ, പഞ്ചായത്തിനോ, മറ്റു ലോക്കൽ അതാറിട്ടിക്കോ അപേക്ഷ കൊടുത്തു് ഭൂമിയില്ലാത്തവർക്കു് വിതരണം ചെയ്യാനുള്ള സൗകര്യം നൽകണമെന്നാണു്. മുമ്പു് അദ്ദേഹം പറഞ്ഞിരുന്നതു് മിച്ച ഭൂമിയെല്ലാം പഞ്ചായത്തിനെ ഏൽപ്പിക്കണം. കൃഷി തന്നെ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തു് management-ൽ നടത്തണം എന്നായിരുന്നു. ഇപ്പോൾ അതു മാറിയിരിക്കുകയാണു്. ഇപ്പോൾ ലാൻഡു് ഡിസ്ട്രിബ്യൂഷന്റെ ചുമതല പഞ്ചായത്തിനെയോ, ലോക്കൽ അതാറിട്ടിയേയോ ഏൽപ്പിക്കണമെന്നു പറയുന്നു. ഇതിൽ ലാൻഡു് ഡിസ്ട്രിബ്യൂഷൻ ശരിയായിട്ടു നിർവ്വഹിക്കുന്നതിനു് ആവശ്യമായ പ്രൊവിഷൻ എഴുതിച്ചേർത്തിട്ടുണ്ടു്.

"74. Delegation of Powers : The Land Board, may by general or special order in writing delegate to the Land Tribunal any of its powers under this Act subject to such conditions".

ഇന്നുതന്നെ ഈ ബില്ലിൽ ഇതിനെല്ലാം ആവശ്യമായ വിധത്തിൽ രണ്ടു Body കൾ നാം ഉണ്ടാക്കിയിട്ടുണ്ടു്. Land Tribunal-ൽ നാട്ടുകാര്യങ്ങൾ അറിയാവുന്ന പഞ്ചായത്തു മെമ്പറന്മാരും ഉണ്ടു്. അധികാരം ഡെലിഗേറ്റു ചെയ്യാനുള്ള അധികാരംകൂടി ലാൻഡു് ബോർഡിനു നൽകിയിരിക്കുകയാണു്. അതിനും പുറമേ ഓരോ പഞ്ചായത്തിനുംകൂടി ഇതിന്റെ അധികാരം നൽകണമെന്നു പറഞ്ഞാൽ, രണ്ടു മിഷനറിയുംകൂടി ഇതു കാര്യക്ഷമമായി നടത്താൻ പ്രയാസമായിരിക്കും. പഞ്ചായത്തിനെ നിയന്ത്രിക്കുന്ന Body ഏതായിരിക്കും എന്നൊക്കെ ആലോചിക്കണം. പഞ്ചായത്തിലേക്കു ഭൂമി വിട്ടുകൊടുത്തിട്ടു്, കോവാപ്പറേറ്റീവു് സൊസൈറ്റികൾ ഉണ്ടാക്കി കൃഷി നടത്തണമെന്നും മറ്റും പറഞ്ഞാൽ ഇതു ഗവൺമെന്റിലേക്കു് ഈടാകുവാനുള്ള തുക എങ്ങനെ കിട്ടും. ആരുത്തരവാദിയാകും. Ownership ആർക്കാണു്. പണം എങ്ങനെ ഈടാകും എന്നെല്ലാം ആലോചിക്കേണ്ടതാണു്. ഒരു സ്റ്റാഫ് തന്നെ ഇതിനു വേണ്ടി പ്രത്യേകിച്ചു് ഉണ്ടാക്കണം. ഇപ്പോൾ ഇതു് ലാൻഡു് ബോർഡിനെ ചുമതലപ്പെടുത്തുന്നു എന്നു പറഞ്ഞാൽ, പഞ്ചായത്തുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ കൂടി ഇതിൽ ഉൾപ്പെടുന്നുണ്ടു്. അതു കൂടാതെ ഏതെങ്കിലും ഒരു ആഫീസർകൂടി ചേർന്നായിരിക്കും ലാൻഡു് ബോർഡു് പ്രവർത്തിക്കുന്നതു്. ഈ ഭാരം മുഴുവൻ പഞ്ചായത്തുകൾക്കു താങ്ങാൻ സാധിച്ചെന്നു വരികയില്ല. ഈ ബിൽ നടപ്പാക്കുന്നതിനു് ലാൻഡു് ബോർഡും, ലാൻഡു് ട്രിബ്യൂണലും അങ്ങനെ രണ്ടു ബാഡിയും എത്രയും വേഗം ഇതുസംബന്ധിച്ച ജോലി ചെയ്തു തീർക്കാമോ അതു് ജനാധിപത്യ മര്യാദയിൽത്തന്നെ ചെയ്തു തീർക്കുന്നതിനാവശ്യമായ വ്യവസ്ഥ ചെയ്യുന്നതാണു്. ഇതിൽ കുറെ പണത്തിന്റെ ഇടപാടുകളുണ്ടു്. അതിനു പുതിയ സ്റ്റാഫു് വേണ്ടിവരും. മി. സി. ഏ. മാത്യുവും ഇതുപോലുള്ള ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. നാഗപ്പൂർ പ്രമേയത്തിന്റെ തത്വത്തെ അടിസ്ഥാനമാക്കിയുള്ള ഭേദഗതിയാണതു്. മദിരാശിയിലെ മന്ത്രി ശ്രീ. സുബ്രഹ്മണ്യം തന്നെ പറഞ്ഞിട്ടുണ്ടു്, വെസ്റ്റു ചെയ്യുന്ന ഭൂമി പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതു ശരിയല്ലെന്നു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : മദിരാശി മന്ത്രി ശ്രീ. സുബ്രഹ്മണ്യം പറയുന്നതു കേട്ടാണോ ബഹുമാനപ്പെട്ട മന്ത്രി പ്രവർത്തിക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയല്ല, കാര്യം ആരു പറഞ്ഞാലും ശ്രദ്ധിക്കണമല്ലോ. അദ്ദേഹം ഒരു ധനകാര്യമന്ത്രി എന്ന നിലയിൽ വളരെ കോടി രൂപ ഗവണ്മെന്റു ചുമതലപ്പെട്ടു കൊടുത്തതിനുശേഷം പഞ്ചായത്തിനെ ഏൽപ്പിച്ചാൽ ആ പണം ഈടാക്കുവാനുള്ള ബുദ്ധിമുട്ടു കണ്ടിട്ടു തന്നെയാണു് പറഞ്ഞതെന്നാണു ഞാൻ വിശ്വസിക്കുന്നതു്. വസ്തു വാങ്ങാൻ തയ്യാറായി പട്ടയം കിട്ടുന്ന ആളും എടുക്കുന്ന ചുമതല തീർച്ചയായും Panchayat as a body എന്ന നിലയിൽ കാണുകയില്ലെന്നുള്ളതു തീർച്ചയാണു്.

ശ്രീ. സി. എ. മാത്യു: നാഗപ്പൂർ പ്രമേയത്തെ കമ്മ്യൂണിസ്റ്റു പാർട്ടി സ്വാഗതം ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അതിന്റെ നല്ല വശങ്ങളെല്ലാം സ്വാഗതം ചെയ്യുന്നുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതിൽ പുരോഗമനം എന്തെങ്കിലും ഉണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഉണ്ടല്ലോ, അതാണല്ലോ കാൺഗ്രസ്സിൽ തന്നെ ഭിന്നിപ്പു വരാൻ കാരണം.

ശ്രീ. മാത്യുവിന്റെ ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. നാരായണക്കുറുപ്പിന്റെ 1223-ം 1224-ം അംഗീകരിക്കാമെന്നാണു് തോന്നുന്നതു്.

Mr. Speaker: Did you read Mr. Kurup's amendment No. 1224? It says that the allotment of land shall always be provisional and shall be void if the allottee does not become a member of the co-operative society.

ശ്രീമതി കെ. ആർ. ഗൗരി: അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാണു് അംഗീകരിക്കാമെന്നു വിചാരിച്ചതു്. ഭേദഗതിയുടെ മുഴുവൻ ആശയവും ഇപ്പോഴാണു് മനസ്സിലായതു്. അതു സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടു്. ഓണർഷിപ്പു കിട്ടി നാലോ അഞ്ചോ കൊല്ലം കഴിഞ്ഞു കോവാപ്പറേറ്റീവ് സൊസൈററി വരുന്നതിൽ വിഷമമില്ല. ആ അമെൻഡ്മെൻറുകൾ സ്വീകരിച്ചാൽ ഒരു വിധത്തിൽ ഇന്നു കൊടുക്കുന്ന ഭൂമിയുടെ ownership കുടിയാനു് ഇല്ലാതാകും. അതുകൊണ്ടു് ഞാൻ ആ ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. പൊന്നറ ജി ശ്രീധർ: ശ്രീ. കുറുപ്പു് പറയുന്നതൊക്കെ ന്യായമാണെന്നും എഴുതിക്കൊണ്ടു വരുന്നതെല്ലാം നന്നാക്കാനാണെന്നു് ഒരു ധാരണയുണ്ടെന്നും അതു കുഴപ്പമാണെന്നും ഞാൻ നേരത്തെ പറഞ്ഞതാകും.

ശ്രീമതി കെ. ആർ. ഗൗരി: ആരു കൊണ്ടുവന്നാലും റീസണബിളായിട്ടുള്ളതു് അംഗീകരിക്കുന്നതിൽ വിരോധമൊന്നുമില്ലല്ലോ?

The Amendment (No. 1218) of Shri K. K. Viswanathan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment (No. 1219) of Shri C. A. Mathew was put and lost.

Mr. Speaker: Amendment (No. 1221) is barred, because Amendment No. 1218 is negatived.

Amendment (No. 1222) of Shri K. K. Viswanathan was put and lost.

Amendments (Nos. 1223 and 1224) of Shri M. Naryana Kurup were put ant lost.

Mr. Speaker: Now for Clause 68, no amendments have been accepted. So, the question is that Clause 68, as it stands......

Smt. K. R. Gouri: I suggest that instead of the word 'five' the word 'three' may be substituted in that clause in line 2. Then that clause would read: "Any person who does not possess any land or possesses only less than *three* acres of double crop nilam or its equivalent may apply to the Land Board for assignment of lands to him."

Shri K. K. Viswanathan: The clause is already put and passed.

Mr. Speaker: 'Passed' എന്നു പറഞ്ഞില്ല. എങ്കിലും അതു വേണ്ട.

The question that clause 68 stands part of the Bill was put and carried.

Clause 68 was added to the Bill.

ശ്രീ. ടി. എ. തൊമ്മൻ: നോക്കികൊണ്ടുവരുന്ന ക്ലാസ്സുകൾ പലതും hold over ചെയ്യുകയാണ്. നോക്കാത്തതിൽ വളരെ വിഷമങ്ങൾ വരുന്നുണ്ട്.

So, why not we disperse for the day?

Mr. Speaker: Now, three clauses have been held over—Nos. 57, 61 and 62.

Now we can take up Clause 69. There is nothing very important in that clause.

Shri M. C. Abraham: I also support Mr. Thomman's opinion പത്താം തീയതിക്കകം തീർച്ചയായും തീർക്കാൻ കഴിയും.

ശ്രീ. ടി. എ. തൊമ്മൻ: അപ്പോഴും അമെൻഡുമെൻറു സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളതു് തീർച്ചപ്പെടുത്തി പറയാൻ കഴിയും. നേരത്തെ സംഭവിച്ചതുപോലെ അമെൻഡുമെൻറിൻെറ ആശയം മനസ്സിലാക്കാത്ത കുഴപ്പം ഒന്നും വരികയില്ല.

2/692/V

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The proposal is that the hon. Members have come prepared to debate upon the amendments moved in respect of Clauses 57, 61 and 62; but all those clauses have been held over. Their expectation naturally was that Clause 69 onwards might come up for discussion on Monday.

Smt. K R. Gouri: Clause 69 is Nagpur Resolution, Sir. എഴുപതും എഴുപത്തൊന്നും അതിന്റെ കാമ്പൻസേഷൻ കൊടുക്കുന്നതിനുള്ളതാണ്. അതു തർക്കകാര്യം അല്ലല്ലോ.

Mr. Speaker: Mr. Viswanathan, what do you say now ?

Shri K. K. Viswanathan: We will discuss Nagpur resolution now (laughter).

Mr. Speaker: I think Clauses 69, 70 and 71 also can be finished today, and we can take up clause 72 onwards on Monday.

Clause 69.

Mr. Speaker: Mr. Mathew, you can move your amendment No. 1220, which rightly comes under clause 69.

Shri C. A. Mathew: Sir, I move—

In clause 69—

(1) In sub-clause (1) delete the latter portion after the words "public purposes" and add the following:—

"Transfer by a general order, the balance of the lands vested in the Goverment under section 60, to the respective panchayats which in turn shall assign the land as specified below:—

(2) Add the following as proviso to sub-clause (1):

"Provided that the persons to whom the land is assigned shall be those who are members or who agree to become members of Co-operative farming societies".

Mr. Speaker: Mr. Viswanathan, are you moving your amendment No. 1225 ? I think it is out of order, because the proposal regarding 'Panchayat or local authority' has been negatived.

Shri K. K. Viswanathan: I will omit those words "or the Panchayat or other local authority as the case may be" from sub-clause (1) of that amendment.

Mr. Speaker: Then you can move it.

Shri K. K. Viswanathan: I move:

(No. 1225) In clause 69, substitute the following for sub-clause (1):

"(1) The Land Board may after reserving in each village the lands necessary for public purposes, manage or assign the balance of lands at their disposal, as specified below:—

(i) Lands lying contiguously and capable of being cultivated by persons collectively shall be managed and cultivated through joint co-operative farming societies consisting of landless agricultural labourers formed for the purpose ;

LIBRARY ARCHIVES Kerala Legislative Assembly

33671

(ii) lands lying scattered shall be assigned to small holders who are not entitled to resume any land and to cultivators who do not possess any land or possess below five acres of double crop nilam or its equivalent:

Provided that fifty percent of the lands so assigned shall be to small holders who could not resume any land under the provisions of section 15.

Explanation:—For the purpose of this sub-section, a Kudikidappukaran or a kudiyirippu tenant shall be deemed to be a landless agricultural labourer if he does not possess any other land."

Shri Ponnara G. Sreedhar: Sir, I move:

(No. 1235) In clause 69, in sub-clause (1) after the word and figure 'section 60' add the following:—"to co-operative societies that are prepared to take up co-operative farming on such land" and delete all the rest.

Shri T. A. Thomman: I move:

(No. 1237) For the existing clause 69, substitute—

"The Land Board may after reserving in each village the Lands necessary for public purpose assign the balance of the lands vested in the Government to village panchayats under whose jurisdiction the lands are situated. The lands so vested in the panchayats shall subject to such rules as may be made by the Government in this behalf shall be managed by joint co-operative farming societies consisting of cultivators who do not possess any land or possess below five acres of land."

Shri M. Narayana Kurup: Sir, I move:

(No. 1239) In clause 69 (1) (i), for the words 'of which twenty-five per cent', substitute 'fifty per cent of which'.

Shri K. K. Viswanathan: I move:

(No. 1245) Add the following as sub-clause (4) to clause 69:

"The land assigned under this section shall not be transferred for a period of ten years from the date of such assignment and any such transfer shall be null and void."

Shri T. K. Ramakrishnan: Sir, I move:

(No. 187 in consolidated list 2) For clause 69, the following clause shall be substituted:—"69. (1) The Land Board shall after reserving in each village the lands necessary for public purposes, assign the balance of the lands vested in the Government under section 60 as specified below:

(i) The holdings in which there are kudikidappukars shall as far as possible be assigned to such kudikidappukars;

LIBRARY ARCHIVES Kerala Legislative Assembly

[Shri T. K. Rama krishnan]

(ii) Out of the remaining area avialable for assignment—

(a) fifty per cent shall be assigned to agricultural labourers of which 25 per cent shall be assigned to landless agricultural labourers belonging to Scheduled Castes or Scheduled Tribes residing in the same village or adjacent villages;

(b) twenty-five per cent shall be assigned to small holders who are not entitled to resume any lands;

(c) the remaining twenty-five per cent shall be assigned to the cultivators who do not possess more than 3 acres of double crop nilam or its equivalent:

Provided that where the excess land that is available for assignment is either Kayal or Kole nilam, such land shall be assigned only to co-operative societies formed by landless agricultural labourers.

Explanation :—For the purposes of this sub-section, a kudikidappukaran or a tenant of a kudiyiruppu shall be deemed to be a landless agricultural labourer if he does not possess any other land.

(2) The Land Board shall not assign to any person more than 3 acres of double crop nilam or its equivalent.

(3) Where a person possess any land only so much land as will make the extent of land in his possession three acres of double crop nilam or its equivalent shall be assigned."

Shri P. M. Kunhiraman Nambiar : Sir, I move:

(No. 188 in consolidated list 2)

Delete what is contained in clause 69 and add the following instead :—"After reserving in each village the lands necessary for public purposes as required by Government, the Land Board shall make over the remaining lands to agricultural co-operatives in each village panchayat constituted of landless agricultural labourers and small holders formed in such manner as may be prescribed.

The form prescribed shall be laid before the Legislative Assembly for approval and such modifications."

Shri M. C. Abraham : I move :

(No. 189 in consolidated list 2.)

Recast clause 69 as follows : "The Land Board may assign the lands vested in the Government to panchayats under whose jurisdiction the lands are situated. Subject to rules as may be prescribed by Government in this behalf, each panchayat may after reserving lands necessary for public purposes entrust the balance of lands for management to Agricultural

LIBRARY ARCHIVES Kerala Legislative Assembly

Co-operative Societies constituted under any law for the time being in force relating to the constitution of Co-operative Societies, consisting of landless agricultural labourers, small holders who are not entitled to resume any land and cultivators who do not possess any land or possess below five acres of double crop nilam or equivalent."

Shri T. K. Ramakrishnan: I move:

(No. 190 in consolidated list 2) In clause 69 in sub-clause (1), after the words "for public purposes" the words "or for the cultivation of any cash crop specified by the Government by notification in the Gazette" shall be inserted.

Mr. Speaker: Mr. K. K. Viswanathan, regarding your amendment No. 191, on a previous occasion that idea was negatived.

Shri K. K. Viswanathan: I think my amendment is slightly different. So I move:

In Clause 69 (1) line 3, between the words 'purposes' and 'assign' insert the words 'and for purpose of giving alternate site to Kudikidappukars as contemplated under section 35 (3).

Shri M. Umesh Rao: Sir, I move:

(No. 192 in consolidated list 2) In clause 69 (1), after the words 'vested in the Government under section 60' substitute the following in the order of priority given below:—

(i) 25 per cent to tenants who hold less than 5 acres of double crop nilam or its equivalent, as a result of resumption by the landlord.

(ii) 25 per cent to landlords who hold less than 5 acres of double crop nilam or its equivalent, as a result of the provisions of this Act.

(iii) 25 per cent to other cultivators who hold less than 5 acres of double crop nilam or its equivalent.

(iv) 25 per cent to agricultural labourers of which $12\frac{1}{2}$ per cent shall be to landless agricultural labourers belonging to the Scheduled Castes or Scheduled tribes residing in the same village or adjacent villages."

ശ്രീ. എം. നാരായണക്കുറുപ്പ്: ഗവണ്മെന്റിന്റെ ഉദ്ദേശം ഇതായിരിക്കുമെന്നുദ്ദേശിച്ചാണ്. കാരണം, "fifty percent of the lands for assignment shall be assigned to agricultural labourers of which twenty-five per cent shall be to landless agricultural labourers belonging to the Scheduled Castes or Scheduled Tribes residing in the same village or adjacent villages." എന്നു പറയുമ്പോൾ ഒട്ടാകെയുള്ളതിന്റെ 25 ശതമാനം ആണ് ലാൻഡ് ലാർഡ്സിന് കിട്ടുന്നതെന്നാണ്. എന്നാൽ അതു കിട്ടണമെങ്കിൽ നീക്കിവച്ചതിന്റെ 25 ശതമാനം എന്നു പോരാ, 50 ശതമാനം എന്നുവേണം. 50 ആകെ നീക്കിവയ്ക്കുക. അതിന്റെ 25 ശതമാനം പോരാ, 50 ശതമാനം എന്നാക്കിയാലേ 25 കിട്ടുകയുള്ളു. അതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: എന്റെ ഭേദഗതിയുടെ ആദ്യഭാഗം നാഗപ്പൂർ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതാണ്. രണ്ടാമത്തെ ഭാഗം ഭൂമി കോവാപ്പറേറ്റീവ് ഫാമിംഗ് സൊസൈററിയിലെ അംഗങ്ങൾക്ക വിതരണം ചെയ്യണമെന്നുള്ളതാണ്. അതിന്ന നിവ്വാഹമില്ലെങ്കിൽ കോവാപ്പറേറ്റീവ് ഫാമിംഗ് സൊസൈററി രൂപവൽക്കരിച്ച് അതിൽ അംഗങ്ങളായിച്ചേർന്നു കൃഷിചെയ്യാൻ തയ്യാറാകുന്നവക്ക് മുൻഗണന നൽകണമെന്നുള്ളതാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: എന്റെ ഭേദഗതി അല്പം ഭേദപ്പെടുത്തി ഞാൻ വായിക്കാം. എന്റെ 191-ാമത്തെ ഭേദഗതി കുടികിടപ്പുകാക്ക അസൈൻ ചെയ്തുകൊടുക്കുന്നതിന് കുറെ സ്ഥലം റിസർവ്വ ചെയ്തുകൊടുക്കണമെന്നുള്ളതാണ്. ഈ രണ്ടു ഭേദഗതികളും വച്ചുകൊണ്ടു നോക്കമ്പോൾ 191-ാമത്തെ ഭേദഗതി ഒരു പക്ഷെ മന്ത്രി സ്വീകരിച്ചേക്കുമെന്നു തോന്നുന്നു. 35-ാമത്തെ വകുപ്പ അനുസരിച്ച് കുടികിടപ്പുകാക്ക സ്ഥലം കൊടുക്കാൻവേണ്ടി ഭൂവുടമസ്ഥന്മാർ അതിനുള്ള നടപടി എടുക്കുന്നപക്ഷം കുടികിടപ്പുകാർ അപ്പോൾ താമസിക്കുന്ന സ്ഥലത്തുനിന്നും മാറികൊടുക്കേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി: പബ്ലിക്ക് പർപ്പസ്സിനു സ്ഥലം വിടാമെന്നുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: പബ്ലിക്ക് പർപ്പസ്സ് ആകണമെന്നില്ല. എന്റെ അഭിപ്രായത്തിൽ ഒരുമാതിരിയുള്ള വില്ലേജുകളിൽ കുടികിടപ്പുകാക്ക കൊടുക്കാൻ ചെറിയ ചെറിയ സ്ഥലങ്ങളേ കിട്ടുകയുള്ളു. കൃഷിക്കാർക്ക കൃഷി ചെയ്യാനുള്ള സ്ഥലങ്ങൾ കിട്ടുന്നതു മിക്കവാറും മലയോരങ്ങളിലായിരിക്കും.

ശ്രീ. ററി. എ. തൊമ്മൻ: മലയോരങ്ങളിൽ കൃഷിചെയ്യാൻ സ്ഥലം കൊടുക്കുന്നപക്ഷം കടലോരങ്ങളിലുള്ളവർ അവിടെച്ചെന്നു കൃഷിചെയ്യുമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: എന്റെ ഈ ഭേദഗതി കൃഷിചെയ്യുവാനുള്ള സ്ഥലത്തെ ഉദ്ദേശിച്ചുള്ളതല്ല. അവക്ക താമസിക്കുവാനുള്ള സ്ഥലത്തെ ഉദ്ദേശിച്ചാണ്. തീരപ്രദേശങ്ങളിലാണ് താമസിക്കുവാനുള്ള സ്ഥലം കിട്ടാൻ കൂടുതൽ വിഷമം ഉള്ളതു്. അഥവാ കിട്ടുകയാണെങ്കിൽ തുണ്ടുതുണ്ടായ സ്ഥലങ്ങൾ മാത്രമേ കിട്ടുകയുള്ളു. കൃഷിചെയ്യാനുള്ളതിനേക്കാൾ താമസത്തിനുള്ള സ്ഥലമായിരിക്കും കിട്ടുന്നതു്. അതിൽ 25 ശതമാനം പബ്ലിക്ക് പർപ്പസ് എന്നുള്ളതോടൊപ്പം കുടികിടപ്പുകാക്ക താമസത്തിനുവേണ്ടിയും റിസർവ്വ് ചെയ്യേണ്ടതായിവരും. അങ്ങനെ ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

നാഗപ്പൂർ പ്രമേയത്തിന്റെ ഒരു വശം തള്ളിക്കളഞ്ഞു. പിന്നെ സഹകരണസംഘത്തിന്റെ വശം മാത്രമേയുള്ളു. തുടർച്ചയായി കിടക്കുന്ന ഭൂമി ഒന്നാകെ ജായിൻറ ഫാമിംഗ് കോവാപ്പറേറ്റീവ് സൊസൈററികൾക്ക കൊടുക്കണമെന്നും അല്ലാത്ത ഭൂമി ഒരേക്കറോ അരഏക്കറോ വീതം കൊടുക്കുന്നതിനു വിരോധമില്ലെന്നും കണക്കാക്കിയാണ് ഞാനീഭേദഗതി അവതരിപ്പിക്കുന്നതു്. നമ്മുടെ രാജ്യത്തു കുറെഅധികം ഭൂമി ഒരുമിച്ചു കിട്ടത്തക്കവണ്ണമുണ്ട്. മലബാർഭാഗത്തും മലയോരങ്ങളിലും മററും അങ്ങനെയുള്ള ഭൂമികൾ കാണാം. പത്തും ആയിരവും ഏക്കർ ഭൂമിയുള്ള ലാൻഡ്ലോർഡ്സ് അവിടെയുണ്ട്. അവരുടെ ഭൂമി ഒരുമിച്ചുകിടക്കുന്ന ഭൂമിയായിരിക്കും. അത്തരം ഭൂമികൾ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുവാൻ പററിയവയാണ്. അവ കോവാപ്പറേറ്റീവ് ഫാമിംഗ് സൊസൈററികൾക്ക കൊടുക്കണം. അങ്ങനെ കൊടുക്കാൻ ഇപ്പോൾ സാധിച്ചില്ലെങ്കിൽ മേലാൽ അതിനു ബുദ്ധിമുട്ടുണ്ടാകും. ഒരു ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ, തുണ്ടുതുണ്ടായി ഭൂമി വീതിച്ചതിനുശേഷം നിങ്ങളെല്ലാവരും സൊസൈററിയിൽ വരുക എന്നു പറഞ്ഞാൽ അവിടെ കമ്പൽഷൻ വരും. ആ നിർദ്ദേശം അവർക്ക അത്ര കണ്ടു രുചിച്ചു എന്നു വരികയില്ല. നേരേമറിച്ച് സൊസൈററികൾക്ക കൊടുക്കും

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെല്ലാവരുംകൂടി ഒരു സൊസൈററി ഉണ്ടാക്കികൊണ്ടുവരിക എന്നു പറഞ്ഞാൽ അവിടെ യാതൊരു കമ്പൽഷനും വരികയില്ല. കിട്ടുന്നഭൂമി സൊസൈററിയുടെ കൈയ്യിലേക്കു കൊടുക്കുകയാണ്. സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സാധിച്ചാൽ കൃഷിക്കു അഭിവൃദ്ധി ഉണ്ടാകുമെന്നു ഗവൺമെൻറ് വിശ്വസിക്കുന്നുവെങ്കിൽ അതു ഇപ്പോഴാണ് ഉണ്ടാക്കികൊടുക്കേണ്ടതു്. പക്ഷെ ആ അഭിപ്രായം ഇന്നത്തെ ഗവൺമെൻറിനുണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, സുബ്രഹ്മണ്യം എന്തു പറഞ്ഞാലും ശരി, സഹകരണാടിസ്ഥാനത്തിലുള്ള കൃഷികൊണ്ടു കൂടുതൽ വിളവുണ്ടാക്കാൻ കഴിയുമെന്നുള്ളതു ഒരു പരമാർത്ഥമാണ്. പരിയാരം മുതലായ സ്ഥലങ്ങളിൽ അതു പരീക്ഷിച്ചുനോക്കിട്ടുണ്ട്. വ്യക്തികൾ പോയി അവിടെ കൃഷി ചെയ്തതിൽ പരാജയപ്പെട്ടുവെങ്കിലും സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്തപ്പോൾ വിജയിക്കുകയാണുണ്ടായതു്. ജായിൻറ് ഫാമിംഗ് സൊസൈററികൾ മുഖേന കൃഷിചെയ്താൽ കൂടുതൽ വിളവുണ്ടാകും. അതിർവരമ്പില്ലാത്തതുകൊണ്ടു അത്രയും സ്ഥലംകൂടി കൃഷിചെയ്യാം. ഇൻഡ്യാഗവൺമെൻറ് നിയോഗിച്ച കാർഷികവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്, 50 ലക്ഷം ഏക്കർ സ്ഥലം വരമ്പുകൾ തട്ടിക്കളഞ്ഞാൽ ഇൻഡ്യയിൽ കൃഷിചെയ്യാൻ കൂടുതൽ കിട്ടുമെന്നാണ്. അത്രത്തോളം കൂടുതൽ ഉൽപ്പാദനം ഒരുമിച്ചു കിടക്കുന്ന സ്ഥലത്തു കൃഷി ചെയ്താലുണ്ടാകും. അതുകൊണ്ടു ജായിൻറ് ഫാമിംഗ് സൊസൈററികൾ ഏർപ്പെടുത്തി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കേണ്ടതാണ്. ഇന്നു നമുക്കു ഒരു സുവർണ്ണാവസരം കിട്ടിയിരിക്കുകയാണ്. ആ അവസരം പാഴാക്കരുതെന്നാണ് എനിക്കു പറയുവാനുള്ളതു്. ഞാൻ വേറൊരു ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു് ആർക്കെങ്കിലും ഭൂമികൊടുത്താൽ 10 കൊല്ലത്തേക്കു ഏലിനേഷൻ തടയണമെന്നാണ്. ആ ഭേദഗതി ഇതാണ്.

Amendment No. 1245. Add the following as sub-clause (4) to clause 69:—

"The land assigned under this section shall not be transferred for a period of ten years from the date of such assignment and any such transfer shall be null and void."

അതുകൊണ്ടു ആരും ഭൂമി വിററുകളയുകയില്ല. ശ്രീ. തൊമ്മൻ മലയോരങ്ങളിൽ ഇതിനുമുമ്പു പതിച്ചുകൊടുത്ത ആളുകളിൽ പലരും ആ ഭൂമി വിററുകളഞ്ഞതായി ഇവിടെ പ്രസ്താവിച്ചു. എൻെറ ഭേദഗതി സ്വീകരിച്ചാൽ അങ്ങനെ വിററുകളയുമെന്നു ഭയപ്പെടേണ്ട കാര്യമില്ല. സൊസൈററികൾക്കു സ്ഥലംകൊടുത്താൽ വിററുകളയുകയില്ല. കൃഷി അഭിവൃദ്ധിപ്പെടാൻ ഇടയുണ്ടുതാനും. അതിനാൽ എൻെറ 1245-ാം ഭേദഗതി ഗവൺമെൻറ് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ മററുപല സ്റ്റേററുകളിലും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. മൈസൂറിലും മററും ആ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാഗപ്പൂർ പ്രമേയത്തിലെ മറെറാരു കാര്യം അടങ്ങുന്ന ആ ഭേദഗതി സ്വീകരിക്കാനുള്ള അവസരവും ഇതാണ്. ഈ സമയം പാഴാക്കരുതെന്നാണ് എനിക്കു പറയുവാനുള്ളതു്. അതു പാഴാക്കിയതിനുശേഷം പാവങ്ങളോടു തങ്ങൾക്കു അനുഭാവമുണ്ടെന്നു പറഞ്ഞതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

ശ്രീ. എം. സി. ഏബ്രഹാം: സർ, ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൊണ്ടു ആവശ്യപ്പെടുന്നതു മിച്ചഭൂമി പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നും ആ ഭൂമി സഹകരണാടിസ്ഥാനത്തിൽ ഏൽപ്പിക്കണമെന്നുമാണ്. മിച്ചം കിട്ടുന്ന ഭൂമി ലാൻഡുബോർഡിനെ ഏൽപ്പിക്കാനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അവ പഞ്ചായത്തിനെ ഏൽപ്പിച്ചതുകൊണ്ടു് എന്തു ദോഷമാണുണ്ടാവുക? പഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ? അതിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. സി. ഏബ്രഹാം]

അവസരം കൊടുക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നതിനുശേഷം അധികാരവികേന്ദ്രീകരണത്തെപ്പററി വളരെ അധികം പറയാനുണ്ടു്. അതിലേക്കു് ഒരു ഡിസ്ട്രിക്റ്റ് കൗൺസിൽ ബിൽ കൊണ്ടുവന്നിട്ടുമുണ്ടു്. ആ നിലയ്ക്കു മിച്ചംവരുന്ന ഭൂമി എന്തുകൊണ്ടു പഞ്ചായത്തുകളെ ഏല്പിച്ചുകൂടാ? ഓരോ പഞ്ചായത്തതിർത്തിയിലുള്ള ഭൂമി പഞ്ചായത്തിനെ ഏല്പിച്ചുകഴിഞ്ഞാൽ അതുകൊണ്ടു ഒരു ദോഷവും വരാനില്ല. ഇന്നുതന്നെ ഇറിഗേഷനും മററും വേണ്ട പല കുളങ്ങളും പഞ്ചായത്തിനെ ഏല്പിച്ചിരിക്കുകയാണു്. പഞ്ചായത്തിനെ ഏല്പിച്ചിട്ടുള്ള കുളങ്ങളെല്ലാം അവർ നന്നായിട്ടു സൂക്ഷിച്ചുവരുന്നുണ്ടു്. അതുകൊണ്ടു് മിച്ചഭൂമി പഞ്ചായത്തിനെ ഏല്പിച്ചാൽ യാതൊരു അപാകതയും വരുവാൻപോകുന്നില്ല. പഞ്ചായത്തു അതിർത്തിയിലുള്ള കർഷകത്തൊഴിലാളികളേയും അഞ്ചു ഏക്കറിൽ താഴെയുള്ള ചെറുകിട കൃഷിക്കാരേയും എല്ലാം കൂട്ടിച്ചേർത്തു സഹകരണാടിസ്ഥാനത്തിൽ ആ ഭൂമി കൃഷി ചെയ്യുകയാണെങ്കിൽ ഭക്ഷ്യോല്പാദനം വളരെയധികം ഇവിടെ വർദ്ധിപ്പിക്കുവാൻ സാധിക്കും. മി. വിശ്വനാഥൻ പറഞ്ഞതുപോലെ പട്ടികജാതിക്കാരും ഭൂമിയില്ലാത്തവരുമായ കർഷകത്തൊഴിലാളികളും തങ്ങൾക്കു് ഭൂമി കിട്ടുമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയാണു്. ആ നിലയ്ക്കു് അധികാരത്തിലിരിക്കുന്ന ഗവണ്മെന്റിനെ താങ്ങിനിന്നാൽ ഭൂമി കിട്ടുമെന്നു വ്യാമോഹിച്ചു് അങ്ങനെയുള്ളവർ ഇരിക്കുവാനിടയുണ്ടു്. ഓരോ വ്യക്തിക്കും ഭൂമി കൊടുക്കുകയാണെങ്കിൽ അതു് ദീർഘകാലം അവരുടെ വകയായിതന്നെ വച്ചുകൊണ്ടിരിക്കുകയില്ല. നേരെമറിച്ചു പഞ്ചായത്തുകളെ ഏല്പിച്ചു് സഹകരണാടിസ്ഥാനത്തിൽ ആ ഭൂമിയിൽ കൃഷിനടത്തുകയാണെങ്കിൽ കർഷകത്തൊഴിലാളികൾക്കും ഭൂമിയില്ലാത്തവർക്കും അതുകൊണ്ടു് വളരെ പ്രയോജനം ഉണ്ടാകുന്നതാണു്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: സർ, മിച്ചമായിട്ടു കിട്ടുന്ന ഭൂമി എങ്ങനെ വിതരണം ചെയ്യണം എന്നുള്ളതിനെ സംബന്ധിച്ചാണു് ഇവിടെ ചർച്ചനടത്തിക്കൊണ്ടിരിക്കുന്നതു്. ഈ ഭാഗത്തിരിക്കുന്ന മെമ്പർമാർ എല്ലാവരും ഈ ഭൂമി പഞ്ചായത്തിനെ ഏല്പിച്ചു് സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നാണു് പറയുന്നതു്. അതിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതുതന്നെയാണു് എന്റെ ഭേദഗതി.

Delete what is contained in clause 69 and add the following instead:

"After reserving in each village the lands necessary for public purposes as required by Government the Land Board shall make over the remaining lands to agricultural co-operative in each village panchayat constituted of landless agricultural labourers and small holders formed in such manner as may be prescribed.

The form prescribed shall be laid before the Legislative Assembly for approval and such modifications."

ഇപ്പോൾ നിലനിൽക്കുന്ന ക്ലാസുപ്രകാരം ഈ ഭൂമി പല വിഭാഗത്തിലുംപെട്ട വ്യക്തികൾക്കായിട്ടു പലഭാഗങ്ങളിലായി ഭാഗിച്ചുകൊടുക്കുകയാണു്. വ്യക്തികൾക്കു് ഈ ഭൂമി വിതരണംചെയ്യുകയാണെങ്കിൽ നന്നായിട്ടു കൃഷി നടത്തുവാൻ സാദ്ധ്യമല്ലാതെ വരുകയാണു്. സഹകരണാടിസ്ഥാനത്തിൽ ഈ ഭൂമിയിൽ കൃഷി നടത്തണം എന്നുള്ളതു ഒരു പുതിയ പദ്ധതിയാണു്. കാൺഗ്രസ്സുകാർ നാഗപ്പൂർപ്രമേയംമൂലം സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനു സമ്മതിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടിയും, പി. എസ്സ്. പി.യും സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനു് എതിരല്ല. മിച്ചഭൂമി സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ അതു് നല്ലരീതിയിൽ കൃഷിചെയ്യുവാൻ സാധിക്കുകയുള്ളു. ഇന്നു ചെറുകിട്ടഭൂഉടമസ്ഥന്മാരായി കുറെ ആളുകളെ നാം പ്രഖ്യാപിക്കാൻപോകുന്നുണ്ടു്. എന്നാൽ ഭൂമിയില്ലാതെകണ്ടു കൃഷിചെയ്തു ജീവിക്കുന്ന കുറെ ആളുകളും നമ്മുടെ രാജ്യത്തുണ്ടു്. ഈ രാജ്യത്തെ ജന്മിമാർക്കും ചെറുകിടഭൂഉടമസ്ഥർക്കും വേണ്ടി ജോലിചെയ്യുന്ന—അദ്ധ്വാനിക്കുന്ന ആ വർഗ്ഗക്കാർക്കു് ഈ ബില്ലുകൊണ്ടു് ഒന്നും കിട്ടുന്നില്ല. ഇന്നു ഭൂമിയിൽ അവകാശമുണ്ടെന്നു പറയുന്നതായ ആളുകൾക്കെല്ലാം ഭൂമികൊടുക്കുന്നതിനു നാം നിയമനിർമ്മാണം ചെയ്തുകൊണ്ടിരിക്കുകയാണു്. സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനു് ആളുകളെ സംഘടിപ്പിക്കുമ്പോൾ ഇങ്ങനെ അദ്ധ്വാനിക്കുന്ന വർഗ്ഗക്കാരെക്കൂടെ ചേർത്തുകൊണ്ടായിരിക്കണം അതു സംഘടിപ്പിക്കേണ്ടതു്. ചെറുകിടഭൂവുടമസ്ഥരെ വേർതിരിച്ചു് നിറുത്തിക്കൂടാ. അതുപോലെ ഷെഡ്യൂൾഡു് വർഗ്ഗക്കാർക്കു് പ്രത്യേകമായിട്ടു് ഭൂമി കൊടുത്തു അവരെ പ്രത്യേകം തിരിച്ചുനിറുത്തിക്കൂടാ. ചെറുകിടക്കാരേയും അദ്ധ്വാനിക്കുന്നവരേയും ഭൂമിയില്ലാത്തവരേയും എല്ലാം കൂട്ടിച്ചേർത്തു് സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന ഒരു സമ്പ്രദായം ഇവിടെ തുടങ്ങേണ്ടയാവശ്യം ഉണ്ടു്. നാഗപ്പൂർപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ആളുകളെ എല്ലാം കൂട്ടിച്ചേർത്തു കൃഷിചെയ്യുവാൻ സാധിക്കുമോയെന്നുള്ള കാര്യത്തിൽ പലർക്കും അഭിപ്രായവ്യത്യാസം ഉണ്ടു്. സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുവാൻ സാദ്ധ്യമല്ലെന്നും വിത്തും വളവും സഹകരണാടിസ്ഥാനത്തിൽ വിതരണംചെയ്താൽ കൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നും അഭിപ്രായമുണ്ടു്. എന്നാൽ ഇവിടെ ഇരിക്കുന്ന എല്ലാ മെമ്പർമാരും ഗവണ്മെന്റുകക്ഷിയിൽപ്പെട്ടവരും അല്ലാത്തവരും മൊത്തത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായത്തോടു് അനുകൂലിക്കുന്നുണ്ടു്; അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കുന്നുണ്ടു്. അങ്ങനെ വിശ്വസിക്കുന്നുണ്ടെങ്കിൽ നിയമനിർമ്മാണനടപടികൾമൂലം സഹകരണാടിസ്ഥാനത്തിൽ ഈ ഭൂമികളിൽ കൃഷിനടത്തുവാൻ നാം ഉത്സാഹിക്കണം. ഈ ക്ലാസിൽ പറയുന്നവിധം ട്രൈബ്യൂണൽ ഭൂമി വിതരണംചെയ്തുകഴിഞ്ഞാൽ ഭൂമി വിതരണംചെയ്യുന്നതിൽ പല പക്ഷഭേദങ്ങളും വരുവാൻ ഇടയുണ്ടു്. ആർക്കായിരിക്കും ഈ ട്രൈബ്യൂണൽ ഭൂമി കൊടുക്കുന്നതെന്നു നമുക്കൊക്കെ അറിയാം. ഭൂമിയില്ലാത്തവർക്കു് ഭൂമികൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയാണു്. അതിന്റെ അടിസ്ഥാനതത്വം നാം എല്ലാം സ്വീകരിച്ചിട്ടുണ്ടു്. ഈ തത്വത്തിന്റെ ആദ്യത്തെപടിയായി അങ്ങനെയുള്ള ഭൂമി സഹകരണസംഘത്തെ ഏല്പിക്കുവാൻ ഗവണ്മെന്റു് തയ്യാറാകണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീമതി കുസുമം ജോസഫ്: സർ, കേരളസംസ്ഥാനത്തിലെ മുഖ്യമന്ത്രി അടക്കം കമ്മ്യൂണിസ്റ്റു പാർട്ടിയിലെ വൻതോക്കുകളെല്ലാം നാഗപ്പൂർ പ്രമേയത്തിന്റെ ആശയം അങ്ങേയററം സ്വീകരിക്കണം എന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. നാഗപ്പൂർപ്രമേയം ഭൂമിയെസംബന്ധിച്ചുള്ള ഒരു പ്രധാന പ്രമേയം ആണെങ്കിലും അതു നടപ്പിൽവരുത്തുവാൻ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിൽ പെട്ട ആളുകൾ യോജിച്ചു പ്രവർത്തിക്കുവാൻ തയ്യാറാകയില്ലെന്നും അവർ എന്നും മുരാച്ചിസ്വഭാവത്തിൽ നിൽക്കുകയേ ഉള്ളൂ എന്നും കമ്മ്യൂണിസ്റ്റു പാർട്ടി കാൺഗ്രസ്സിനെ വേണ്ടുവോളം ആക്ഷേപിക്കുകയുണ്ടായി. ഞാൻ ഇന്നു കമ്മ്യൂണിസ്റ്റു പാർട്ടിയെ വെല്ലുവിളിക്കുകയാണു്; നാഗപ്പൂർപ്രമേയം നിങ്ങൾ സ്വീകരിക്കുവാൻ തയ്യാറുണ്ടോയെന്നു്, നാഗപ്പൂർപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ കാൺഗ്രസ്സ് കക്ഷി ഭേദഗതി സ്വീകരിച്ചിരിക്കുകയാണു്. കമ്മ്യൂണിസ്റ്റുപാർട്ടി പുറപ്പെടുവിച്ച അഭിപ്രായം ആത്മാർത്ഥമായിട്ടുള്ളതാണെന്നും അതനുസരിച്ചു് അവർ പ്രവർത്തിക്കുന്നതാണെന്നും ഭാരതത്തിലെ എല്ലാ ആളുകളെയും മനസ്സിലാക്കുന്നതിനുവേണ്ടി ഈ ഭേദഗതി സ്വീകരിക്കണമെന്നു് മന്ത്രിയോടു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതി സ്വീകരിക്കുവാൻ കമ്മ്യൂണിസ്റ്റുപാർട്ടി തയ്യാറാകണമെന്ന അഭിപ്രായത്തോടു യോജിക്കുവാൻ ഞാൻ തയ്യാറല്ല. സഹകരണാടി

2/692/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

സ്ഥാനത്തിൽ മാത്രമേ കൃഷി വികസിപ്പിക്കുവാൻ സാദ്ധ്യമുള്ളു എന്നുള്ള കാര്യത്തിൽ തർക്കമില്ല. മിച്ചഭൂമി വ്യക്തികൾക്ക് വിതരണം ചെയ്യുവാൻ പാടില്ലെന്നു പറഞ്ഞാൽ അതെത്രത്തോളം സാദ്ധ്യമാണെന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സഹകരണാടിസ്ഥാനത്തിലേയ്ക്കുള്ള ആദ്യപടിയായി ഇതു സ്വീകരിച്ചുകൂടെ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മൂന്നുനാലു കാര്യങ്ങളിൽ ഈ കൃഷിസമ്പ്രദായത്തോട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിയോജിപ്പുണ്ട്.

Shri T. A. Thommen: I have moved amendment No. 1237. The amendment is to substitute for the existing clause 69 the following :—

> "The Land Board may after reserving in each village the lands necessary for public purpose assign the balance of the lands vested in the Government to village panchayats under whose jurisdiction the lands are situated. The lands so vested in the panchayats shall subject to such rules as may be made by the Government in this behalf be managed by joint co-operative farming societies consisting of cultivators who do not possess any land or possess below 5 acres of land".

This is in consonance with the Nagpur resolution. The Nagpur resolution of the Congress is more in the shape of directive principles rather than details. The directive principles of the resolution are (1) as far as possible cultivation on surplus lands may be done by co-operative farming societies of landless labourers and (ii) the surplus lands may be vested in Village Panchayats. These are the two principles adopted in the Nagpur resolution of the Congress. That resolution does not deal with the details. How those two factors are to be worked out? That is left to the States concerned, and the people concerned have to work out the details. But the principles are there. The principles are that the excess lands which are proposed to vest with Government when ceiling is imposed, should be vested with the Panchayats and secondly that the Panchayats should see that the cultivation is carried on by co-operative farming societies and that these societies should consist of cultivators who do not possess any land or who possess below five acres of land. I cannot understand the difficulty on the part of Government to adopt these two principles. I would say, Sir, when almost all the States in India are enacting laws on similar lines, why should we alone adopt a different pattern? It would be better that in legislation, especially with regard to land, we have an All India pattern. It may not be possible that we should have the same pattern in all the details. In details we may differ, but on the general principles it is better to have an All India pattern. I would say that the Government should accept this amendment. Of course

LIBRARY ARCHIVES Kerala Legislative Assembly

it is a test-stone when the Government and the party say that they are for the Nagpur resolution. If the Government stand by the Nagpur resolution, it is for the Government to accept these two fundamental principles. So, I hope that the Minister will duly consider this aspect of this problem.

Shri M. Umesh Rao: Sir, I have moved amendment No. 192 That only makes a proposal for distribution in a different manner than what is proposed in the original clause; while the broad outlines are the same, the shares are not the same nor the percentage of shares the same. I am emboldened to say some thing in support of this for various reasons. One is, a few minutes ago, the hon. Minister was pleased to remark that there was nothing to prevent her from accepting reasonable amendments. The second reason is, I find from amendment No. 1226 by Shri E. Chandrasekharan Nair........

[5 p. m.]

Mr. Speaker: It has not been moved.

Shri. M. Umesh Rao: But, however it imports the very additional proposal that is made by me, i. e., in that amendment item No. (iii) is "ten percent of the lands for assignment shall be assigned to landholders who possess below five acres of double crop nilam or its equivalent." So, he has thought of landholders who might be deprived of their land on account of the implementation of various provisions of this Bill, and he has considered that it might be necessary to have some solatium or consolation prize to be given to them.

Thirdly, I would say that Clause 68 that we have passed is so wide that "any person who does not possess any land or possess only less than five acres of double crop nilam or its equivalent may apply to the Land Board for assignment of lands to him." Taking the wording of that clause, as it is, I wish to state this. Suppose a landholder who might be a pretty big landholder owning some 25 acres, has, as a result of the implementation of the provisions of this Bill, become landless; he has only his house and garden and one acre of fields or not even that. Such a person can also be included. The qualifications mentioned in this clause are to be possessed by the applicant at the time of application. Any person who does not possess land or possesses only less than five acres at the time of his application may apply to the Land Board for assignment of lands to him. If he possesses land above 5 acres, that is a disqualification. Now we find that in clause 69, the case of a landlord who was a big landlord or at least not a small landlord and who by the working of this Act has become landless, is not provided for. According to the provision there, we find that fifty percent of the lands for assignment shall be assigned to agricultural labourers; twenty five percent of the lands for assignment shall be assigned to small holders who are not entitled to resume any land. By the expression there "small

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

holders who are not entitled to resume any land" I think, I am justified in taking it that it refers to small holders who were small holders before the changes that are going to be effected by the various provisions of the Act are completed. Such small holders only, they mean there. Then, 25 per cent is to be assigned to cultivators who do not possess any land or possess below five acres of double crop nilam or its equivalent. Whether the landlords that I think of can come under this category, is doubtful; because as I have been saying, as things stand at present, there are certain landlords who are really cultivators and nothing else, but because somehow or other they happen to possess a good number of acres of land, they thought that they need not take to cultivation directly; they thought that it would be more dignified to continue as landlords. Now, since they cannot resume their lands, they are put to hardship. I can just think of at least 10 or 15 people whom I know, who are at present landowners having 25 acres or 20 acres. But after this Bill is enforced, they will have not a cent of land for cultivation; they will be left with only a house and garden in which they live. For such people, why should we not make a provision? Are they not shut out in the three categories that are described here? That is my attitude. I am not only doubt, but I feel sure that a landlord of the type that I have described cannot be brought under these three categories. So, I have mentioned in my amendment No. (ii) in the list, their case. What I have suggested is, 25 per cent may be set apart for such landlords and 25 per cent for small holders. In regard to small holders, from what provisions we have passed about them, I doubt very much whether there will be very many small holders who will need to apply for assignment of land; there may be some who have some land, but not up to 5 acres. However, I would request that some provision may be made in this clause for allotment of land to the landlords of the type I have described.

Mr. Speaker : Now the hon. Minister has to reply. Why not that be done on Monday?

Shri K. K. Viswanathan : This can be voted upon. If it is postponed for Monday, she may forget all our arguments.

Shri Ponnara G. Sreedhar : I have not spoken on my amendment.

Mr. Speaker : Which amendment?

Shri Ponnara G. Sreedhar : Amendment No. 1235.

Mr. Speaker : Yes; it stands moved. So before the Minister replies, you want that you must be given a chance to speak?

Shri Ponnara G. Sreedhar : That is all.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ ശ്രീധരുടെ അമെൻറമെൻറിന്, ഒരു അമെൻറമെൻറിൻെറ സ്വഭാവം അതിലില്ല,

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതുതന്നെ മററുള്ളവർ കുറെ നീട്ടിയെഴുതി, ഞാൻ കുറെ കുറച്ചെഴുതി എന്നേയുള്ളു.

ശ്രീമതി. കെ. ആർ. ഗൗരി: പ്രസംഗിക്കാനുള്ളവരെല്ലാം പ്രസംഗിച്ചു കഴിഞ്ഞാൽ തിങ്കളാഴ്ച എനിക്കു മറുപടി പറയാം.

മിസ്റ്റർ സ്പീക്കർ: പക്ഷെ, ഈ ക്ലാസ്സിനെ സംബന്ധിച്ചുള്ള എല്ലാം വാദഗതികളും പറഞ്ഞുകഴിഞ്ഞിട്ടാകാം എന്നു വച്ചു. ബഹുമാനപ്പെട്ട മെമ്പർ ശ്രീധറിനു പറയാനുള്ളതു പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: വാസ്തവത്തിൽ ഇതിൽ കൂടുതലായി ഇൻസൾട്ടിംഗായിട്ടു ഒന്നും വരാനില്ല. മററുള്ള സ്നേഹിതന്മാർ പറഞ്ഞ വാദഗതികളേ എനിക്കുള്ളു എന്നു പറഞ്ഞാൽ അതു വേണമെങ്കിൽ സംസാരിച്ചോളു എന്നു പറഞ്ഞാൽ... ....

Mr. Speaker: Any way, I think, the House is now extremely tired.

Smt. K. R. Gouri: Let him have his say today itself, so that I can reply on Monday.

Mr. Speaker: Then Shri Sreedhar may speak; there are 25 minutes more.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവിടത്തെപ്പോലെയുള്ള ആളുകൾ ഇരിക്കുന്ന സ്ഥാനത്തിരുന്നുകൊണ്ട് ഇങ്ങനെ പറയുന്നതു വളരെ സങ്കടമാണ്. വേണമെങ്കിൽ സംസാരിച്ചോളു എന്നും മററുമുള്ള അർത്ഥത്തിൽ പറഞ്ഞാൽ എനിക്കിവിടെ സംസാരിക്കണമെന്നോ എൻെറ സംസാരം ഒരു ഇടസ്ത്രം വരണമെന്നോ ഉള്ള ആഗ്രഹം കൊണ്ടല്ല. അതു വരുമെന്നുള്ള തെററിദ്ധാരണയും എനിക്കില്ല. കാരണം എനിക്കു അതിനു തക്ക സൗകര്യമുള്ള പത്രങ്ങളുമില്ല. പിന്നെ എന്തെന്നുവച്ചാൽ എൻെറ കടമ നിർവ്വഹിക്കണമെന്നുള്ളതുമാത്രം. അതു പേരോ പ്രസിദ്ധിയോ നോക്കീട്ടുള്ള വിചാരംകൊണ്ടല്ല; ഞാനെൻെറ കടമ നിർവ്വഹിക്കണം എന്നുമാത്രം. അല്ലെങ്കിൽ ഇതിലും നല്ല ജോലികൾ ചെയ്യാനുണ്ടല്ലോ. അതുകൊണ്ടതു ചെയ്യുന്നു. മറെറാരുദ്ദേശത്തോടുകൂടിയാണെന്നു അവിടുന്നു ധരിക്കരുത്.

സർ, എൻെറ ബഹുമാന്യസ്നേഹിതൻ ശ്രീമാൻ നമ്പ്യാർ കൊണ്ടുവന്ന ആ വാദഗതികൾ തന്നെ എനിക്കും പറയാനുള്ളു. എന്നിരുന്നാലും എനിക്കു കോവാപ്പറേററീവ് ഫാമിംഗ് സൊസൈററിയെക്കുറിച്ചു ഒന്നുരണ്ടു കാര്യം പറയാനുണ്ട്. കോവാപ്പറേററീവ് ഫാമിംഗ് സൊസൈററി എന്നു പറഞ്ഞാൽ അതു ഏതുതരത്തിൽ പ്രവർത്തിക്കണം എന്ന് അധികാരത്തിലിരിക്കുന്ന കക്ഷിയിൽപ്പെട്ട ചില ആളുകളും ഈ ഭാഗത്തിരിക്കുന്ന ചില ആളുകളും പറയുന്നതു കേട്ടു. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഒരു ഭേദഗതി കൊണ്ടുവന്നു. മിസ്റ്റർ ടി. കെ. രാമകൃഷ്ണനും ഒരു ഭേദഗതി കൊണ്ടുവന്നു; പ്രസംഗിക്കുകയും ചെയ്തു. പ്രത്യേകം കോവാപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കുന്നതിൽ വിരോധമില്ല. അതായത് കായൽ നിലങ്ങളും കോൾ നിലങ്ങളും കോവാപ്പറേററീവ് അടിസ്ഥാനത്തിൽ കൃഷി ചെയ്യാമെന്നു അദ്ദേഹം പറഞ്ഞു. അതുപോലെയുള്ള സ്ഥലങ്ങൾ ഇവിടെ ഒന്നുമില്ല. ഈ രാജ്യത്തു വിതരണം ചെയ്യുന്ന ഭൂമി കോവാപ്പറേററീവ് അടിസ്ഥാനത്തിൽ നടത്തുന്നതിനു ഈ ഭാഗത്തുനിന്നും മിസ്റ്റർ വിശ്വനാഥൻ സൂചിപ്പിച്ചതിൽനിന്നും മനസ്സിലാകുന്നതു് പാടശേഖരമായിട്ടു പത്തോ അഞ്ഞൂറോ ഏക്കറൊരുമിച്ചു കിടക്കുന്ന സ്ഥലത്തുമാത്രമെ അത്തരം കൃഷി നടത്താവു എന്നാണ്. അതിൻെറ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

കുറെ അധികം സ്ഥലം നമുക്കുണ്ടെങ്കിൽ മാത്രമെ കോവാപ്പറേറ്റീവ് ഫാമിംഗ് നടത്താൻ സാധിക്കയുള്ളു എന്നാണ്. നമുക്ക ഒരുമിച്ചു സ്ഥലം കിട്ടുകയില്ല. നമുക്കിനിയും തുണ്ടുകളായേ ഭൂമി കിട്ടുകയുള്ളു. അതു ഇനിയും കുറച്ചേ കിട്ടാനുള്ളു. ഈ ബില്ലു കൊണ്ടുവന്നതുമൂലം ബഹുസഹസ്രം സാധുക്കളും തെറ്റിദ്ധരിച്ചിരിക്കുകയാണ്. അവർ ധരിച്ചിരിക്കുന്നതു നമുക്ക സ്വർഗ്ഗം ഇവിടെ ഉണ്ടാകാൻ പോകുന്നു എന്നുള്ളതാണ്. ആ ഒരു ധാരണയിലാണവർ കഴിഞ്ഞുകൂടുന്നതു്. നമുക്ക ഒരുമാതിരി കഴിഞ്ഞുകൂടുന്നതിനു അഞ്ചേക്കർ ഡബിൾ ക്രാപ്പുനിലമെങ്കിലും വേണം. എന്നാൽ മൂന്നേക്കർ മതി എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഞാൻ യഥാർത്ഥത്തിൽ വളരെ സന്തോഷിക്കുകയാണ്. ഇന്നു അഞ്ചേക്കർ ഇരുപ്പൂനിലമുള്ള ആളുകൾ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഇരുന്നൂറുപേർ കാണും. നമുക്കുള്ള കണക്ക വച്ചുനോക്കുകയാണെങ്കിൽ അവർ ഇവിടത്തെ വലിയ ഗൃഹസ്ഥന്മാരാണ്.

തിരുവനന്തപുരത്തെ സ്ഥിതി ഇതാണെങ്കിൽ, ഈ രാജ്യത്തു മറ്റു സ്ഥലങ്ങളിലും വളരെ വ്യത്യസ്തമാണെന്നു പറഞ്ഞുകൂടാ. എന്റെ അഭിപ്രായത്തിൽ ഒരുവിധം അരിഷ്ടിച്ചു ജീവിക്കുന്നതിനു് മൂന്നേക്കർ സ്ഥലം മതിയാകും. ഉള്ള ഭൂമി കോവാപ്പറേറ്റീവ് അടിസ്ഥാനത്തിൽ കൃഷിനടത്താൻ സാധിക്കുമോ എന്നുചോദിച്ചാൽ കഴിയുന്നിടത്തോളം നടത്താമെന്നുമാത്രമേ പറയാൻ സാധിക്കു. ശ്രീ. വിശ്വനാഥനും, മറ്റു സുഹൃത്തുക്കളും പറയുന്നതുപോലെ, മലംപ്രദേശങ്ങൾപോലെ കൂടുതൽ ഏക്കർ സ്ഥലം കിട്ടിയാൽ മാത്രമെ കോവാപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റികളുടെ അടിസ്ഥാനത്തിൽ കൃഷി നടത്താവൂ എന്ന അഭിപ്രായം എനിക്കില്ല. ഇന്നത്തെ നമ്മുടെ കോവാപ്പറേറ്റീവ് സൊസൈറ്റികൾ അധികവും, ശരിയായ സഹകരണതത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ല. ഇന്നത്തെ പല സംഘടനകളും ചിലർ പ്രത്യേക താല്പര്യക്കാർ തങ്ങളുടെ ആവശ്യങ്ങൾക്കവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. ഈ നാട്ടിലെ കൃഷിക്കാരെ സംഘടിപ്പിച്ചു്, കോവാപ്പറേറ്റീവ് സംഘടനകൾ വഴി കൃഷി നടത്താനുള്ള ശ്രമം നടത്തിയാൽ അതു കൂടുതൽ കാര്യക്ഷമമായിരിക്കും. ഫാമിംഗ് സൊസൈറ്റികൾ ഗവണ്മെന്റ നേരിട്ടു നടത്തുകയോ, അല്ലെങ്കിൽ ഗവണ്മെന്റ സഹായത്തോടുകൂടി കർഷകർ തന്നെ അംഗമായിട്ടുള്ള സഹകരണസംഘങ്ങൾ വഴി നടത്തുകയോ വേണം. അല്ലാതെ വ്യക്തികളെ ഏല്പിച്ചാൽ വിജയിക്കുകയില്ല; പല കുഴപ്പങ്ങളും ഉണ്ടാകും. ഗവണ്മെന്റിൽ വെസ്റ്റു ചെയ്യുന്ന ഭൂമിയിൽ അൻപതുശതമാനം അഗ്രികൾച്ചറൽ ലേബറേഴ്സിനും, ഇരുപത്തഞ്ചു ശതമാനം ഭൂമിയില്ലാത്ത അഗ്രികൾച്ചറൽ ലേബറേഴ്സിനും, അതായതു് പട്ടികജാതിയിലോ, വർഗ്ഗത്തിലോ ഉൾപ്പെട്ടവർക്കും കൊടുക്കണമെന്നാണ് ഇതിൽ പറയുന്നതു്. ക്ലാസ്സ്, 69 (3)-ൽ ഇരുപത്തഞ്ചു ശതമാനം ഭൂമി, ഭൂമി കൈവശമില്ലാത്തവരോ അഞ്ചേക്കറിൽ കുറവായ ഇരുപ്പൂനിലമോ തത്തുല്യമായ ഭൂമിയോ ഇല്ലാത്തവരോ ആയ കൃഷിക്കാർക്കവേണ്ടി മാറ്റിവയ്ക്കണമെന്നു പറയുന്നു. ഇതിലെ മൂന്നു സബ്ക്ലാസ്സുകളും ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഒന്നും, രണ്ടും, മൂന്നും സബ് ക്ലാസ്സുകളിൽ പറഞ്ഞിരിക്കുന്നതു പരിശോധിച്ചാൽ, വലിയ ആവശ്യമുള്ളതായി തോന്നുന്നില്ല. അതു ഡിലീറ്റു ചെയ്തിട്ടു് എന്റെ ഭേദഗതി ആ സ്ഥാനത്തു ചേർക്കണമെന്നാണ് എനിക്ക പറയാനുള്ളതു്. എന്റെ ഭേദഗതി ചേർത്താൽ ഇങ്ങനെ വരും:

'The Land Board may after reserving in each village the lands necessary for public purposes, assign the balance of the lands vested in the Government under section 60 to Co-operative societies that are prepared to take up Co-operative farming on such land''

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള ഭാഗം എടുത്തുകളയുന്നതുകൊണ്ടു് എന്തെങ്കിലും കുഴപ്പമുണ്ടെന്നു തോന്നുന്നില്ല. ഇതിൽ ചേർത്തിരിക്കുന്നതിൽ, 25 ശതമാനം എന്നു ചേർത്തിരിക്കുന്നതു എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. അതിൽ ഷെഡ്യൂളിൽ ചേർത്തിരിക്കുന്നതുപോലെ ആദ്യത്തെ പതിനയ്യായിരത്തിനു് 60 ശതമാനം, പിന്നെ, 55 ശതമാനം, അതുകഴിഞ്ഞു് 50 ശതമാനം എന്നൊക്കെ ഒരു തോതു വച്ചിട്ടുണ്ടു്. അതു് എന്തടിസ്ഥാനത്തെ ആസ്പദമാക്കിയാണെന്നു മനസ്സിലായില്ല.

സർ, ഇതോടുകൂടി എനിക്കു മറ്റൊരു കാര്യം പറയാനുണ്ടു്. എക്സ്പ്ലനേഷന്റെ ആവശ്യം എന്താണെന്നു് മനസ്സിലാകുന്നില്ല. അഗ്രികൾച്ചറൽ ലേബർക്കു കുറച്ചു ലാൻഡേ ഉള്ളു എങ്കിലും അയാൾക്കു ഭൂമി കൊടുക്കാമെന്നു പറയുന്നുണ്ടു്. കുടികിടപ്പുകാരനു് വേറെ വസ്തു കൃഷിചെയ്യാൻ ഉണ്ടെങ്കിൽ, കുറച്ചു വസ്തുവേ ഉള്ളു എങ്കിൽ, അയാൾ കുടികിടപ്പുകാരനാണെന്നുള്ള കാരണത്താൽ അഗ്രികൾച്ചറൽ ലേബർ ആകുന്നതെങ്ങനെയാണു് ? അതല്ല ഞാൻ ഉദ്ദേശിക്കുന്നതു്. അയാൾക്കു വസ്തു വേറെ ഇല്ലെങ്കിൽ അയാൾ അഗ്രികൾച്ചറൽ ലേബർ ആണു്. കുടികിടപ്പുകാരനു് വേറെ വസ്തുകൂടിയുണ്ടെങ്കിൽ അയാൾ സ്മാൾ ഹോൾഡർ ആകും. ആ സ്ഥിതിക്കു് ഈ വിശദീകരണത്തിന്റെ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

സർ, സബ് ക്ലാസ്സ് രണ്ടിനെയും ഞാൻ എതിർക്കുകയാണു്. കേരളത്തിന്റെ ഇന്നത്തെ സ്ഥിതിക്കു് 5 ഏക്കർ ഡബിൾ ക്രാപ്പ് നിലം കൊടുക്കാൻ സാധിച്ചില്ലെന്നു വരും. അങ്ങനെവരുമ്പോൾ ആകപ്പാടെ വസ്തു നാം വിചാരിക്കുന്നതുപോലെ ആളുകൾക്കു വിതരണം ചെയ്യാൻ സാധിക്കാതെ വരും. ഭൂമി വളരെ കുറച്ചേ കാണുകയുള്ളു. കിട്ടുന്ന കുറച്ചു ഭൂമികൊണ്ടു് എല്ലാവർക്കും കൊടുക്കാൻ സാധിക്കാതെ വരും. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, മൂന്നേക്കർകൊണ്ടു്, അതായതു് 15 പറ നിലം കൃഷികൊണ്ടു് ഒരുവിധം ഒരു കുടുംബത്തിനു് വലിയ സുഭിക്ഷമായിട്ടല്ലെങ്കിലും, അരിഷ്ടിച്ചു് ജീവിക്കാൻ സാധിക്കും. മാത്രമല്ല, 5 ഏക്കർ എന്നു വച്ചാൽ, ലാൻഡുബോർഡിന്റെയും ലാൻഡു ട്രിബ്യൂണലിന്റെയും ഇന്നത്തെ ഘടനയുടെ സ്വഭാവം കൊണ്ടു് ചിലർ കൂടുതൽ സ്വാധീനം ചെലുത്തി ഏതെങ്കിലും പ്രത്യേക പാർട്ടിയിൽപ്പെട്ടവർക്കു് തന്നെ ഭൂമി കിട്ടിയെന്നും വരും. ചില പാർട്ടിയിൽ ഉള്ളവർക്കു് അവർ അർഹരാണെങ്കിലും കിട്ടാതെ വരാനും സാദ്ധ്യതയുണ്ടു്.

സർ, ഞാൻ ഇന്നുതന്നെ എന്റെ പ്രസംഗം അവസാനിപ്പിച്ചേക്കാം. ദീർഘിപ്പിക്കുമെന്നു തെറ്റിദ്ധരിക്കേണ്ട. അഞ്ചേക്കർ എന്നുള്ളതു് മൂന്നേക്കർ എന്നു ഭേദഗതി ചെയ്യുന്നതു കൊള്ളാം. എന്റെ ഭേദഗതി സ്വീകരിച്ചിട്ടു് ബാക്കിയുള്ള സബ് ക്ലാസ്സ് ഡിലീറ്റുചെയ്യണം. അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ടാക്കി അവർക്കു മാത്രമേ ഭൂമി കൊടുക്കാവൂ. അങ്ങനെ കൊടുക്കുന്നതായിരിക്കും യഥാർത്ഥത്തിൽ നാട്ടിന്റെ നന്മയ്ക്കും ക്ഷേമത്തിനും നല്ലതു്. രാജ്യക്ഷേമം ഉദ്ദേശിക്കുന്ന ഏതു ഗവൺമെന്റും അതേ ചെയ്യാൻ പാടുള്ളു. യഥാർത്ഥ കർഷകരെയും കർഷകത്തൊഴിലാളികളെയും ഉൾപ്പെടുത്തി, സഹകരണ സൊസൈറ്റികൾ ഉണ്ടാക്കി കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Speaker : Order, order. The House will now adjourn and meet again on Monday, the 8th June.

The Assembly adjourned at 5-30 p. m. to meet again at 8 a. m. on Monday. the 8th June 1959.